എന്റെ സ്നേഹിതൻ നെൽസനെ നീ അറിയുമല്ലോ. അവൻ മാത്രമേ ഈ വിവരമറിഞ്ഞുള്ളു. എന്റെ കഥയെല്ലാം അവനറിയാം താനും. കുറച്ചു ദിവസത്തിനുശേഷം നെൽസൺ എന്നോടു പറഞ്ഞു.

"നിന്റെ കാർഡു് ഇന്ദിരയ്ക്കു കിട്ടി."

"ഓഹോ, എന്നിട്ടു്."

"അവർ കുറെ കരഞ്ഞുവത്രെ."

"ഹെന്തു്!"

"'എനിക്കു മാത്രമേ കാർഡയക്കുവാൻ അയാൾ, കണ്ടുള്ളോ', എന്നും മറ്റും പറഞ്ഞുവത്രെ."

ഞാനത്ഭുതസ്തബ്ധനായി. എന്തു്? ക്രിസ്തുമസ്സു് കാർഡു് കിട്ടിയതിനു കരയുകയോ? ഈ സ്ത്രീകൾ എന്തു കൂട്ടരാണു്! അവർ ചെയ്യുന്നതൊന്നും മനസ്സിലാകില്ല. കരയേണ്ടിടത്തു ചിരിക്കും; ചിരിക്കേണ്ടിടത്തവർ കരയുകയും ചെയ്യും. ആ സംഭവമെന്നെ വളരെ വേദനപ്പെടുത്തി. എന്റെ ഉദ്ദേശശുദ്ധി

യെ തെററിദ്ധരിച്ചതിൽ ഖേദമുണ്ടെന്നും, അവരിലുള്ള കലാപാടവത്തെ ബഹുമാനിക്കുന്നതുകൊണ്ടാണ്, ഇങ്ങനെയൊരു സാഹസത്തിനു മുതിർന്നതെന്നും കാണിച്ചു ഞാൻ ഇന്ദിരക്കൊരു എഴുത്തയച്ചു. ഇതൊന്നുമല്ല കാരണമെന്നും, യാഥാർത്ഥ്യം വേറെയാണെന്നും, ഞാനന്നും മനസ്സിലാക്കിയില്ല. ആ എഴുത്തു അവളുടെ കൂട്ടുകാരികളെല്ലാം കണ്ടെന്നു തോന്നി. എന്തായാലും കാര്യം കുറച്ചു പരസ്യമായി.

അങ്ങനെ ഞാനവൾക്കടിമപ്പെടുകയായിരുന്നു. പുരുഷനെ അടിമപ്പെടുത്തുന്നതിലാണല്ലോ സ്ത്രീയുടെ വിജയം. എന്റെ രണ്ടാമത്തെ കത്തു കിട്ടിക്കഴിഞ്ഞിട്ടും, അവളെന്നോടടുക്കുന്ന മട്ടുണ്ടെന്നു തോന്നിയില്ല. എന്റെ മൂന്നാമത്തെ എഴുത്തയച്ച് രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഞാൻ ഡയറിയിലെഴുതി: '....എന്നോടുള്ള മനോഭാവത്തിനു, സ്വല്പമൊക്കെ മാററം വന്നിട്ടുണ്ടെന്നു തോന്നുന്നു.....”

പിന്നത്തെ ദിവസം ഡയറിയിൽ.

'സ്ത്രീ! അവളെന്തൊരു മാസ്മരശക്തിയാണ്!'

പ്രേമം മധുരമാണ്, അതേ സമയം വേദനിപ്പിക്കുന്നതുംകൂടിയാണ്. അവളെ സ്നേഹിക്കുന്നുണ്ടെന്നുള്ള പരമാർത്ഥമറിഞ്ഞപ്പോൾ തൊട്ട് എനിക്കൊരു സ്വസ്ഥതയുമില്ല.

ഒരു ദിവസത്തെ ഡയറി 'ഇന്നു ഓഫീസ് വിട്ടപ്പോൾ ആദ്യത്തെ ബസ്സിൽ ഇന്ദിര ഉണ്ടായിരുന്നില്ല. ഉണ്ടാകുമെന്നു വിചാരിച്ചാണ് ഞാൻ കയറിയതു്. ഏതായാലും അടുത്ത ബസ്സുകൂടി കാത്തുപോകാമെന്നു വിചാരിച്ചു, അവൾ സാധാരണയായി ഇറങ്ങുന്നിടത്തു ഞാനിറങ്ങി. പ്രതീക്ഷക്കനുസരണമായി അടുത്തതിൽ ഇന്ദിര ഉണ്ടായിരുന്നു. ഞങ്ങൾ പരസ്പരം കണ്ടു. അവളെ കാത്താണ് ഞാൻ നിന്നിരുന്നതെന്നു അവൾക്കു മനസ്സിലായെന്നു തോന്നുന്നു. അവൾ നടന്നു തുടങ്ങി. ആദ്യത്തെ വളവു തിരിഞ്ഞപ്പോൾ, ഇന്ദിര, സ്വപ്നം കാണുന്ന അവളുടെയാകൊച്ചു കണ്ണുകളുടെ, സകല മനോഹാരിതകളോടുംകൂടി എന്നെ തിരിഞ്ഞൊന്നു നോക്കി. ഉള്ളങ്കാലിൽ മുള്ളു തറച്ചുവെന്ന വ്യാജേനയല്ല; ഉടുപുടവ വൃക്ഷത്തിൽനിന്നു വിടുത്തുന്ന ഭാവേനയുമല്ലായിരുന്നു. സ്വാഭാവികമായ ആഗ്രഹത്തിന്റെ അടക്കാൻ വയ്യാത്ത പ്രേരണ മനഃപൂർവ്വമാണെന്നാണെനിക്കു തോന്നിയതു്. ഏതായാലും ആ നോട്ടം ആശാവഹമായിരുന്നു....'

രാജവീഥികളിലിടയ്ക്കുള്ള തമാശരംഗങ്ങൾ പോലെയായിരുന്നു, ഈ നോട്ടങ്ങളും ആശകളുമെല്ലാം. ഭാവി എന്റെ മുമ്പിൽ ഒരു ചോദ്യചിഹ്നമായിരുന്നു. ഞങ്ങളുടെ ജാതികളായിരുന്നു എന്നെ കൂടുതൽ ഭയപ്പെടുത്തിയിരുന്നതു്. സമുദായ ദൃഷ്ടിയിൽ അവൾ എന്നേക്കാൾ ശ്രേഷ്ഠയാണ്. പഴമയിൽനിന്നു് ഒരിഞ്ചുപോലും പുരോഗമിക്കാത്ത ഒന്നായിരുന്നു അവളുടെ ജാതി. ഭാവിയെപ്പററി ഞാൻ കാര്യമായി ചിന്തിച്ചുതുടങ്ങി. ഡയറിയിൽ: '....ഒന്നു തീർച്ചപ്പെടുത്തി. എന്റെ ഭാവിജീവിതം ഇന്നത്തെ സാമൂഹ്യനില പരിഷ്കരിക്കുന്നതിനായിരിക്കും വിനിയോഗിക്കുക....'

കലണ്ടറിലെ താളുകൾ പലതും മറിഞ്ഞുകൊണ്ടിരുന്നു. ഡയറി: 'ഇന്ദിര ഇന്നു കൂടുതൽ മനോഹരിയായിത്തോന്നി. സദാപി അവളുടെ മുഖത്തു ഇപ്പോളൊരു പുഞ്ചിരി കളിയാടുന്നുണ്ട്. എന്താണാവോ കാരണം? വളരെ അപൂർവ്വമായിട്ടു മാത്രമേ അവൾ ചിരിക്കുന്നതു് ഞാൻ കണ്ടിട്ടുള്ളു. ഇപ്പോൾ ഈ മാററത്തിന്റെ കാരണമറിയുവാൻ എനിക്കൗത്സുക്യമുണ്ട്. ഞാൻ മൂലമാണെങ്കിൽ....? ഓ, അത്രയും ഭാഗ്യമുണ്ടെന്നു ഞാൻ കണക്കാക്കിയിട്ടില്ല. എങ്കിലും അവളിന്നെന്നെ പുഞ്ചിരിയിട്ടുകൊണ്ടു ഒന്നു നോക്കിയപ്പോൾ നിലാവു കണ്ട നെയ്യാമ്പലിനെപ്പോലെ നൃത്തം ചവിട്ടിയാൽ കൊള്ളാമെന്നെനിക്കു തോന്നി.'

എന്റെ പ്രേമബന്ധത്തെപ്പററിയറിഞ്ഞ ചിലർ എന്നെ അവളുടെ മുമ്പിൽവച്ചും അല്ലാതെയും കളിയാക്കാൻ തുടങ്ങി. ഞാനതിലെല്ലാം അനിഷ്ടം നടിച്ചിരുന്നുവെങ്കിലും, ആഴമേറിയ ഒരു ജലാശയത്തിൽ വേനൽക്കാലത്തു അടിയിൽ കുളിർമയും മേൽഭാഗത്തു ചൂടുമായിരിക്കുന്നപോലെ, എന്റെ

ഹൃദയത്തിൽ സന്തോഷവും, പുറമേ പരിഭവവും കലർന്നിരുന്നു.

മഴവില്ലു വിടരുന്ന മാനത്തിനു മുകളിലും ആശകൾ പറന്നു പൊങ്ങാറുണ്ടല്ലോ. ചുണ്ടിൽ പുഞ്ചിരിപൊഴിയ, കണ്ണിൽ നീലിമയെഴുതിയ, അംഗത്തിൽ അതിപുഷ്ടി വരുത്തിയ, ആ, ജീവനുള്ള കവിത കാണുവാൻ എന്റെ ആഗ്രഹം കൂടിവരികയായിരുന്നു.

അങ്ങനെ അതും സംഭവിച്ചു. ഒരുദിവസം ഇന്ദിരയെ ഒററയ്ക്കു കണ്ടുമുട്ടുവാനുള്ള സന്ദർഭം എനിക്കുണ്ടായി. ആ സമയം ഞാൻ പാഴാക്കിയില്ല. വലിയ മുഖവുരക്കൊന്നും നില്ക്കാതെ, പുരുഷൻ സ്ത്രീയോടു പറയുവാനാശിക്കുന്നതും, സ്ത്രീ കേൾക്കുവാൻ കൊതിക്കാറുള്ളതുമായ ആ വാക്യം ഞാനവളോടു പറഞ്ഞു.

“ഞാൻ നിങ്ങളെ സ്നേഹിക്കുന്നു.”

“എന്നോടൊന്നും പറയേണ്ടാ.”

ഞാൻ തരിച്ചിരുന്നുപോയി. അപ്രതീക്ഷിതമായ ഒരടിയായിരുന്നു അതു്. എല്ലാം കറങ്ങുന്നതുപോലെ തോന്നി. കണ്ണിന്റെ കാഴ്ച ശക്തി നശിച്ചപോലെ, എങ്കിലും ഒരു മൂടൽമഞ്ഞിലെന്നപോലെ അവൾ നടന്നകലുന്നതു് ഞാൻ കണ്ടു. എന്റെ മുഖഭാവം കണ്ടവരെല്ലാം എന്തു പററിയെന്നു ചോദിച്ചു. ഞാൻ എല്ലാവരുടെയടുക്കലും ചിരിക്കാൻ ശ്രമിച്ചു. അവിദഗ്ദ്ധനായ ഒരു നടന്റെ അഭിനയംപോലെ അർത്ഥശൂന്യമായിരുന്നു അതു്. ഞാനൊരു ഉറുദു കവിതയോർത്തു. ‘എന്റെ ജീവിതം ഒരു ശോകക്കയത്തിൽ മുങ്ങിക്കിടക്കയാണു്. എന്റെ ചിരിയെല്ലാം ആ കയത്തിന്റെ ആഴത്തിൽനിന്നും പൊങ്ങിവരുന്ന കുമിളകൾ മാത്രമാണു്.’

അന്നാദ്യമായി ‘മരണം’ എന്ന വാക്കു് എന്റെ ശ്രദ്ധയിൽ പതിഞ്ഞു. ഞാനാദ്യമായി അതിനെപ്പററി ചിന്തിക്കയാണു്. ഡയറിയിൽ:

‘....നാം എന്തൊരു നിസ്സാര സൃഷ്ടിയാണു്. മരണം അനിവാര്യമായ ഒരു ഭീഷണിയായിട്ടാണെനിക്കു തോന്നുന്നതു്. ജീവിതം നെടുവീർപ്പുകളുടെയും ഏങ്ങലുകളുടെയും ഒരു സമാഹാരമാണെങ്കിൽത്തന്നെയും, ഒരു ദിവസം അവയെല്ലാം എന്നെന്നേക്കുമായി വിട്ടുപിരിയുവാൻ നാം നിർബ്ബന്ധിതരാകും എന്ന യാഥാർത്ഥ്യം ഓർക്കുമ്പോൾ ഞാൻ ഞെട്ടിപ്പോകയാണു്. അനന്തമായ കാലത്തോടുപമിക്കുമ്പോൾ കേവലം നിമിഷജീവിയായ മനുഷ്യൻ ആ സത്യം മനസ്സിലാക്കാതെ എന്തെല്ല[illegible]മായന്തരങ്ങളാണു് കാണിക്കുന്നതു്. ചിലർ ചില പ്രത്യേക സ്ത്രീകളെ സ്നേഹിക്കുന്നു. അവരെ വിവാഹം കഴിക്കണമെന്നാഗ്രഹിക്കുന്നു. കഴിഞ്ഞില്ലെങ്കിൽ നിരാശരാകുന്നു. അവളൊന്നു ചിരിച്ചെങ്കിലോ? പിന്നെ സ്വർഗ്ഗം കിട്ടിയ മട്ടാണു്. വിഡ്ഢി! മരണം അവനേയും കാത്തു് പുറത്തു നില്ക്കുകയാണെന്നു അവൻ ഓർക്കുന്നില്ല.

...എങ്കിലും ദുർബ്ബലമായ എന്റെ ഹൃദയം അവളെ മറക്കുവാൻ അശക്തമാണു്. അവൾക്കുകൂടി വേണ്ടിയാണു് ഞാൻ ജീവിക്കുന്നതുതന്നെ. ഇതെന്നെ എവിടെക്കൊണ്ടെത്തിക്കുമെന്നെനിക്കറിഞ്ഞുകൂടാ...’

പക്ഷെ, ഈ ചിന്തകളൊന്നും എനിക്കാശ്വാസം നൽകിയില്ല. കാററൂതിയാൽ കൊഴിയുന്ന ഒരു ഇലപോലെ, അലയിളകിയാൽ തകരുന്ന ഒരു നീർക്കുമിളപോലെ തകരേണ്ടതാണോ ഈ ജീവിതം? അതിനു ചില ഉദ്ദേശങ്ങളില്ലേ?

എന്റെ സ്നേഹം കൂടാതെ, എന്റെ അനുവാദമില്ലാതെ എന്നെ സ്നേഹിച്ച ഒരുവളാണു് പത്മം. അവളുടെ സ്നേഹത്തെ ഞാൻ അറിഞ്ഞിരുന്നു. ഇന്ദിരയെയോർത്തു് ഞാനതിനെ പ്രോത്സാഹിപ്പിക്കാൻ ശ്രമിച്ചില്ല. എങ്കിലും അവളെന്നെ മറക്കുവാൻ തയ്യാറായില്ല. ഇന്ദിരയാൽ ഉപേക്ഷിക്കപ്പെട്ട എന്നെ അവൾ നോക്കുമ്പോഴെല്ലാം, “ഇങ്ങു കണ്ടുവരു. ഞാനങ്ങയെ സ്നേഹിച്ചു തൃപ്തിപ്പെട്ടുതാം’ എന്നു പറയുന്നതുപോലെ തോന്നിപ്പോകും. ധനത്തിലും, സൌന്ദര്യത്തിലും, സൌശീല്യത്തിലും അവൾ ഒട്ടും പിന്നോക്കമായിരുന്നില്ല. സമുദായത്തിന്റെ മുമ്പിൽ ഞങ്ങൾ ഒരേ ജാതിയാണു്. അവൾ എന്റെ സഹോദരിയുടെ സഹപാഠിനിയുമാണു്.

CAPTAINS OF COLLEGE TEAMS



*Back row*: Jacob Rajan (Secy. Tennis Club); George Kurian (Basketball); V. K. Isaac (Badminton)
*Front row*: R. Rajendra Varma Raja (Tennis); P. V. Punnoose (Cricket); P. V. Ninan (Football); M. D. Devassy (Athletics) and George Koshy (Volleyball)

THE STUDENT CHRISTIAN FELLOWSHIP DRAMATIC CLUB



*Sitting 1st row*: P. S. Raghunatha Pillai; Ninan Mathew (Secretary)
*2nd row*: C. V. Soju; George A. Thomas; Varghese Ittiavira M. A.; Ommen Koruthu; K. M. Philip
*Standing*: N. S. Joseph; Thampan Thomas; M. G. George; Radhakrishnan; Mohan Joseph

NATIONAL CADET CORPS UNIT—ARMY ING



*ting (L. to R.)*:—A. V. Thomas; T. Thomson John; L./Corpl. M. C. Geevarghese; Haw. P. C. Thomas; Sub. Govindankutty Menon; T. B. Thomas M.Sc., (Principal); 2nd Lt. C. Thomas Mathew (NCC Officer); N. A. Balagovind; J. C. Mathew; Cherian Zachariah; V. T. Thomas.

*nding First Row (L. to R.)*:—T. A. Thomas; M. P. Varkey; V. U. Kuriakose; V. S. Chellappan Pillai. N. Sukumara Pillai; K. Raman Nair; Surendranatha Menon; Johny Eappen; George N. Abraham; R. Krishnan Nair; B. Purushothaman Pillai; K. Varadarajan; V. M. Varughese; A. Madhava Menon; C. I. Isaac.

*cond Row (L. to R.)*:—Mathew Kurien; D. Mathew; M. Thomas Samuel; A. M. Varughese; C. V. Soju; K. Asoka Kumar; Abraham Varughese; K. Haladharan Nair; K. V. Korah; K. J. Jacob; Isaac T. Usuff; N. M. Samuel; Babu Vinaya Chandran; Thomas Abraham.

*st Row (L. to R.)*:—Zachariah Thomas; M. G. George; P. V. Thomas; K. K. Uthup; N. J. Albert; Ittyerah K. Oommen; P. N. Prasad; N. O. Varughese; P. P. Varkey; V. K. Isaac; V. K. Markose; T. K. Wilson; K. N. Padmanabha Pillai; N. S. Joseph.

# അണുശക്തിയുടെ അനന്തരഫലങ്ങൾ

(വി. രാമചന്ദ്രൻ നായർ, ക്ലാസ്സ് IV, ഫിലോസഫി)

അറ്റോമിക് ശാസ്ത്രജ്ഞന്മാരെ ഇന്നു മുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം റേഡിയോ ആക്റ്റിവ് ധൂളികളെ സംബന്ധിച്ചതാണ്. ഈ രശ്മികളിൽ നിന്നുണ്ടാകുന്ന അപകടങ്ങൾ എന്തൊക്കെയെന്നു പോലും തിട്ടപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. അതിന്റെ വിനാശകശക്തി അത്ര അപാരമാണ്. 'ശുദ്ധബോംബുകൾ' (Clean bombs) എന്നു പറഞ്ഞാൽ റേഡിയോ ആക്റ്റിവിറ്റിയുടെ അപകടങ്ങൾ ഇല്ലാത്തവയെന്നാണർത്ഥം. അതിനുള്ള ശ്രമത്തിലാണല്ലോ ചില രാഷ്ട്രങ്ങൾ. ഏതായാലും റേഡിയേഷൻ

---

അവ്യക്തമായ ഒരാശയം നാമ്പെടുക്കുകയാണ്. ഞാനെന്തിനു പത്മത്തെ നിരാശപ്പെടുത്തുന്നു? എന്റെ ജീവിതം എന്തായാലും നിഷ്പ്രയോജനമായിപ്പോയി. അവൾക്കെങ്കിലും പ്രയോജനമുണ്ടാകുമെങ്കിൽ ഉണ്ടാകട്ടെ. അതുകൊണ്ട് അവളെ സ്നേഹിക്കുവാൻ ശ്രമിക്കാം.

ഒരു ദിവസം പത്മത്തെ കണ്ടപ്പോൾ ഞാൻ ചോദിച്ചു:

പത്മം...നീയെന്നെ സ്നേഹിക്കാമോ?"

അവളെന്നെ ഒന്നു നോക്കുകമാത്രം ചെയ്തു. 'എന്തിനങ്ങനെ ചോദിക്കുന്നു. എത്രയോ നാളായി ഞാനങ്ങയെ സ്നേഹിക്കുന്നു' എന്ന പോലെ.

അങ്ങനെയിരിക്കുമ്പോഴാണ് അപ്രതീക്ഷിതമായി ഒരു കത്ത് എനിക്കു ഇന്ദിരയിൽനിന്നു കിട്ടിയതു്. എന്നെ ശകാരിച്ചുകൊണ്ടുള്ളതായിരിക്കുമെന്നു് വിചാരിച്ചു് തുറന്നു നോക്കിയപ്പോഴാണ്...............! എനിക്കു മരിച്ചാൽ കൊള്ളാമെന്നാദ്യമായി തോന്നിയതു് അന്നാണ്. എഴുതിയിരുന്നു:

'അങ്ങു ക്ഷമിക്കണം. ഞാൻ മാപ്പു ചോദിക്കുന്നു' അങ്ങയുടെ മഹിമ ഞാനറിഞ്ഞതു താമസിച്ചായിരുന്നു. യാഥാർത്ഥ്യം മറച്ചതു് എന്റെ തെറ്റാണ്. ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നെ മറന്നിരുന്നാൽത്തന്നെയും ഞാനങ്ങയെ മറക്കില്ല. അങ്ങയുടെ ഇന്ദിര.'

ഹാ! ഈ എഴുത്തു ഒരു മുന്നാഴ്ച മുമ്പായിരുന്നുവെങ്കിൽ! എന്നുമതാട്ടെ കാത്തിരിക്കുന്ന എഴുത്താണിതു്. അതെന്നാണു അതു വന്നില്ല. ഇപ്പോൾ ജീവിതത്തിനു ഒരു ശാന്തത കിട്ടിത്തുടങ്ങിയപ്പോൾ വീണ്ടും പ്രക്ഷുബ്ധമാക്കുവാൻ വന്നിരിക്കയാണ്. അല്ലെങ്കിലും, തന്ത്രികൾ വീണയിൽക്കൂടി, സംഗീതാഭ്യസനം നടത്തുവാൻ ശ്രമിച്ച ഞാൻതന്നെയാണ് തെറ്റുകാരൻ. ഞാനവൾക്കു കണ്ണുനീരിൽ കുതിർന്ന ഒരു കത്തെഴുതി.

"പ്രിയപ്പെട്ട ഇന്ദിരേ...നീയെന്നും എന്റെ പ്രിയപ്പെട്ടവളാണ്. പക്ഷേ, നീ ഇപ്പോളെന്നെ മറക്കണം. അതല്ലാതെ നിവൃത്തിയില്ല. നിനക്കുവേണ്ടി ഞാൻ മൂന്നു കൊല്ലം കാത്തിരുന്നു. അന്നൊന്നും നീ വന്നില്ല. ഞാൻ നിന്നെ സ്നേഹിച്ചിരുന്ന കാലംതൊട്ട്, ഞാൻ സ്നേഹിക്കുന്നില്ലെന്നറിഞ്ഞിട്ടും ശുഭാപ്തിവിശ്വാസത്തോടെ എനിക്കുവേണ്ടി കാത്തിരുന്ന ഒരുവളുണ്ടായിരുന്നു. നീയെന്നെ ഉപേക്ഷിച്ചപ്പോൾ, ഞാൻ മൂലം അവളുടെ ജീവിതം തകരേണ്ടെന്നു കരുതി വാക്കു കൊടുത്തുപോയി. ഇനി അതു തെറ്റിച്ചാൽ ഒരു ജീവിതം നശിപ്പിക്കുകയെന്നാണർത്ഥം. ഞാനതു ചെയ്യണോ......... ഇന്ദിരേ, പറയൂ. എങ്കിലും എന്റെ ഹൃദയത്തിലവൾക്കു പ്രവേശനമില്ല, ഇന്ദിരേ. അതൊരാൾക്കുവേണ്ടി ഒഴിച്ചിടപ്പെട്ടതാണ്. അതെന്റെ മരണംവരെ ഒഴിഞ്ഞുകിടക്കുകയും ചെയ്യും......"

ഞാൻ നിർത്തട്ടെ. ഇനി തുടർന്നെഴുതുവാൻ എനിക്കു കഴിവില്ല. മറുപടി പ്രതീക്ഷിച്ചുകൊണ്ട്,

നിന്റെ സ്വന്തം.

കൊണ്ടു് സംഭവിക്കാവുന്ന അപകടങ്ങളെപ്പററി ഒരു സാമാന്യജ്ഞാനം ഇന്നു ശാസ്ത്രജ്ഞന്മാർക്കുണ്ടു്. ആ വിജ്ഞാനത്തിന്റെ വെളിച്ചത്തിൽ മനുഷ്യവർഗ്ഗത്തിന്റെ ഭാവിയെപ്പററി പലരും ആശങ്കാകുലരായിട്ടുണ്ടു്. ഇനിയൊരു യുദ്ധമുണ്ടായാൽ നിഷ്പ്രയാസം ലോകം പൊട്ടിത്തെറിച്ചുപോകുമെന്നു പറഞ്ഞാൽ ആററം ബോംബിന്റെയും ഹൈഡ്രജൻ ബോംബിന്റെയും അപാരമായ ശക്തിയെപ്പററി അല്പമെങ്കിലും ബോധമുള്ളവർ അത്ഭുതപ്പെടുകയില്ല. അണുശക്തിയുടെ സമാധാനപരമായ ഉപയോഗങ്ങളിലേയ്ക്കു ശാസ്ത്രജ്ഞന്മാരുടേയും രാഷ്ട്രതന്ത്രജ്ഞന്മാരുടേയും ശ്രദ്ധ തിരിഞ്ഞിട്ടുണ്ടെങ്കിലും അപകട മേഖലയിൽനിന്നും മനുഷ്യവർഗ്ഗം മോചിതരായിട്ടില്ല. അതെന്താണെന്നാലോചിക്കാം.

റേഡിയോ ആക്ററിവ് രശ്മികൾ വളരെ അപകടം പിടിച്ചവയാണു്. ദൈനംദിന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കെത്തന്നെ നാം സദാ റേഡിയേഷനെ അഭിമുഖീകരിക്കുന്നുണ്ടു്. നാം നടന്നുപോകുന്ന മണ്ണിൽനിന്നും നമ്മുടെ വീടുകളുടെ കല്ലിൽനിന്നും, ഇഷ്ടികയിൽനിന്നും എന്നിനു്, നാം ശ്വസിക്കുന്ന വായുവിൽനിന്നുപോലും അനവരതം പുറപ്പെട്ടുകൊണ്ടിരിക്കുന്ന റേഡിയേഷൻ നമ്മെ ബാധിക്കുന്നുണ്ടു്. കൂടാതെ ആധുനിക ശാസ്ത്രത്തിന്റെ സംഭാവനകളായ എക്സ്റേ, ഐസോട്ടോപ്പുകൾ, ന്യൂക്ലിയർ റിയാക്ററുകളിൽനിന്നും വെളിക്കുതള്ളുന്ന പദാർത്ഥങ്ങൾ (Wastes) ആററം ബോംബു പരീക്ഷണങ്ങൾ എന്നിവയിൽനിന്നെല്ലാം റേഡിയേഷൻ ഉണ്ടായിക്കൊണ്ടിരിക്കുന്നു. റേഡിയേഷൻ കൊണ്ടുണ്ടാകുന്ന അപകടങ്ങളെ അഞ്ചായി തരംതിരിച്ചിട്ടുണ്ടു്. (1) പെട്ടെന്നുള്ള മരണം. (2) പെട്ടെന്നുള്ള സുഖക്കേടു്. (3) കുറെക്കാലം കഴിഞ്ഞു പ്രത്യക്ഷപ്പെടുന്ന രോഗങ്ങൾ. (4) ആയുസ്സു കുറയുക. (5) ജനനേന്ദ്രിയങ്ങൾക്കു സംഭവിക്കുന്ന തകരാറു്. ആദ്യത്തെ നാലും എത്രമാത്രം റേഡിയേഷനു നാം വിധേയരാകുന്നുവെന്നതിനെ ആശ്രയിച്ചിരിക്കുന്നു. ശാസ്ത്രജ്ഞന്മാരുടേയും ഡോക്ടർമാരുടേയും ഇടയിൽപ്പോലും 'അനുവദനീയമായ അളവിനെ' സംബന്ധിച്ച അഭിപ്രായ വൈജാത്യമുണ്ടു്.

റേഡിയേഷൻ റോൻട്ഗൻ എന്ന അളവിലാണു് പറയുക. ഇന്റർ നാഷണൽ റേഡിയോളജിക്കൽ പ്രൊട്ടക്ഷൻ എന്ന സംഘടന കല്പിക്കുന്ന പരമാവധി അളവു് 30 കൊല്ലംകൊണ്ടു 45 റോൻറ്ജനാണു്. നമ്മുടെ ശരീരത്തിനു താങ്ങാൻ കഴിയുന്ന ഒരു അളവാണിതു്. ഇതിൽ കൂടുതൽ റേഡിയേഷനു വിധേയരാവുമ്പോഴാണു് അപകടം സംഭവിക്കുക. [illegible]00 റോൻറ്ജനിൽ കൂടിയ റേഡിയേഷൻ ഉടൻ മരണം സംഭവിപ്പിക്കുന്നു. 500 റോൻറ്ജൻ അതിനു വിധേയമായവരിൽ പകുതിപ്പേരെ കൊല്ലുന്നു. വളരെ കുറഞ്ഞ തോതിലുള്ളതാണെങ്കിൽ പലതരത്തിലുള്ള Cancer, Anaemia Leukemia എന്നീ രോഗങ്ങൾക്കു കാരണമാകുന്നു. മനുഷ്യദേഹത്തിന്റെ പ്രതിരോധശക്തി അനുവദിക്കുന്ന കുറഞ്ഞതോതിലുള്ള റേഡിയേഷൻ വളരെ അപകടം ഉണ്ടാക്കുന്നതല്ല. അതും ഓരോരുത്തരുടേയും ആരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നു. എന്നാലും ആ അളവിൽ പത്തുകൊല്ലം തുടർച്ചയായി റേഡിയേഷനു വിധേയരാകുന്നവരുടെ ആയുസ്സു് പ്രകൃതിദത്തമായിട്ടുള്ളതിൽനിന്നും 2 വർഷം കുറയുമെന്നു നോബൽ സമ്മാനാർഹനായ Prof. Muller പറയുന്നു.

നമ്മുടെ ശരീരത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തു് റേഡിയേഷൻ ഏററാൽ അതുകൊണ്ടുണ്ടാകുന്ന അപകടം ശരീരത്തിന്റെ സാധാരണ പ്രവർത്തനഗതിയിൽ പരിഹരിക്കപ്പെട്ടുപോകുന്നതാണു. കേടുപാടു സംഭവിച്ച കോശങ്ങൾ പൂർവ്വസ്ഥിതിയെ പ്രാപിച്ചു പ്രവർത്തനക്ഷമമായിക്കൊള്ളും. എന്നാൽ ഇതിനൊരപവാദമുണ്ടു്. ഉല്പാദനാവയവങ്ങൾക്കു സംഭവിക്കുന്ന തകരാറുകൾ നിർമ്മാർജ്ജനം ചെയ്യപ്പെടുന്നില്ല. എത്ര കുറഞ്ഞ നിരക്കിലുള്ളതാണെങ്കിലും ദീർഘകാലംകൊണ്ടു നേരിടുന്നതാണെങ്കിലും അതവിടെ സംഭരിക്കപ്പെടുകയാണു് ചെയ്യുന്നതു്. (Cumulate effect) ഇതു ഗുരുതരമായ ഭവിഷ്യത്തുകൾക്കു് ഇടയാക്കുന്നു. പുരുഷന്മാരുടെ ഉല്പാദനേന്ദ്രിയങ്ങളിലും സ്ത്രീകളുടെ ഗർഭാശയത്തിലും സന്തത്യുത്പാദം സ്ഥിതി ചെയ്യുന്ന കോശങ്ങളെ ഗൊനാഡ്സ് (Gonads) എന്നു വിളിക്കുന്നു. പാരമ്പര്യ

ഗുണങ്ങളുടെ സൂക്ഷിപ്പുകാരായ ജീൻസ് (Genes) എന്നു പറയപ്പെടുന്ന അതിസൂക്ഷ്മകണങ്ങൾ ഉൾക്കൊള്ളുന്ന 24 ക്രോമസോമുകൾ ഓരോ ഗൊനാഡിലും ഉണ്ടു്. പുരുഷബീജവും (Spermatazoon) ഗർഭാശയത്തിലെ അണ്ഡവും (Ovum) തമ്മിൽ ചേരുമ്പോൾ 48 ക്രോമസോമുകളും തമ്മിൽ ചേർന്നു 24 ജോഡികളായിത്തീരുന്നു. ഈ ഇരട്ട ക്രോമസോമുകളിൽ സ്ത്രീ-പുരുഷ ജീനുകൾ പരസ്പരാഭിമുഖമായിട്ടായിരിക്കും സ്ഥിതിചെയ്യുക. കോശവിഭജനത്തിലും (Differentiation) ഈ പ്രത്യേകത കാണാം. തന്മൂലം നമ്മുടെ ശരീരത്തിലെ ഓരോ കോശത്തിലും മാതാവിൽനിന്നും പിതാവിൽനിന്നും കിട്ടിയ ജീൻസ് തുല്യമായുണ്ടായിരിക്കും. ഈയൊരു പ്രത്യേകതയ്ക്കു ചിലപ്പോൾ മാററം സംഭവിക്കാറുണ്ടു്. 48 ക്രോമസോമുകൾ 24 ജോടികളായി ഇരിക്കേണ്ടതിനു പകരം 24 ഒററക്രോമസോമുകളായിത്തീരാം. ഇങ്ങനെ സംഭവിക്കുമ്പോൾ മാതാവിൽനിന്നും പിതാവിൽനിന്നും കിട്ടിയ ജീൻസുകളിൽ പകുതിയും ബഹിഷ്കരിക്കപ്പെടുന്നു. ഇതിനു (Meiosis) എന്നാണു പറയുന്നതു്. അപ്പോൾ ക്രോമസോമുകളിലെ ജീനുകളുടെ ക്രമീകരണത്തിനു മാററം സംഭവിക്കുന്നു. ചിലപ്പോൾ അവയുടെ ആകൃതിവ്യത്യാസപ്പെടാം, അല്ലെങ്കിൽ സ്വസ്ഥാനത്തുനിന്നുവിട്ടു മറെറാരിടത്തു ചെന്നിരിക്കാം. അതുമല്ലെങ്കിൽ അവ അപ്രത്യക്ഷമായെന്നും വരാം. ജീനുകൾക്കു സംഭവിക്കുന്ന ഈ മാററത്തിനു വിപരിണാമം (Mutation) എന്നു പറയുന്നു. കോശവിഭജനത്തിലും വിപരിണാമം സംഭവിച്ച ജീനുകളായിരിക്കും ഉള്ളതു്. ഈ ക്രമം തെററിയ ജീൻ വളരെ അപകടം പിടിച്ചതാണു്. സാധാരണയായി ഓരോ ശരീരത്തിലും 6—8 മ്യൂട്ടൻറു ഉണ്ടായിരിക്കുമെന്നു വിചാരിക്കപ്പെടുന്നു. എങ്കിലും അവയുടെ ദുരന്തഫലങ്ങൾ പ്രത്യക്ഷപ്പെടുന്നതു് ഒരു പ്രത്യേക പരിതസ്ഥിതിയിലാണു്. ഒരു മ്യൂട്ടൻറു ജീനിനു നേരെ ഒരു സാധാരണ ജീനാണുള്ളതെങ്കിൽ അതു നിർദ്ദോഷമായിരിക്കും. എന്നാൽ രണ്ടു മ്യൂട്ടൻറു ജീനുകളാണു നേരിട്ടിരിക്കുന്നതെങ്കിൽ അതിൻെറ ഫലം ഭയാനകമായിരിക്കും. Idiocy, Imbecility, Dwarfism മുതലായവയ്ക്കു കാരണം മേൽപറഞ്ഞ പ്രകാരം വിപരിണാമം സംഭവിച്ച ജീനുകളാണു്. വികൃതാവയവങ്ങൾക്കും കാരണം ഇതത്രേ. അവയവ വൈകൃതികൾ താഴെപ്പറയുന്നവയാണു്.

Acrocephaly—തലയുടെ മുൻഭാഗം കൂർത്തും പിൻഭാഗം പരന്നും വരുക. മുൻഭാഗം കൂർത്തിരിക്കുന്നതുകൊണ്ടു് കണ്ണിൻെറ വളച്ച് തള്ളപ്പെടുന്നു. Microcephaly—പുരികത്തിനു മുകളിലുള്ള ഭാഗം താഴെയുള്ളതിനെ അപേക്ഷിച്ചു വളരെ ചെറുതായിരിക്കും. തലച്ചോറിനു വളരാൻ ഇടകിട്ടാത്തതിനാൽ ബുദ്ധിവികസിക്കുകയില്ല. Idiocy-യുടെ വർദ്ധനവായിരിക്കും ഫലം.

Phenyl ketonuria—അവയവങ്ങൾ ചുരുണ്ടുകൂടിയിരിക്കുക. ശരീരത്തിലെ രാസപദാർത്ഥങ്ങളുടെ സമനില തെററുന്നതുകൊണ്ടാണിങ്ങനെ സംഭവിക്കുന്നതു്. ശരീരത്തിൻെറ ഏതെങ്കിലും ഭാഗത്തു മുറിവുണ്ടാകുമ്പോഴോ, ഷേവുചെയ്യുമ്പോഴോ, പല്ലു പിഴുതുകളയുമ്പോഴോ ഉണ്ടാകുന്ന രക്തസ്രാവം നിലയ്ക്കാതിരിക്കുക. ഇതു മരണകാരണമായിത്തീരാവുന്നതാണു്.

വിരലുകൾ വേർപെട്ടുനില്ക്കാതെ ഒരു പിണ്ഡമായിത്തീർന്ന് ഒററനഖംകൊണ്ടു മൂടിയിരിക്കുക. മ്യൂട്ടൻറു ജീനുകളിൽനിന്നും സംഭവിക്കുന്ന അപകടങ്ങളുടെ പട്ടിക ഇനിയും വർദ്ധിപ്പിക്കാവുന്നതാണു്. അവ എത്ര ഭയാനകങ്ങളാണെന്നുള്ളതിനു മേൽപ്രസ്താവിച്ച ഉദാഹരണങ്ങൾ മതിയായ തെളിവുകളാണു്.

ന്യൂക്ലിയർ പരീക്ഷണങ്ങളും ഇതും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നാലോചിക്കാം. അണുവിഘടനം നടക്കുമ്പോൾ വൻപിച്ച തോതിലുള്ള റേഡിയേഷൻ ഉണ്ടാകുന്നു. ഈ റേഡിയേഷൻ ആററം റിയാക്ടറുകളിലും ഉണ്ടാകുന്നു എന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. അവിടെ വളരെ ശ്രദ്ധയോടും മുൻകരുതലോടും കൂടിയാണു് പ്രസ്തുത പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നതു്. എന്നാൽ ന്യൂക്ലിയർ പരീക്ഷണങ്ങൾ നടത്തുന്ന ശാസ്ത്രജ്ഞന്മാർ ഇന്നു് അഭിമുഖീകരിച്ചിരിക്കുന്ന ദുർഘട പ്രശ്നങ്ങളിലൊന്നു് ആററം റിയാക്ടറുകളിൽ നിന്നും

ഉപയോഗ ശൂന്യമായി കളയുന്ന പദാർത്ഥങ്ങൾ (Wastes) എങ്ങനെ നശിപ്പിക്കണമെന്നുള്ളതാണ്. അവയിൽ നിന്നും റേഡിയേഷൻ എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആംസ്റ്റർഡാമിലെ ന്യൂക്ലിയർ ഗവേഷണസ്ഥാപനത്തിൽനിന്നും പുറംതള്ളുന്ന പദാർത്ഥങ്ങൾ സമീപത്തുള്ള ഒരു പൊയ്കയിൽ നിക്ഷേപിക്കുകയുണ്ടായി. അടുത്ത കാലത്തു് ആ കുളത്തിൽ വികൃതമായ ശരീരഘടനയോടുകൂടിയ ധാരാളം തവളകൾ കാണപ്പെടുന്നതിനെപ്പററി അന്വേഷിക്കുവാൻ ബ്രിട്ടീഷ് ഗവണ്മെൻറു് ഒരു കമ്മിററിയെ നിയമിക്കുകയുണ്ടായി. ചില തവളകൾക്കു കൂടുതൽ കാലുകൾ ഉള്ളതായും മററു ചിലവയ്ക്കു് 15 മുതൽ 20 വരെ വിരലുകൾ ഉള്ളതായും കാണപ്പെട്ടു. വേറെ ചിലതിൻെറ പിൻകാലുകൾ പിരിഞ്ഞിരിക്കുന്നതായും കണ്ടു. ആംസ്റ്റർഡാം കാഴ്ചബംഗ്ലാവിലെ ജന്തുശാസ്ത്രജ്ഞനായ എച്ച്. ഹില്ലിനിയസ് ഇപ്രകാരം പറയുകയുണ്ടായി. "ആ കുളത്തിൽ തള്ളിയ റേഡിയോ ആക്റ്റീവ് പദാർത്ഥങ്ങളുമായി ഇതിനു ബന്ധമുണ്ടെന്നുള്ളതു് സംശയാതീതമാണ്!" റേഡിയേഷൻെറ അനന്തരഫലങ്ങളെപ്പററി സിഡ്നി യൂണിവേഴ്സിററിയിലെ പ്രൊഫസറായ ഡോ. വില്യം ഡി. കണ്ണിംഗ്ഹാം പറയുന്നതു ശ്രദ്ധേയമാണ് "ഗർഭത്തിൽ സ്ഥിതിചെയ്യുന്നതും പ്രസവിച്ച ഉടനെയുള്ളതുമായ കുട്ടികൾക്കാണു റേഡിയേഷൻ കൊണ്ടുള്ള ദൂഷ്യങ്ങൾ കൂടുതൽ അനുഭവപ്പെടുക. ഗർഭസ്ഥശിശുവിൻെറ വിലക്ഷണതയ്ക്കോ മരണത്തിനുതന്നെയോ അതു കാരണമാകുന്നു. കൊച്ചുകുഞ്ഞുങ്ങളുടെ വളർച്ചയെ റേഡിയേഷൻ തടയുന്നു. റേഡിയേഷൻ ബാധിച്ച കുട്ടികളിൽ Leukaemia വർദ്ധിച്ച തോതിൽ കാണപ്പെടുന്നുണ്ട്. ഹിരോഷിമായിലേയും നാഗസാക്കിയിലേയും അണുബോംബു പൊട്ടലിനു ശേഷം ജപ്പാനിലെ കുട്ടികളിൽ ഈ രോഗം വളരെ വർദ്ധിച്ചിട്ടുണ്ട്. ഗർഭിണികളെ എക്സ്റേ പരിശോധനയ്ക്കു വിധേയമാക്കുന്നതുകൊണ്ട് ഈ രോഗം വളരെ വർദ്ധിച്ചിട്ടുണ്ടെന്നു ബ്രിട്ടീഷ് ഡോക്ടറന്മാരും അഭിപ്രായപ്പെടുന്നു! മൃഗങ്ങളിൽ നടത്തിയ പരീക്ഷണങ്ങളിൽ നിന്നു മനസ്സിലാകുന്നതു് ഷണ്ഡത്വം, ചത്തുപ്രസവം, സിരാകേന്ദ്രങ്ങളിൽ തകരാറു് എന്നിവയും റേഡിയേഷൻ കൊണ്ടുണ്ടാകാമെന്നാണ്. ഇതെല്ലാം അനന്തര തലമുറകളിലേയ്ക്കു പകരുകയും അവസാനം പ്രകൃതിയുടെ തെരഞ്ഞെടുപ്പിൽ അവ പരാജിതരാവുകയും ചെയ്യും". കഴിഞ്ഞ കൊല്ലം ലോകമുഴുവൻ പടർന്നുപിടിച്ച "ഫ്ലൂ" വിനു കാരണം റേഡിയോ ആക്റ്റിവിററിയാണെന്നു് അന്താരാഷ്ട്രീയ ഭക്ഷ്യധാന്യസമ്മേളനത്തിൽ വെച്ച് ഡോ. ഷ്മിഡ്ററ് എന്ന ജർമ്മൻ ഡോക്ടർ പ്രസ്താവിക്കുകയുണ്ടായി. മറെറാരു ഭ്രൂണശാസ്ത്രജ്ഞൻ പ്രസ്താവിച്ചതു് മനുഷ്യൻെറ ജനനേന്ദ്രിയങ്ങളിൽ പതിക്കുന്ന എത്ര ചെറിയ ഡോസ് റേഡിയോ ആക്റ്റിവിററിയും സന്താനങ്ങളെ ബാധിക്കുമെന്നാണ്. അതേ സമ്മേളനത്തിൽ സംബന്ധിച്ച മറെറാരു ശാസ്ത്രജ്ഞൻ മനുഷ്യവർഗ്ഗത്തിനു നേരിട്ടിരിക്കുന്ന ഏററവും വലിയ വിപത്തു് റേഡിയോ ആക്റ്റിവിററിയാണെന്നു അഭിപ്രായപ്പെടുകയുണ്ടായി.

റിയാക്റ്ററുകളിൽനിന്നും ഉപയോഗശൂന്യമായി കളയുന്ന പദാർത്ഥങ്ങൾ സാധാരണ കുഴിച്ചുമൂടുകയോ സമുദ്രാന്തർഭാഗത്തു നിക്ഷേപിക്കുകയോ ആണു പതിവു്. ന്യൂയോർക്കിൽനിന്നും 186 മൈൽ അകലെയുള്ള കടലിൽ എറിഞ്ഞ പ്രസ്തുത പദാർത്ഥങ്ങളടങ്ങിയ പെട്ടികളിൽ ഒന്നു പൊങ്ങിവരുകയുണ്ടായി. പരിഭ്രാന്തരായ അധികാരികൾ വിമാനത്തിൽനിന്നും വെടിവച്ച് അതിനെ മുക്കിക്കളയുകയാണുണ്ടായതു്. അടുത്ത കാലത്തു് സമുദ്രത്തിൽ ടൺ കണക്കിനു മത്സ്യങ്ങൾ ചത്തുപൊങ്ങിയതായി വാർത്തയുണ്ടായിരുന്നു. മറെറാരു സംഭവംകൂടി പ്രസ്താവ്യമാണ്. ലണ്ടനിലെ ഒരു റിയാക്റ്ററിൽ ഉണ്ടായ ലീക്കിംഗു കാരണം സമീപപ്രദേശത്തുള്ള ഡയറികളിലെ പാലിൽ റേഡിയോ അയഡിൻെറ അംശം വളരെ കൂടുതൽ കാണപ്പെടുകയുണ്ടായി. സാധാരണയുള്ളതിൽ ആറുമടങ്ങു കൂടുതൽ റേഡിയോ അയഡിൻ. ആയിരക്കണക്കിനു ഗ്യാലൻ പാൽ കടലിലെയ്ക്കൊഴുകി. 7000–ത്തോളം ആളുകൾ പാർത്തിരുന്ന ആ പ്രദേശത്തു് ആരും പാൽ ഉപയോഗിക്കരുതെന്നു അധികാരികൾ വിലക്കി. ആദ്യം പതിന്നാലു ചതുരശ്രമൈൽ സ്ഥലത്തേക്കു മാത്രമുണ്ടായിരുന്ന ഈ നിരോധനം

ട്ടവിൽ 200 ചതുരശ്ര മൈൽ സ്ഥലത്തേക്കു വ്യാപിപ്പിക്കേണ്ടിവന്നു. ഇത്രയൊക്കെ കർശനനടപടികൾ സ്വീകരിക്കപ്പെട്ടുവെങ്കിലും ഇതൊന്നുമറിയാത്ത നിർദ്ദോഷികളായ എത്രയെത്ര ആളുകൾ വിഷാംശം കലർന്ന ആ പാൽ കുടിച്ചു കാണണം. പരീക്ഷണശാലയിലെ ഏതൊ ഒരു ജോലിക്കാരന്റെ അനവധാനത മൂലം സംഭവിക്കുന്ന നിസ്സാര തെററുകൾ എത്ര ആയിരം ജനങ്ങളെയാണു് ബാധിക്കുന്നതു്!

ന്യൂക്ലിയർ പരീക്ഷണങ്ങളുടെ ഫലമായി റേഡിയേഷൻ റേററു് ക്രമാതീതമായി വർദ്ധിക്കുകയാണു്. ഇപ്പോൾ ഗൊനാഡിൽ സംഭവിക്കുന്ന മ്യൂട്ടേഷനെ നേരെ ഇരട്ടിയാക്കുന്ന റേഡിയേഷൻ റേററിനെ ഡബിളിംഗ് ഡോസ് എന്നു പറയുന്നു. ഈ ഇരട്ടി ഡോസ് ഏതെങ്കിലും കാരണവശാൽ പെട്ടെന്നു സംഭവിക്കുന്ന പക്ഷം മ്യൂട്ടേഷൻ കൊണ്ടു് സംഭവിക്കുന്ന സുഖക്കേടുകൾ താഴെ പറയുന്ന രീതിയിൽ വർദ്ധിക്കുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

Acrocephaly മൂന്നു തലമുറകൾ കഴിയുമ്പോൾ ഇരട്ടിയാകും. Haemophilia മുതലായ ലൈംഗികരോഗങ്ങൾ 90% വർദ്ധിക്കുന്നതാണു്. Phenylketonia, microcephaly എന്നിവ 50 തലമുറകൾകൊണ്ടു 50 ശതമാനം വർദ്ധിക്കുകയും 100 തലമുറകൾ കൊണ്ടു് ഇരട്ടിയാവുകയും ചെയ്യും.

ന്യൂക്ലിയർ പരീക്ഷണങ്ങളുടെ ദൂരവ്യാപകമായ ദൂഷ്യങ്ങളെ പ്രമുഖ ശാസ്ത്രജ്ഞന്മാരെല്ലാം മനസ്സിലാക്കിയിട്ടുണ്ടു്. അണുബോംബു പരീക്ഷണങ്ങൾ അവസാനിപ്പിക്കണമെന്നു മനുഷ്യവർഗ്ഗത്തെ സ്നേഹിക്കുന്ന എല്ലാ ശാസ്ത്രജ്ഞന്മാരും പറഞ്ഞു കഴിഞ്ഞിട്ടുണ്ടു്. പക്ഷെ ന്യൂക്ലിയർ ആയുധനിർമ്മാണം ശാസ്ത്രജ്ഞന്മാരുടെ കൈയിൽ നിന്നും വഴുതിവീണു് രാഷ്ട്രതന്ത്രജ്ഞരുടെ കൈയിൽ അകപ്പെട്ടിരിക്കുകയാണു്. ശീതസമരത്തിന്റെ ആക്കം വർദ്ധിപ്പിക്കുന്നതിനും വേണ്ടിവന്നാൽ അതൊരു ഉഷ്ണസമരമാക്കി മാററുന്നതിനും തയ്യാറെടുക്കുകയാണവരിപ്പോൾ. മനുഷ്യവംശത്തിനു സമാധാനം നല്കുവാനെന്നവണ്ണം ഉഗ്രബോംബുകളെപ്പററിയാണു് അവരുടെ സംസാരം. രസതന്ത്രത്തിൽ നോബൽ സമ്മാനാർഹനായ ഡോ. ലൈനിസ് പാലിംഗിന്റെ നേതൃത്വത്തിൽ 44 രാജ്യങ്ങളിൽ നിന്നും 11000 ശാസ്ത്രജ്ഞന്മാർ ഒപ്പിട്ട ഒരു അഭ്യർത്ഥന യു. എൻ. ഓയിൽ സമർപ്പിക്കപ്പെടുകയുണ്ടായി. ന്യൂക്ലിയർ ബോംബുകളുടെ നിർമ്മാണം ഉടൻ നിർത്തണമെന്നു് അവർ വൻ ശക്തികളോടു് ആവശ്യപ്പെടുകയുണ്ടായി. ആ അഭ്യർത്ഥന തുടരുന്നതിപ്രകാരമാണു്. "ഓരോ അണുബോംബു സ്ഫോടനവും ലോകത്തിന്റെ എല്ലാ ഭാഗത്തും റേഡിയോ ആക്ടിവിററി വർദ്ധിക്കുന്നതിനു കാരണമാകുന്നു. ഓരോ തവണയുമുള്ള റേഡിയേഷൻ ലോകത്തെങ്ങുമുള്ള ജനങ്ങളുടെ ആരോഗ്യത്തെ നശിപ്പിക്കുകയും മനുഷ്യരുടെ പ്രത്യുല്പാദകബീജത്തിനു കേടുവരുത്തി വികൃതാംഗരായ കുട്ടികളുടെ ജനനത്തിനിടയാക്കുകയും ചെയ്യുന്നു. ഇതിന്റെ നിർമ്മാണരഹസ്യം ഇന്നു പ്രധാനമായും മൂന്നു വൻകിട രാഷ്ട്രങ്ങളുടെ പിടിയിലൊതുങ്ങിയിരിക്കുന്നതുകൊണ്ടു് അവയുടെ നിയന്ത്രണം എളുപ്പമാണു്. പരീക്ഷണങ്ങൾ തുടരുകയും അതു ഏതു രാജ്യത്തിനും ചെയ്യാൻ സാധിക്കുന്നതുമായ ഒരു പരിതസ്ഥിതി വരികയും ചെയ്താൽ നിരുത്തരവാദിയായ ഏതെങ്കിലും ഒരു ഭരണാധികാരിയുടെ അശ്രദ്ധമായ പെരുമാററം ആഗോളനാശകാരിയായ ഒരു ന്യൂക്ലിയർ യുദ്ധത്തിനിടയാക്കിയേക്കാം."

മറെറാരു വാദഗതിയുംകൂടി പരിശോധിക്കേണ്ടതാവശ്യമാണു്. അണുശക്തിയ്ക്കു് നശീകരണം മാത്രമല്ല സൃഷ്ട്യുന്മുഖമായ പ്രവർത്തനങ്ങളും സാധ്യമാണെന്നും അതുകൊണ്ടു് അണുശക്തി മനുഷ്യോപയോഗപ്രദമായ കാര്യങ്ങൾക്കാണു വിനിയോഗിക്കേണ്ടതെന്നും ഒരു അഭിപ്രായമുണ്ടു്. വർദ്ധിച്ചുവരുന്ന ഇന്ധനാവശ്യങ്ങൾക്കും വൈദ്യുതോപകരണങ്ങൾക്കും അറ്റോമിക്ക് ശക്തി ഉപയോഗിച്ചുവരുന്നു. ട്രോംബേയിലെ അറ്റോമിക്ക് റിയാക്ടർ ഉൽഘാടനം ചെയ്തുകൊണ്ടു് നമ്മുടെ പ്രധാനമന്ത്രി പ്രസ്താവിക്കയുണ്ടായി സമാധാനപരമായ ആവശ്യങ്ങൾക്കേ ഭാരതം അണുശക്തി ഉപയോഗിക്കുകയുള്ളുവെന്നു്. "ആററം സമാധാനത്തിനു്" എന്നതു് ആകർഷകമായ ഒരു മുദ്രാവാക്യമായിത്തീർന്നിരിക്കുന്നു. പക്ഷെ മുദ്രാവാക്യം മാറിയാലും ബോംബുനിർമ്മാണം നിറുത്തിയാലും റേഡിയേഷന്റെ

# ശാന്തിനിലയം

S. Anantha Lekshmi, Class II B Sc.

സുമതി ആ നഗരത്തിലെ സുപ്രസിദ്ധയായ ഒരു ഡോക്ടറാണു്. പ്രതിഫലം ഇച്ഛിക്കാതെ ജനക്ഷേമത്തെ മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു ഡോക്ടർ. എല്ലായ്പോഴും പുഞ്ചിരിച്ചുകൊണ്ടിരിക്കുന്ന ആ മുഖവും, മധുരമായ വാക്കുകളും മാത്രംമതി, രോഗികളുടെ സുഖക്കേടു് [illegible]മാകുവാൻ. ഏററവും ലളിതമായ ഒരു ജീവിതം നയിക്കുന്ന സുമതി സ്വന്തം വരുമാനം മുഴുവനും അനാഥരുടെ ക്ഷേമത്തിനു വേണ്ടി ചെലവാക്കുകയാണു്. വെറും സാധാരണ രീതിയിലുള്ള വസ്ത്രങ്ങൾ മാത്രം ധരിക്കാറുള്ള അവളുടെ ഏക ആഭരണം മുഖത്തിലെ മായാത്ത പുഞ്ചിരി ആണു്. പക്ഷേ, ദയയും, കരുണയും, സ്ഫുരിക്കുന്ന ആ വിശാലനയനങ്ങളിൽ മാത്രം അത്യഗാധമായ ഒരു ശോകച്ഛായ നിഴലിച്ചിരിക്കുന്നതു കാണാം. സുമതി ഇപ്പോഴും അവിവാഹിതയാണു്. അവൾക്കു് ബന്ധുക്കളായിട്ടു് ആരുംതന്നെയില്ല. ഇതിനെല്ലാം എന്താണു് കാരണം? ചില രാത്രികളിൽ അവളുടെ ഗൃഹത്തിൽ നിന്നും ശോകരസം കലർന്ന മധുരമായ ഗീതം കേൾക്കാം. സുമതിയുടെ ഏകാന്തജീവിതത്തിനും സന്താപത്തിനും പിന്നിൽ തീർച്ചയായിട്ടും ഒരു ശോകനാടകം നടന്നിട്ടുണ്ടാവണം. അവളുടെ ശോകച്ഛവി കലർന്ന ഗാനങ്ങൾ ദുഃഖനിർഭരമായ ഭൂതകാലത്തിന്റെ പ്രതിഫലനങ്ങളാവണം.

പൂർണ്ണേന്ദുവിന്റെ ധവളരശ്മികളേററു ആ താമരത്തടാകം പച്ചക്കല്ലുകൾ പതിച്ച വെള്ളിത്തകിടുപോലെ മിന്നിത്തിളങ്ങുന്നുണ്ടു്. ആ പൂങ്കാവിലെ മുല്ലവല്ലികൾ പുഞ്ചിരിക്കുന്ന പുഷ്പങ്ങളെ വഹിച്ചുകൊണ്ടു മന്ദമാരുതനിൽ ചാഞ്ചാടുകയാണു്. പ്രശാന്തരമണീയമായ ഒരന്തരീക്ഷമാണതു്. ആ തടാകത്തിന്റെ തീരത്തിൽ ശോകനിമഗ്നയായിരിക്കുന്ന സുമതി ഈ പ്രകൃതിസൌന്ദര്യത്തിലൊന്നുമല്ല ആകൃഷ്ടയായിരിക്കുന്നതു്. അവളുടെ കണ്ണുകൾ കുറച്ചകലെയായി പൂനിലാവിൽക്കുളിച്ചു് ഗംഭീരമായി വിലസുന്ന 'ശാന്തിനിലയം' അനാഥമന്ദിരത്തിലാണു ലയിച്ചിരിക്കുന്നതു്. അവളുടെ കണ്ണുകളിൽ പ്പൊടിഞ്ഞ അശ്രുകണങ്ങൾ ആ നിലാവിൽ

---

വിനാശകത്വം കുറയ്ക്കുവാൻ കഴിയുന്നതല്ല. എക്സ്റേ ഉപകരണങ്ങൾ, പ്രകാശിക്കുന്ന വാച്ചുകൾ മുതലായ ഉപകരണങ്ങൾ നമുക്കു പലതരത്തിൽ ഉപയോഗപ്പെടുന്നു. പക്ഷെ അവയിലെല്ലാം അതിഭയങ്കരമായ അപകടം ഒളിഞ്ഞിരിപ്പുണ്ടു് എന്ന വസ്തുത അധികമാരും അറിയുന്നില്ല. എക്സ്റേ ഉപകരണങ്ങൾ, ഐസോട്ടോപ്പുകൾ, പ്രകാശിക്കുന്ന വാച്ചുകൾ മുതലായവയിൽനിന്നു പുറപ്പെടുന്ന റേഡിയേഷന്റെ ആകെയളവു ഇന്നുവരെയുള്ള അണുബോംബു സ്ഫോടനഫലമായുണ്ടായിട്ടുള്ളതിനേക്കാൾ കൂടുതലാണെന്നു് ഒരു ശാസ്ത്രജ്ഞൻ കണക്കാക്കിയിട്ടുണ്ടു്. റേഡിയേഷന്റെ ദുരന്തഫലങ്ങളെപ്പററി ആലോചിക്കുമ്പോൾ 'ആററം സമാധാനത്തിനു്' എന്ന മുദ്രാവാക്യം സ്വീകാര്യമാണോയെന്നു ആലോചിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ നമ്മുടെ ഗവേഷണങ്ങളും കണ്ടുപിടുത്തങ്ങളും വികൃതാംഗരും മന്ദബുദ്ധികളുമായ ശിശുക്കളുടെ ജനനത്തിനാണിടയാക്കുന്നതെങ്കിൽ അത്തരം ഗവേഷണവും കണ്ടുപിടുത്തവും നമുക്കാവശ്യമാണോ? ചെയ്യാത്ത കുററത്തിനു ശിക്ഷയനുഭവിക്കേണ്ടി വരുന്ന തലമുറ അവരുടെ പ്രപിതാമഹന്മാരെ മനുഷ്യദ്രോഹികളായി ചിത്രീകരിക്കുമെന്നതിൽ സംശയമില്ല. ശ്രീമതി മീരാബെന്നിന്റെ ഒരു വാക്യം ഉദ്ധരിച്ചുകൊണ്ടു് ഈ ലേഖനം അവസാനിപ്പിക്കാം "ആററം സമാധാനത്തിനു എന്ന മുദ്രാവാക്യം ഇന്നു പലയിടത്തുനിന്നും പ്രതിധ്വനിക്കുന്നുണ്ടു്! പക്ഷെ ആരറിഞ്ഞു അതു് ശ്മശാനത്തിലെ സമാധാനമായിരിക്കയില്ലെന്നു്."

മിന്നിത്തിളങ്ങുന്നുണ്ട്. 'ശാന്തിനിലയം' അവളുടെ മനസ്സിൽ ഉറങ്ങിക്കിടന്നിരുന്ന ഭൂതകാലചിന്തകളെ തട്ടിയുണർത്തി:

ശാന്തയും സുമതിയും. ഒരു ദരിദ്രകുടുംബത്തിലാണ് ഈ സഹോദരിമാർ ജനിച്ചത്. ശാന്തയ്ക്ക് ഏഴു വയസ്സു പ്രായമുള്ളപ്പോഴാണ് സുമതിയുടെ ജനനം. സുമതിയുടെ ജനനാന്തരം അവരുടെ പിതാവ് പെട്ടെന്നു മരിച്ചുപോയി. ശാന്തയേയും, സുമതിയേയും പുലർത്തുവാൻ ആ മാതാവ് വളരെയധികം കഷ്ടതകൾ അനുഭവിച്ചു. ശാന്ത സ്കോളർഷിപ്പിന്റെ സഹായത്തോടുകൂടി പത്താംക്ലാസ്സു പാസ്സായി. പഠിത്തം തുടരണമെന്ന് അവൾ അതിയായി ആഗ്രഹിച്ചു, എങ്കിലും കുടുംബത്തിന്റെ സാമ്പത്തികസ്ഥിതിയും, വൃദ്ധയായ മാതാവിന്റെ രോഗവും അതിനു പ്രതികൂലമായിരുന്നു. തൻമൂലം അവൾ ട്രെയിനിങ്ങ് പാസ്സായി ഒരു പ്രൈമറിസ്കൂളിൽ അദ്ധ്യാപികയായിത്തീർന്നു.

തന്റെ കൊച്ചുസഹോദരിയായ സുമതിയെ ശാന്ത അത്യധികം സ്നേഹിച്ചിരുന്നു. എന്നും തന്റെ വരവും കാത്ത് പടിക്കൽ നില്ക്കുന്ന സുമതിയെ, എന്നെങ്കിലും ഒരുദിവസം അവിടെ കണ്ടില്ലെങ്കിൽ അവളുടെ ഹൃദയം പിടഞ്ഞുതുടങ്ങും. ശാന്തയ്ക്ക് ഒരു ചെറിയ തലവേദന വന്നാൽ മതി, സുമതി അന്നു മുഴുവനും ഉറങ്ങാതെ സഹോദരിയെ ശുശ്രൂഷിച്ചുകൊണ്ടിരിക്കും! ഇങ്ങനെ അവർ പരസ്പരം അഗാധമായി സ്നേഹിച്ചിരുന്നു. തനിക്ക് അലഭ്യമായിരുന്ന ഉപരിപഠനം, സഹോദരിയ്ക്കെങ്കിലും എങ്ങനെയെങ്കിലും നല്കണം എന്നു ശാന്ത അതിയായി ആഗ്രഹിച്ചു. സുമതിയും പഠിത്തത്തിൽ അതിസമർത്ഥയായിരുന്നു. സുമതിയുടെ ഉപരിപഠനത്തിനായി തയ്യൽ, ട്യൂഷൻ മുതലായ പല ചില്ലറജോലികൾകൂടി ചെയ്ത് ശാന്ത ധനം ശേഖരിച്ചിരുന്നു.

സേവനത്തിൽ അതീവ തല്പരയായിരുന്നു ശാന്ത. ദരിദ്രയായ തന്റെ അത്യാവശ്യങ്ങൾപോലും അവഗണിച്ച്, പലപ്രാവശ്യം അവൾ അനാഥബാലന്മാർക്ക് പുസ്തകങ്ങളും വസ്ത്രങ്ങളും മേടിച്ചു കൊടുക്കാറുണ്ടായിരുന്നു. തന്റെ ഉച്ചഭക്ഷണംപോലും എത്രപ്രാവശ്യം അവൾ കുട്ടികൾക്കു നല്കിയിട്ടുണ്ട്! പട്ടിണി കിടക്കുന്ന കുട്ടികൾ അതു ഭക്ഷിച്ചു സംതൃപ്തിയടയുന്നതു കണ്ട്, അവരുടെ സംതൃപ്തിയിൽ അവൾ ആനന്ദിക്കും. ശാന്ത പലപ്പോഴും സുമതിയോടു പറയും, "സുമതി! നീ ഭാവിയിൽ ഒരു ഡോക്ടറായശേഷം നാമിരുവരുംചേർന്ന് സമുദായപുരോഗതിക്കുവേണ്ടി അനവരതം യത്നിക്കണം" എന്ന്. സുമതിക്കുവേണ്ടി എന്തു ത്യാഗമനുഷ്ഠിക്കുവാനും അവൾ സന്നദ്ധയായിരുന്നു.

"ചേച്ചീ! നമുക്കൊരു മൂത്ത സഹോദരനുണ്ടായിരുന്നുവെങ്കിൽ ചേച്ചിയിങ്ങനെ പാടുപെടണോ?" ഒരുദിവസം സുമതി ശാന്തയോടു പറഞ്ഞു.

"നിനക്കു ഞാനൊന്നും ചെയ്യുന്നില്ലേ? നിനക്കെന്തു കുറവാണിപ്പോൾ?" വാത്സല്യപുരസ്സരം സുമതിയെ തലോടിക്കൊണ്ട് ശാന്ത ചോദിച്ചു.

എന്തുകൊണ്ടാണോ ശാന്തയുടെ കണ്ണുകൾ കലങ്ങി.

"അയ്യോ! ചേച്ചി!! ഞാൻ വെറുതെ പറഞ്ഞതാണ്. ചേച്ചി എന്തിനാണു വിഷമിക്കുന്നത്?" സുമതിയും കരയുവാൻ തയ്യാറായി.

"അല്ല, നമുക്കൊരു സഹോദരനുണ്ട്." പെട്ടെന്നു കണ്ണു തുടച്ചുകൊണ്ടു ശാന്ത പറഞ്ഞു.

"സഹോദരനോ? നമുക്കോ? ഇപ്പോൾ എവിടെ?" സുമതി ജിജ്ഞാസയോടുകൂടെ സഹോദരിയുടെ മുഖത്തേക്കു നോക്കി.

"എനിക്ക് ഏഴു വയസ്സുള്ളപ്പോൾ, അതായത് നീ ജനിക്കുന്നതിനു കുറച്ചു മുൻപ് അവൻ നമ്മുടെ വീടുവിട്ട് ഓടിപ്പോയി. പിന്നീട് അവൻ ഇവിടെയെങ്ങും വന്നിട്ടില്ല. അന്നവനു പതിനേഴു വയസ്സു പ്രായമായിരുന്നു. ഇപ്പോൾ സിംഗപ്പൂരിലോ മറ്റോ വലിയ ധനവാനായി ജീവിക്കുന്നുണ്ടെന്നു തോന്നുന്നു. സ്നേഹനിധിയായ മാതാവിനേയും, അവനുവേണ്ടി അത്യദ്ധ്വാനം ചെയ്ത പിതാവിനെയും ഒന്നു സ്മരിക്കപോലും ചെയ്യാതെ സുഖജീവിതം നയിക്കുന്ന ആ

സഹോദരൻ ഇല്ല എന്ന കരുതുന്നതായിരിക്കും ഭേദം." ശാന്തയുടെ വെറുപ്പു കലർന്ന സ്വരം സുമതിയെ അത്ഭുതപ്പെടുത്തി.

"എന്നെ അറിയിക്കാതെ അമ്മയും ചേച്ചിയും ഇക്കാര്യം രഹസ്യമായി സൂക്ഷിച്ചുവല്ലോ?" സുമതി പരിഭവപൂർവ്വം ചോദിച്ചു. "സ്നേഹമില്ലാത്ത ഒരു ജ്യേഷ്ഠനെപ്പററി പറഞ്ഞു് എന്തിനാണു് നിഷ്കളങ്കയായ നിന്നെ വേദനിപ്പിക്കുന്നതു്? അതുകൊണ്ടാണു പറയാഞ്ഞതു്." ശാന്ത സുമതിയെ സാന്ത്വനപ്പെടുത്തുവാൻ ശ്രമിച്ചു.

ശാന്ത സ്വന്തം വിവാഹത്തിൽ അല്പംപോലും താല്പര്യം പ്രദർശിപ്പിച്ചിരുന്നില്ല. രോഗിണിയായ വൃദ്ധമാതാവിനെ ശുശ്രൂഷിക്കുന്നതിനും, സഹോദരിയെ പഠിപ്പിക്കുന്നതിനും, പതിവുള്ള സാമൂഹ്യസേവനം തുടരുന്നതിനും അതു് ഒരു വിലങ്ങുതടിയായിത്തീരുമെന്നവൾ ഭയപ്പെട്ടു. സുമതിയുടെ മുഖത്തു പുഞ്ചിരി മായുന്നതുപോലും കണ്ടു സഹിക്കുവാൻ അവൾ അശക്തയായിരുന്നു. അവളുടെ സന്തോഷത്തിനുവേണ്ടി സ്വജീവിതം ബലികഴിക്കുവാനും ശാന്ത സന്നദ്ധയായിരുന്നു.

സുമതി ഇൻറർമീഡിയററിൽ അതിപ്രശസ്തമായ വിജയം കരസ്ഥമാക്കി. തൻമൂലം വലിയ പ്രയാസമൊന്നും കൂടാതെ മെഡിസിനു പഠിക്കുവാൻ അവൾക്കു പ്രവേശനം ലഭിച്ചു. ഭാഗ്യവശാൽ സ്കോളർഷിപ്പും ലഭിച്ചു. സുമതിയുടെ വിജയത്തിൽ ശാന്തയാണു് കൂടുതൽ ആഹ്ലാദിച്ചതു്. തന്റെ ദീർഘകാലത്തെ അഭിലാഷം അധികം താമസിയാതെ നിറവേറുവാൻ പോകുന്നു എന്ന വിചാരം അവൾക്കു തീരെ അവിശ്വസനീയവും, അത്യന്തം ആനന്ദപ്രദവുമായിരുന്നു. അവൾ കൂടുതൽ അദ്ധ്വാനിച്ചുതുടങ്ങി. സഹോദരിയുടെ പ്രയത്നം വർദ്ധിച്ചതോടുകൂടി സുമതിയും അത്യന്തം ജാഗ്രൂകയായി പഠിച്ചുതുടങ്ങി.

രാത്രി പഠിത്തമെല്ലാം കഴിഞ്ഞു് സുമതി ഉറങ്ങുവാൻ പോകുമ്പോൾ പന്ത്രണ്ടുമണിയോ ഒരു മണിയോ ആകാറുണ്ടു്. അതുവരെ ശാന്തയും ഉറങ്ങാതെ സഹോദരിക്കായി കാത്തിരിക്കും. ഇങ്ങനെ സംതൃപ്തിയും, ആനന്ദവും നിറഞ്ഞ അവരുടെ ജീവിതം ക്ഷമയോടെ വീക്ഷിക്കുവാൻ വിധിക്കു കഴിഞ്ഞില്ല. ബാലാർക്കന്റെ ചെങ്കതിരുകൾ വിശിയിരുന്ന ആ അന്തരീക്ഷം കാർമേഘാവൃതമായിത്തുടങ്ങി. ഓരോ കൊല്ലവും ഒന്നാമതായി വിജയിച്ചിരുന്ന സുമതി മൂന്നാമത്തെ കൊല്ലം പഠിക്കുകയാണു്. പരീക്ഷയ്ക്കു ഫീസുകൊടുക്കുവാൻ ഇനിയും ഒരുമാസമേയുള്ളൂ.

സുമതിയുടെ ആവശ്യം അറിഞ്ഞയുടൻ ശാന്ത അത്രയും രൂപാ എടുത്തു മാററിവച്ചു. സഹോദരിയുടെ നിസ്വാർത്ഥമായ പ്രവൃത്തി സുമതിയെ ആർദ്രയാക്കി. "പാവം, ചേച്ചി! എനിക്കായി എന്തെല്ലാം പാടുപെടുന്നു" അവൾ അറിയാതെ പറഞ്ഞുപോയി.

"സുമതീ! നീ സ്വന്തം പ്രയത്നംമൂലമല്ലേ പഠിക്കുന്നതു്? പോരാത്തതുമാത്രമല്ലേ ഞാൻ ചെലവാക്കുന്നുള്ളൂ? നീ ഇങ്ങനെയെല്ലാം പറഞ്ഞാൽ എനിക്കു വലിയ സങ്കടമാണു്. രണ്ടു കൊല്ലംകൂടി കഴിഞ്ഞാൽ നമ്മുടെ ആദർശജീവിതം ആരംഭിക്കാമല്ലോ" ആശ തിളങ്ങുന്ന കണ്ണുകളിൽ വാത്സല്യമേന്തിക്കൊണ്ടു ശാന്ത പറഞ്ഞു.

"അതെ" എന്നു മാത്രം പറഞ്ഞ സുമതിക്കു് അശ്രുക്കളെ തടയുവാൻ കഴിഞ്ഞില്ല. കഠിനാദ്ധ്വാനംമൂലം ശാന്ത ദിനംപ്രതി ക്ഷീണിച്ചുവരുന്നതു അവൾ മനസ്സിലാക്കിയിരുന്നു. തനിക്കുവേണ്ടി സ്വന്തം സുഖംപോലും വകവയ്ക്കാതെ യത്നിക്കുന്ന ശാന്തയുടെ നിസ്വാർത്ഥത സുമതിയെ ചിന്താകുലയാക്കി. പക്ഷേ ശാന്ത ഇതൊന്നും കൂട്ടാക്കാതെ സേവനത്തെ മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുകയാണു്.

അന്നു കലാലയത്തിൽനിന്നും തിരിച്ചുവന്ന സുമതി കണ്ടതു്, അത്യുഗ്രമായ പനിയോടുകൂടി ശാന്ത കിടക്കുന്നതാണു്. ദേഹം പൊള്ളുന്നുണ്ടു്.

"ചേച്ചീ! സ്വന്തം ശരീരംപോലും സൂക്ഷിക്കാതെ പണിയെടുത്താലെങ്ങനെയാണു്? സാമൂഹ്യസേവനമെന്നു പറഞ്ഞു് ആഹാരംപോലും കഴിക്കാതിരുന്നാൽ രോഗം പിടിപെടാതിരിക്കുമോ?" ശാന്തയെ സുമതി വാത്സല്യപൂർവ്വം ശകാരിച്ചു.

"ഇതൊന്നും സാരമില്ല. നീ സമാധാനമായി പഠിക്കൂ. ഒന്നാമതായിട്ടു പാസ്സാകണ്ടേ?" എന്നു പറഞ്ഞു ശാന്തയുടെ മുഖത്തു ആശയുടെ കതിരൊളികൾ പ്രകാശിച്ചിരുന്നു.

ശാന്തയുടെ വിളറിയ മുഖവും ക്ഷീണിച്ച ശരീരവും സുമതിയിൽ അകാരണമായ ഒരു ഭീതിയുളവാക്കി. ശാന്ത ജീവിക്കുമോ? അവൾ മരിച്ചുപോയാൽ? അയ്യോ! അതോർക്കുവാൻപോലും വയ്യ സുമതിക്ക്.

സുമതി, ശാന്തയുടെ അടുത്തുനിന്നും മാറാതെ ശുശ്രൂഷിച്ചു തുടങ്ങിയിട്ടു ഒരാഴ്ചയായി. യാതൊരു കുറവുമില്ല. ശാന്തയുടെ ക്ഷീണം മാത്രം അനുനിമിഷം വർദ്ധിച്ചുകൊണ്ടിരുന്നു.

ശാന്തയെ പരിശോധിച്ച ഡോക്ടർ അവൾക്കു വന്നിട്ടുള്ളതു് മാരകമായ ഒരു രോഗമാണെന്നും, പുതുതായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ഒരു മരുന്നു പന്ത്രണ്ടു മണിക്കൂറിനകം കുത്തിവച്ചാലേ രോഗി ജീവിക്കുകയുള്ളു എന്നും സുമതിയെ അറിയിച്ചു.

മരുന്നിന്റെ വില അറിഞ്ഞപ്പോൾ സുമതി ഞെട്ടിപ്പോയി. അൻപതു രൂപ! എവിടെപ്പോകും അതിന്? അയൽപക്കത്തു നിന്നെല്ലാം കടം മേടിച്ചുകഴിഞ്ഞു. എങ്കിലും അവൾ വീണ്ടും ചോദിച്ചു. പക്ഷേ ദരിദ്രരായ അവർക്കു കൊടുക്കുവാനുള്ള സന്മനസ്സുണ്ടെങ്കിലും പണം വേണ്ടേ? സമയം സന്ധ്യയായി, സുമതി വിഷമിച്ചു. ഇനി എന്താണു വഴി? പെട്ടെന്ന് അവൾക്കൊരോർമ്മ വന്നു. അതെ, ശാന്ത എടുത്തുവച്ചിട്ടുണ്ട്, ഫീസു കൊടുക്കുവാനുള്ള രൂപ! അതിൽനിന്നും എടുക്കാമല്ലോ അൻപതു രൂപ! പരീക്ഷയുടെ കാര്യം പിന്നെയാലോചിക്കാം. മരണത്തിൽനിന്നും ഒരു ജീവനെ, ത്യാഗനിധിയായ ഒരു ജീവനെ രക്ഷിക്കുന്നതല്ലേ പ്രധാനം? ഇതുപോലെ ത്യാഗനിധിയും, സ്നേഹസമ്പൂർണ്ണയുമായ ഒരു സഹോദരിയെ പിന്നീടു കിട്ടുമോ? അവൾ അകത്തേക്കോടി. "ചേച്ചീ! ആ രൂപായെവിടെയാണ്? എന്റെ പരീക്ഷയുടെ ഫീസ്? അവൾ ചോദിച്ചു.

"അതോ? അതെന്തിനാണിപ്പോൾ?"

"ചേച്ചിക്കൊരു മരുന്നു വാങ്ങാൻ."

"അതന്നേ തീർന്നുപോയല്ലോ." ശാന്തയുടെ ശബ്ദം കേട്ടു സുമതി അമ്പരന്നുപോയി. എന്താണാ ശബ്ദം ഇങ്ങനെ പതറുന്നതു്?

"അതെങ്ങനെ തീർന്നു? ഞാനറിയാതെ?" സുമതിക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല.

"അതെല്ലാം പലതിനുമായി തീർന്നുപോയി." ശാന്തവിരക്തിയോടുകൂടിപ്പിറുത്തിട്ട് കണ്ണുകളടച്ചു.

സുമതി വീടു മുഴുവനും തിരഞ്ഞു. പക്ഷെ രൂപ കിട്ടിയാലല്ലേ? ഇനിയെന്തു വഴി? ഓരോ നിമിഷവും ഇനി വിലയേറിയതാണ്. ആ ഡോക്ടറെത്തന്നെ ശരണം പ്രാപിക്കുക. സുമതി ഡോക്ടറുടെ വസതിയിലേക്ക് ഓടി.

"എവിടെ രൂപാ? മരുന്നുകൊണ്ടു ഞാനിതാ വരുന്നുണ്ട്. പണമെവിടെ? അമ്പതു രൂപാ?" ആ ഡോക്ടറുടെ വക്ത്രത്തിൽനിന്നും പുറപ്പെട്ട വാക്കുകൾ!

പണമോ? സുമതിയെവിടെപ്പോകും അതിന്?

"ഡോക്ടർ ദയവുചെയ്തു ഈയൊരൊറ്റപ്രാവശ്യം മാത്രം എന്റെ സഹോദരിയെ രക്ഷിക്കണം. ഇപ്പോൾ രൂപാ കൈവശമില്ല. അതു ഞാൻ പിന്നീടു എങ്ങനെയെങ്കിലും തരാം." സുമതി താണു കേണപേക്ഷിച്ചു.

ആ ഡോക്ടറുടെ മുഖത്തു ദയയുടെ കണികപോലും വേണ്ടേ? തിരിഞ്ഞുനോക്കാതെ അകത്തേക്കു നടന്ന ആ ഡോക്ടറുടെ നേർക്കു സുമതി ക്രുദ്ധയായി ഒന്നു നോക്കി. ഒരു ജീവനേക്കാൾ രൂപയാണോ വിലയേറിയതു്? സാമൂഹ്യ ക്ഷേമത്തിനായി പുറപ്പെട്ടിരിക്കുന്ന ദയാലുക്കൾ! കഷ്ടം! ഇനി ദൈവം രക്ഷിക്കട്ടെ സുമതിയുടെ സഹോദരിയെ. സുമതി വീട്ടിലേക്കു നടന്നു.

വീട്ടിൽ അസാധാരണമായ ഒരു നിശ്ശബ്ദത. അവൾ അകത്തു കടന്നു. മങ്ങിയ ഒരു വിളക്കു മാത്രം കത്തുന്നുണ്ട്. നേരിയ നിലാവു ജനാലയിൽക്കൂടി അകത്തു പ്രവേശിക്കുന്നുണ്ട്. ശാന്ത ബോധരഹിതയായി കിടക്കുകയാണ്. സുമതി അടുത്തു വന്നപ്പോൾ ശാന്ത പെട്ടെന്ന് കണ്ണു തുറന്നു.

"സുമതീ" എന്നു ആ ചുണ്ടുകൾ മെല്ലെ മന്ത്രിച്ചു.

"ചേച്ചീ" എന്നു മാത്രം പറഞ്ഞ സുമതിക്കു കരച്ചിലടക്കുവാൻ കഴിഞ്ഞില്ല. അവൾ വിങ്ങിക്കരഞ്ഞു.

ശാന്തയുടെ കണ്ണുകളിലും അശ്രുകണങ്ങൾ പൊടിഞ്ഞു. "നീ നന്നായിട്ടു പഠിക്കണം" അവൾ നേരിയ സ്വരത്തിൽ പറഞ്ഞു. "ചേച്ചി ഉറങ്ങു. ഞാൻ ശ്രദ്ധിച്ചു പഠിക്കാം." സുമതി അശ്രുവിനെത്തടഞ്ഞുകൊണ്ടു് പറഞ്ഞു.

"സുമതീ കരയല്ലേ" എന്നു പറഞ്ഞുകൊണ്ടു് ശാന്ത അവളുടെ കണ്ണു തുടയ്ക്കുവാൻ കയ്യുയർത്തി. ശാന്തയുടെ മുഖത്തു് അസാധാരണമായ ഒരു തേജസ്സ്! ആ കണ്ണുകൾ മിന്നിത്തിളങ്ങി. അവസാനമായി തെളിഞ്ഞ ഒരു പുഞ്ചിരി ആ മുഖത്തു പ്രത്യക്ഷപ്പെട്ടു. ഉയർത്തിയ കൈകൾ പെട്ടെന്നു നിലംപതിച്ചു. കണ്ണുകൾ അടഞ്ഞു.

"അയ്യോ! ചേച്ചീ............" സുമതി ബോധരഹിതയായി വീണു.

ഇതെല്ലാം കണ്ടു നില്ക്കുവാൻ ധൈര്യമില്ലാതെ ചന്ദ്രൻ പെട്ടെന്നു കാർമേഘത്തിനുള്ളിൽ മറഞ്ഞുപോയി.

ശാന്ത മരിച്ചിട്ടു് നാലഞ്ചു ദിവസമായി. ദുഃഖാവൃതമായ മുഖത്തോടുകൂടി ശാന്തയുടെ തലയിണ മടിയിൽവച്ചു തലോടിക്കൊണ്ടു ചിന്താമഗ്നയായി ഇരിക്കുകയാണു് സുമതി. രോഗിണിയായ മാതാവല്ലാതെ ഇനിയവൾക്കാരാണു് ആലംബം. പെട്ടെന്നു തലയിണയിൽ എന്തോ തടയുന്നതുപോലെ അവൾക്കു തോന്നി. അവൾ തലയിണയുറ ഊരിയപ്പോൾ ഒരു കനത്ത കവർ താഴെ വീണു. "സുമതിക്കു" എന്നു മാത്രം അതിന്റെ പുറത്തെഴുതിയിരുന്ന കൈയക്ഷരം ശാന്തയുടേതാണു് സംശയമില്ല. സുമതി ഉല്ക്കണ്ഠാപൂർവ്വം കവർ പൊട്ടിച്ചു. കുറെ രൂപാ നോട്ടുകളും, ഒരു കത്തും! അവൾ ജിജ്ഞാസയോടുകൂടി കത്തു വായിച്ചുതുടങ്ങി.

പ്രിയപ്പെട്ട അനുജത്തി,

നിന്നോടു ഒരു വലിയ കള്ളം പറയേണ്ടി വന്നതിൽ എനിക്കതിയായ വിഷാദം ഉണ്ടു്. നിന്റെ ഫീസിനുള്ള രൂപാ ഞാൻ ഒളിച്ചുവച്ചു, നിനക്കുവേണ്ടി. അതു തീർന്നുവെന്നു ഞാൻ പറഞ്ഞതു നീ വിശ്വസിച്ചില്ല. ഞാൻ ജീവിക്കുകയില്ല എന്നെനിക്കു ഉറപ്പുണ്ടു്. വെറുതേ പണമെന്തിനു വ്യർത്ഥമാക്കണം? നീ എനിക്കു പ്രാണതുല്യയാണു്. സന്താപമെല്ലാം തുടച്ചുകളഞ്ഞിട്ടു് നീ പഠിച്ചു് [illegible] നല്ല ഡോക്ടറാകണം. സാമൂഹ്യസേവനത്തിനായി നീ നിന്റെ ജീവിതം ഉപയോഗിക്കണം. അതാണെന്റെ അന്ത്യാഭിലാഷം. നിസ്വാർത്ഥമായ നിന്റെ സാമൂഹ്യസേവനം മാത്രമേ എനിക്കാത്മശാന്തിയേകുകയുള്ളൂ. വ്യസനിക്കരുതു്, നിന്നെ ജഗദീശ്വരൻ കടാക്ഷിക്കും.

നിന്റെ—ശാന്ത.

സുമതിക്കു കത്തു മുഴുവൻ വായിക്കുവാൻ കഴിഞ്ഞില്ല. കണ്ണുനീർകൊണ്ടു മിഴികൾ മറഞ്ഞു. ത്യാഗവതിയായ ചേച്ചി! ഇങ്ങനെ ഒരു ജീവിതം ആരെങ്കിലും സേവനത്തിനും, സഹോദരസ്നേഹത്തിനും മുമ്പിൽ ബലികഴിക്കുമോ? അവളുടെ ഹൃദയം വിവിധവികാരങ്ങളാൽ നിർഭരമായി. അവൾ പെട്ടെന്നു കണ്ണുനീർ തുടച്ചിട്ടു് നിവർന്നിരുന്നു. അതേ! ശാന്തയുടെ ആത്മശാന്തിക്കുവേണ്ടിയെങ്കിലും അവൾ എങ്ങനെയെങ്കിലും പഠിച്ചു് ഡോക്ടറാകണം. അവൾ തീരുമാനിച്ചു. പക്ഷേ, പണം? ഇനിയും രണ്ടു കൊല്ലംകൂടി പഠിക്കുവാനും, സ്വമാതാവിനെ ശുശ്രൂഷിക്കുവാനും പണത്തിനു എന്തു ചെയ്യും? അതെങ്ങനെയെങ്കിലും അദ്ധ്വാനിച്ചു് ശേഖരിച്ചു് തീർച്ചയായും ശാന്തയുടെ അഭിലാഷം പൂർത്തിയാക്കാൻ അവൾ ഉറച്ചു.

ആരോ പടിക്കൽ വിളിക്കുന്നതുപോലെ തോന്നി. സുമതി പെട്ടെന്നു കതകു തുറന്നു.

ആഡംബരപൂർവ്വമായ വേഷത്തോടുകൂടി ഒരു വൃദ്ധൻ അകത്തു പ്രവേശിച്ചു. "ഇതല്ലേ, പ്രൈമറിസ്കൂളദ്ധ്യാപികയായ ശാന്തയുടെ വീടു്?" അയാൾ ചോദിച്ചു.

"അതേ, ഇപ്പോൾ ശാന്ത ഇവിടെ ഇല്ല. ഞാനവളുടെ സഹോദരിയാണു്."

സുമതി അയാളെ അകത്തു വിളിച്ചിരുത്തി.

# നമ്മുടെ നാടകവേദി

പി. ഗോപാലകൃഷ്ണൻ, ക്ലാസ്സ് II, കെമിസ്ട്രി.

മലയാള നാടകവേദിക്ക് ഏതാണ്ട് എഴുപതു വർഷക്കാലത്തെ ചരിത്രമേയുള്ളു. ഇംഗ്ലീഷു ഭാഷയിൽക്കൂടി വന്ന പാശ്ചാത്യ നാടകങ്ങളും, തമിഴ് സംഗീത നാടകങ്ങളും, സംസ്കൃത നാടകങ്ങളും നമ്മുടെ നാടക സാഹിത്യത്തിൽ കുറച്ചൊന്നുമല്ല സ്വാധീനത ചെലുത്തിയിട്ടുള്ളത്. സംസ്കൃത നാടകങ്ങളോ, ആംഗല ഭാഷയിൽക്കൂടി വന്ന പാശ്ചാത്യ നാടകങ്ങളോ അവയുടെ മൂല രൂപത്തിൽ അഭിനയിച്ചു വിജയിപ്പിക്കുവാൻ കേരളത്തിൽ അധികമൊന്നും സാധിച്ചിട്ടില്ല. എന്നാൽ മലയാള നാടക സാഹിത്യത്തിന്റെ അടിത്തറ പാകിയത് ഈ ആംഗല സംസ്കൃത നാടകങ്ങളാണെന്നുള്ളതിന് സംശ

---

അയാൾ പറഞ്ഞു :—

"ഞാൻ നിങ്ങളുടെ സഹോദരന്റെ സ്നേഹിതനാണ്. ഒരു മാസം മുമ്പ് ബാലൻ, നിങ്ങളുടെ ജ്യേഷ്ഠൻ പെട്ടെന്നു ഹൃദ്രോഗം മൂലം മരിച്ചുപോയി. അയാളുടെ സ്വത്തു മുഴുവൻ വിറ്റ് ആ രൂപ നിങ്ങളെ ഏല്പിക്കുവാൻ വന്നതാണ്."

ആശ്ചര്യപരതന്ത്രയായ സുമതി "ചേട്ടനെവിടെയായിരുന്നു" എന്നു ചോദിച്ചു.

"ബാലൻ സിംഗപ്പൂരിൽ കുറച്ചു കാലം ജോലി നോക്കിയ ശേഷം ഡൽഹിയിൽ ഒരു ഫാക്ടറി സ്വന്തമായി സ്ഥാപിച്ച് അവിടെ താമസിക്കുകയായിരുന്നു. വിവാഹമൊന്നും കഴിച്ചില്ല. മരണാനന്തരം പണം മുഴുവനും നിങ്ങളെ ഏല്പിക്കണമെന്ന് ബാലൻ എഴുതി വച്ചിരുന്നു. നിങ്ങളെ കുറെ ദിവസമായി ഞാൻ അന്വേഷിക്കുകയാണ്. ഇന്നാണ് കണ്ടുപിടിച്ചത്." ഇത്രയും പറഞ്ഞ ശേഷം ഒരു ചെറിയ പെട്ടി സുമതിയുടെ പക്കൽ ഏല്പിച്ചിട്ട് അയാൾ യാത്രയായി.

പെട്ടെന്നു താനൊരു വലിയ ധനികയായതിൽ സുമതിക്കു തെല്ലും സന്തോഷമുണ്ടായില്ല. എന്തിനാണവൾക്കിനി സുഖമായ ഒരു ജീവിതം? പ്രാണതുല്യയായ സഹോദരി ദാരിദ്ര്യം മാത്രം അനുഭവിച്ച്, ഒരു ജീവിതസുഖവുമാസ്വദിക്കാതെ മറഞ്ഞുപോയി. അവൾ അനുഭവിക്കാത്ത സുഖസൌകര്യങ്ങൾ ഇനി സുമതിക്കെന്തിനാണ്?

അത്യാവശ്യത്തിനു മാത്രം പണം ചെലവഴിച്ച് പഠിച്ച് അവൾ ഡോക്ടറായിത്തീർന്നു. അധികം താമസിയാതെ അവളുടെ ഏക ആലംബമായ മാതാവും അന്തരിച്ചു.

സഹോദരനിൽനിന്നും ലഭിച്ച വമ്പിച്ച തുക അവൾ 'ശാന്തിനിലയം' പണികഴിപ്പിക്കുവാനായി ഉപയോഗിച്ചു. ചെറുകുട്ടികൾക്കുവേണ്ടി പല ത്യാഗങ്ങളും സഹിച്ച ശാന്തയുടെ സ്മാരകമാണ് 'ശാന്തിനിലയം' അനാഥമന്ദിരം. ഒരു ദിവസംപോലും സുമതി 'ശാന്തിനിലയം' സന്ദർശിക്കാതെ ദിനചര്യകളിലേർപ്പെടാറില്ല.

സുമതി ഡോക്ടറായിട്ട് ആറു കൊല്ലമായി. തന്റെ സഹോദരന്റെ പെരുമാററവും സഹോദരിയുടെ മരണത്തിനു ഹേതുവായ ആ ഡോക്ടറും അവളുടെ ഹൃദയത്തിൽ മായാത്ത വ്രണമേല്പിച്ചിട്ടുണ്ട്. അതിനാൽ അവൾ ജീവിതം മുഴുവൻ അവിവാഹിതയായിരിക്കുവാനാണ് തീർച്ചപ്പെടുത്തിയിട്ടുള്ളത്.

* * *

പെട്ടെന്ന് പുറപ്പെട്ട മണിനാദം സുമതിയെ ചിന്താവിമുക്തയാക്കി. 'ശാന്തിനിലയ'ത്തിൽനിന്നും മണിനാദത്തെത്തുടർന്നു പുറപ്പെട്ട പ്രാർത്ഥനാഗീതം അവളുടെ മനസ്സിനു അനിർവ്വാച്യമായ ഒരു ശാന്തി അരുളി. തടാക തീരത്തുനിന്നും എഴുന്നേററ അവൾ അറിയാതെ 'ശാന്തിനിലയ'ത്തെ ലക്ഷ്യമാക്കി കൈകൂപ്പി സ്വവസതിയിലേക്കു നടന്നു. അവൾക്കു മന്ദമാരുതനിൽ തലയാട്ടിക്കൊണ്ടിരുന്ന പുഷ്പലതകൾ വിടനല്കിക്കൊണ്ടിരുന്നു.

യമില്ല. ആംഗല സംസ്കൃത തമിഴ് ഭാഷകളിൽക്കൂടി വന്ന നാടകങ്ങൾ നമ്മുടെ നാടകസാഹിത്യത്തിന്റെ പുരോഗതിക്ക് സഹായിച്ചിട്ടുണ്ടെങ്കിലും മലയാള നാടക സാഹിത്യത്തിന് തനതായ ഒരു നാടക വേദി ഉയർന്നു വന്നിട്ടുള്ളത് ഈ അടുത്ത കാലത്താണ്.

നമ്മുടെ നാടകവേദിയുടെ ഉൽപ്പത്തിയെപ്പറ്റിത്തന്നെ ആദ്യമായി ചിന്തിക്കാം. യവന നാടകങ്ങളുടെയും കേരളീയ നാടകങ്ങളുടെയും ഉല്പത്തിയിലും, ക്രമിക വികാസത്തിലും വളരെ സാമ്യം കാണുന്നുണ്ട്. കേവലമായ ഭക്തിയിൽനിന്നും ആരാധനാച്ചടങ്ങുകളിൽനിന്നുമാണ് രണ്ടിന്റെയും ഉടലെടുപ്പ്. രണ്ടിലും സാധാരണ രംഗ സംവിധാനങ്ങൾ പതിവില്ല. അതുപോലെതന്നെ രണ്ടിലും പൊതു സ്ഥലങ്ങളാണ് രംഗങ്ങൾ. കേവലമായ ഗ്രാമീണ ഗാനങ്ങളിൽ നിന്നാണ് രണ്ടിന്റെയും ഉടലെടുപ്പ്. യവന നാടകങ്ങളിലെന്നപോലെ നമ്മുടെ നാടകരംഗത്തിൽ ആദ്യം ഒരു നടൻ മാത്രമേ പ്രത്യക്ഷപ്പെട്ടിരുന്നുള്ളൂ. രണ്ടു നടന്മാരെ രംഗത്തിൽ പ്രവേശിപ്പിച്ച് സംഭാഷണ സമ്പ്രദായം ഉടലെടുത്തത് വളരെ വർഷങ്ങൾ കഴിഞ്ഞതിനു ശേഷമാണ്. കൂടിയേറ്റിന്റെ ഉടലെടുപ്പ് നമ്മുടെ നാടകവേദിയുടെ അതിപ്രധാനമായ ഒരു ഘട്ടത്തെ സൂചിപ്പിക്കുന്നു. ഒന്നിലധികം നടന്മാർ രംഗത്തിൽ പ്രവേശിക്കുന്നതും സംഭാഷണ സമ്പ്രദായം നടപ്പിൽ വരുന്നതും കൂടിയേറ്റിന്റെ ഉത്ഭവത്തോടു കൂടിയാണ്.

മലയാള നാടക സാഹിത്യത്തിന്റെ ക്രമാനുഗതമായ വളർച്ചയെ പ്രധാനമായി മൂന്നു ഘട്ടങ്ങളായിത്തിരിക്കാവുന്നതാണ്. ഇവയിൽ ഒന്നാമത്തേത്, ഭാസകാളിദാസഭവഭൂതിമാരെ അനുകരിച്ചെഴുതിയ സംസ്കൃത നാടക കാലഘട്ടമാണ്. ഈ സംസ്കൃത നാടകങ്ങൾക്ക് തമിഴ് സംഗീത നാടകങ്ങളെപ്പോലെ കേരള ജനതതിയെ ഹഠാദാകർഷിക്കുന്നതിനു കഴിഞ്ഞിട്ടില്ല.

രണ്ടാമത്തെ കാലഘട്ടം സംഗീത പ്രധാനമായ തമിഴ് നാടകത്തിന്റേതാണ്. ഇത്തരത്തിലുള്ള നാടകങ്ങൾ കൂടുതൽ ജനങ്ങളെ ആകർഷിക്കുകയും, തന്മൂലം തമിഴ് നാടക കമ്പനിക്കാർ കേരളത്തിലങ്ങോളമിങ്ങോളം നാടകം കളിച്ച് കുറച്ചധികം പണം സമ്പാദിക്കുകയും ചെയ്തു.

വിപ്ലവോന്മുഖവും, കൂടുതൽ പ്രധാന്യമർഹിക്കുന്നതുമായ കാലഘട്ടം മൂന്നാമത്തേതാണ്. ആംഗല നാടകങ്ങളെപ്പോലെ ഗദ്യനാടകങ്ങൾ മലയാളത്തിലും ഉണ്ടാകുവാൻ തുടങ്ങി. ഇതിവൃത്തത്തിലും വിപ്ലവോന്മുഖമായ പരിവർത്തനമുണ്ടായി. മിക്ക നാടകങ്ങളുടെയും മുഖ്യവിഷയം സാമൂഹ്യ പ്രശ്നങ്ങളാണ്. അവയ്ക്കെല്ലാം ജീവിതവുമായി അഭേദ്യമായ ബന്ധവുമുണ്ട്. ഇന്നു നമ്മുടെ നാടക സാഹിത്യം അതിന്റെ മൂന്നാമത്തെ ഘട്ടത്തിലാണ് നിലകൊള്ളുന്നത്.

മലയാളത്തിലെ ആദ്യത്തെ നാടകം എ. ഡി. ഏഴാം ശതകത്തിൽ ശക്തി ഭദ്രൻ എന്ന കേരളീയൻ എഴുതിയ 'ആശ്ചര്യചൂഡാമണി'യാണ്. ഇതൊരു സംസ്കൃത നാടകമാണ്. ശക്തിഭദ്രൻ കേരളീയനാണെങ്കിലും ഒരു സംസ്കൃത നാടകമായ 'ആശ്ചര്യചൂഡാമണി' കേരളത്തിൽ ഉടലെടുത്തു എന്ന കാരണത്താൽ അതിന് 'കേരളത്തിലെ ആദ്യനാടകം' എന്ന സംജ്ഞ കൊടുക്കുവാൻ അർഹതയില്ല. കാരണം അതിനു കേരളീയത്വമില്ലാത്തതുകൊണ്ടു തന്നെ. എ. ഡി. പത്താം ശതകത്തിൽ രചിക്കപ്പെട്ട 'ദൗർഭാഗ്യമഞ്ജരി'യാണ് ആദ്യത്തെ മലയാള നാടകമായി കണക്കാക്കപ്പെടുന്നത്. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ മണിപ്രവാള ശാകുന്തളം നിർമ്മിച്ചതോടു കൂടിയാണ് കേരളത്തിൽ നാടക സാഹിത്യം വികസിക്കുവാൻ തുടങ്ങിയത്. ഇത് സംസ്കൃതത്തിൽനിന്ന് തർജ്ജിമ ചെയ്തതാണ്. ഇതിനെത്തുടർന്ന് എ. ആർ. തമ്പുരാൻ മലയാള ശാകുന്തളം എഴുതി. വള്ളത്തോൾ നാരായണമേനോൻ അവർകളും ഭാഷാശാകുന്തളം എന്ന പേരിൽ ശാകുന്തളം തർജ്ജമ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇരുപതോളം ശാകുന്തള തർജ്ജമകൾ ഇതിനകം ഉണ്ടായിട്ടുണ്ട്.

'ചാരുദത്തൻ', 'മാളവികാഗ്നിമിത്രം' എന്നീ സംസ്കൃത നാടകങ്ങൾ എ. ആർ. രാജരാജവർമ്മ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്തു. ഈയിടെയ്ക്ക് കൊട്ടാരത്തിൽ ശങ്കുണ്ണി 'മാലതീമാധവവും', കെ. സി. കേശവപിള്ള 'വിക്രമോർവ്വശീയവും' മലയാളത്തിലേയ്ക്ക്

തർജ്ജമ ചെയ്തു. ആയിടയ്ക്കുതന്നെ ചാത്തുക്കുട്ടിമന്നാടിയാർ, ഭവഭൂതിയുടെ 'ഉത്തരരാമചരിതം' അതിന്റെ കവിതാഭംഗിക്ക് അല്പവും വിഘാതം വരാതെതന്നെ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്തു. ഇപ്രകാരം ഭാസകാളിദാസഭവഭൂതിമാരുടെ മിക്ക സംസ്കൃത നാടകങ്ങളും മലയാളത്തിലേക്ക് പ്രഗത്ഭരായ സാഹിത്യകുശലന്മാർ തർജ്ജമ ചെയ്തു പ്രസിദ്ധപ്പെടുത്തി മലയാള നാടകസാഹിത്യത്തിന്റെ അസ്ഥിവാരം ഉറപ്പിച്ചു.

പല സ്വതന്ത്ര നാടകങ്ങളും ഇക്കാലത്തു വെളിയിൽ വരുവാൻ തുടങ്ങി. കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ 'കല്യാണിനാടക'മാണ് സ്വതന്ത്രനാടകങ്ങളിൽ പ്രഥമം. ഈ സ്വതന്ത്ര നാടകങ്ങളിൽ പാശ്ചാത്യസാഹിത്യപ്രഭാവം സ്വാധീനത ചെലുത്തിയിരുന്നു. മലയാളത്തിലെ 'സ്കോട്ടായ' സി. വി. രാമൻപിള്ളയും, മലയാളത്തിലെ 'ഇബ്സൻ' എന്ന അപരനാമത്തിനർഹനായ എൻ. കൃഷ്ണപിള്ളയും ഒന്നാം കിടയിലുള്ള ഏതാനും നാടകങ്ങൾ രചിച്ചു. സി. വി. യുടെ 'ചന്ദ്രമുഖീവിലാസം', എൻ. കൃഷ്ണപിള്ളയുടെ 'ഭഗ്നഭവനം', 'കന്യക', 'അനുരഞ്ജനം' എന്നീ നാടകങ്ങളും അക്കാലത്തു പുറത്തിറങ്ങിയ നല്ല നാടകങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. പാശ്ചാത്യ നാടക രംഗത്ത് ഇബ്സൻ വിപ്ലവം സൃഷ്ടിച്ചതുപോലെ എൻ. കൃഷ്ണപിള്ളയുടെ നാടകങ്ങളും മലയാള നാടകവേദിയിൽ വിപ്ലവം സൃഷ്ടിച്ചു.

മലയാളത്തിലെ പ്രസിദ്ധി നേടിയ മറ്റൊരു നാടകകൃത്താണ് ശ്രീ. ടി. എൻ. ഗോപിനാഥൻ നായർ. അദ്ദേഹം വളരെ അധികം നാടകങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും, 'നേരംപോക്കിനു വായിക്കാവുന്ന പുസ്തകങ്ങൾ' എന്ന നിലയിൽക്കവിഞ്ഞ് അവയ്ക്ക് വളരെയധികം പ്രാധാന്യമൊന്നുമില്ല.

മലയാള നാടകവേദിയുടെ നവോത്ഥാനഘട്ടത്തെക്കുറിക്കുന്നത് ശ്രീ. ഇടശ്ശേരിയുടെ 'കൂട്ടുകൃഷി'യാണ്. ഇടശ്ശേരി ചുറ്റുള്ള മനുഷ്യ പ്രശ്നങ്ങളെ ആധാരമാക്കി ഒന്നാം തരം നാടകങ്ങളെഴുതി. 'പാടത്തെ ചേറും ചെളിയും നാടക രംഗത്തിൽ കൊണ്ടുവന്നു' എന്നതിൽക്കവിഞ്ഞ്, 'കർഷകന്റെ വിയർപ്പും, ഗ്രാമീണ സൌന്ദര്യവും' നാടക രംഗത്തിൽ വിജയകരമാംവണ്ണം പ്രദർശിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചുവെന്നത് ഒരു മഹത്തായ നേട്ടമാണ്.

കഴിഞ്ഞ പത്തു കൊല്ലങ്ങൾക്കുള്ളിൽ മലയാളത്തിൽ വളരെയധികം നാടകങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവയിലെല്ലാം പുതിയതായ ഒരുണർവ്വ് നിഴലിച്ചു നിൽക്കുന്നുണ്ട്. ഈയിടയ്ക്കുണ്ടായ നാടകങ്ങൾ മിക്കതും അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ മുന്നേറ്റത്തെ ചിത്രീകരിച്ചു കൊണ്ടുള്ളതാണ്. ഒന്നാം കിടയിലുള്ള പല നല്ല നാടകങ്ങളും ഇക്കാലത്തു പുറത്തു വന്നു. കെ. ടി. മുഹമ്മദിന്റെ 'ഇതു ഭൂമിയാണ്', തിക്കോടിയന്റെ 'ജീവിതം', തോപ്പിൽ ഭാസിയുടെ 'നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി,' 'മുടിയനായ പുത്രൻ', ചെറുകാടിന്റെ 'നമ്മളൊന്ന്', 'മനുഷ്യഹൃദയങ്ങൾ', പി. ജെ. ആന്റണിയുടെ 'ഇങ്ക്വിലാബിന്റെ മക്കൾ', പൊൻകുന്നം വർക്കിയുടെ 'വഴി തുറന്നു', 'സ്വർഗ്ഗം നാണിക്കുന്നു', എസ്സ്. എൽ. പുരം സദാനന്ദന്റെ 'ഒരാൾ കൂടി കള്ളനായി', എരൂർ വാസുദേവന്റെ 'ജീവിതം അവസാനിക്കുന്നില്ല', കലാനിലയം കൃഷ്ണൻനായരുടെ 'എളേയടത്തു റാണി' എന്നിവ എടുത്തു പറയാവുന്നതാണ്. ഈ നാടകങ്ങളിൽ മിക്കതും സമകാലിക പ്രശ്നങ്ങളെ അധികരിച്ചെഴുതിയതാണ്. തോപ്പിൽ ഭാസി, തിക്കോടിയൻ, കെ. ടി. മുഹമ്മദ്, പൊൻകുന്നം വർക്കി എന്നിവർ നീറുന്ന ജീവിത പ്രശ്നങ്ങളെ ആധാരമാക്കി ഒന്നാം തരം നാടകങ്ങളെഴുതുന്നതിൽ അത്യന്തം വിജയിച്ചിട്ടുണ്ട്. 'ഇതു ഭൂമിയാണ്', 'വഴി തുറന്നു', 'ഇങ്ക്വിലാബിന്റെ മക്കൾ' എന്നീ നാടകങ്ങളിൽ ഇന്നത്തെ തീവ്രമായ ജീവൽ പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കുവാൻ ആ നാടക രചയിതാക്കൾ വളരെ അധികം ശ്രമിച്ചിട്ടുണ്ട്.

ഇന്നു മലയാളത്തിൽ നല്ല നാടകങ്ങളെഴുതുന്ന രണ്ടു പേരാണ് ശ്രീ. കെ. ടി. മുഹമ്മദും തോപ്പിൽ ഭാസിയും. ഇവർ സമകാലികമായ സാമൂഹ്യ പ്രശ്നങ്ങളെ പുരസ്കരിച്ച് നാടകങ്ങൾ നിർമ്മിക്കുന്നവരാണ്. ശ്രീ. കെ. ടി. മുഹമ്മദിന്റെ നാടകങ്ങൾ മറ്റുള്ളവരുടെ നാടകങ്ങളെക്കാൾ തീക്ഷ്ണ തരമാ

# സ്മ ര ണ

പി. സി. കർത്താ

എന്നിലുയരമിനിശ്ശബ്ദ വീചിക-
ളെങ്ങുമലയൊലിക്കൊള്ളുന്നുവെങ്കിലും
ആയതിന്നോരോ കണികയുമെന്തനം,
പോയകാലത്തിന്റെ ചാലിലെത്തിയുയാം.

വിർപ്പുകൾ റിട്ട ഞാനേകാന്തമാനസൻ
തിരപ്പൊന്നുമില്ലാതെ വാടിക്കഴയവേ,
മന്ദഹാസത്തിൻ മലരുകളോരോന്ന
മന്ദപ്രഭം വാടിവീണ കൊഴിയവേ,

കാർമുകിൽ മാലകൾക്കുള്ളിൽത്തെളിയുന്ന
തൂമിന്നൽ പൊന്നൊളി വീശുന്നപോലവേ
മങ്ങിയും കെട്ടമിരിയ്ക്കുമിജ്ജീവിതം
മന്ദഹസിയ്ക്കുന്ന മുഗ്ദ്ധസ്മൃതികളാൽ.

പൂട്ടിയിരിക്കുന്ന വാതിലിൽ ശങ്കിച്ചു-
തട്ടി വിളിയ്ക്കുമൊരാഗതനെന്നപോൽ
മുട്ടുകയാണെന്റെ മാനസവേദിതൻ
തട്ടിലൊരായിര, മായിരമോർമ്മകൾ.

മിന്നാമിനുങ്ങുകൾ പോലവ മങ്ങിയും
മിന്നിയും കെട്ടമിടയ്ക്കിടെക്കത്തിയും
നില്ക്കുന്ന നിഷ്പ്രഭ; മെങ്കിലും ചാരത്തി-
രിപ്പുണ്ടൊരു ഭദ്രദീപമത്യുജ്ജ്വലം.

ഓർമ്മതൻ പൂക്കൾ കൊരുത്തു ഞാൻ നിർമ്മി-
ക്കുമീമാല്യമെത്രമേൽ നിർഗ്ഗന്ധമെങ്കിലും
ഉണ്ടതിലെൻ കലാശാല തൻ മാധുരി
ചൊണ്ടിട്ട നില്ക്കുന്ന ജീവിതസൌരഭം.

മുഗ്ദ്ധപ്രതീക്ഷകൾ, മോഹനസ്വപ്നങ്ങൾ,—
തത്തുന്ന കാലടിത്താരമായന്നു ഞാൻ
ചെന്നു കരേറിയ[illegible]ണാമലർവനി-
തൻ നികഞ്ജത്തി[illegible]ാരത്തുതവേളയിൽ.

വിജ്ഞാനമുന്തിരിയേന്തും ചഷകങ്ങൾ
വിശ്രമമെന്യേ ഞാൻ മോന്തിക്കുടിച്ചതും
ഓരോ തരിയും നുണഞ്ഞു ഞാൻ വീണ്ടുമൊ-
രാനന്ദമേഖലയ്ക്കപ്പുറം വാണതും-

സംഭവശ്രേണികളിവിധമായിര-
മെൻ മുന്നിൽവന്നു നിരന്നു നിന്നീടവേ,
ഓർത്തുപോകുന്നു ഞാനെൻ പ്രേമവല്ലരി
പൂത്തും തളിർത്തും വളർന്നൊരാ വേദിയിൽ.

എത്രയും നിശ്ശബ്ദമാണതിൻ ജന്മവു-
മത്രയും മൂകമതിൻ ദിനവൃദ്ധിയും.
എങ്കിലുമായതിൻ ശാഖകളോ മന-
സ്സൊൻ കിനാപ്പൂക്കളാൽ പുഞ്ചിരി തൂകവേ,

ഹൃദ്യപരിമളധോരണി തൂകമൊ-
രുദ്യാനദേവതപോലവൾ വന്നെത്തവേ,
കൺകളാൽ, മന്ദഹാസത്തിൻ മധുരമാം
വെൺകളിർത്തുമയാൽ തെളെളുട്ടകവേ,

അന്ധകാരത്തിൻ നടുവിലൊരുജ്ജ്വല-
സാന്ധ്യപ്രദീപം ജ്വലിച്ചതുമാതിരി
ഭാവനാസാമ്രാജ്യസീമകൾക്കപ്പുറം
ഭാസുരദീപ്തി ചൊരിഞ്ഞു കൊണ്ടങ്ങിനെ

നിന്നു, മൽ സന്നിധി തന്നിലലൌകിക-
സന്ദേശമൊന്നുമായാമനോഹാരിണി:
എന്തിതു മാസ്മരവൈദ്യുതശക്തിയോ?
പൊന്തും വികാരസമുദ്രതരംഗമോ?

എങ്ങു കടലും, മലയു, മാകാശവു?
മെങ്ങു ചരാചര ജീവിലക്ഷങ്ങളും?
കാണുന്നതില്ല ഞാൻ തേജസ്സുതിങ്ങുമാ-
കാമ്യസ്വരൂപമൊഴിഞ്ഞു മറ്റൊന്നുമേ.

ആയതിന്നുച്ചണ്ഡ തേജഃപ്രസരത്തി-
ലാദിത്യമണ്ഡലമന്ധകാരാവൃതം!
ആയതിൻ ശാശ്വതനിത്യഭാവത്തിലീ
മായികവിശ്വം ക്ഷണപ്രഭാചഞ്ചലം!

കാലമിന്നെത്ര കടന്നുപോയെ; ങ്കിലു-
മാലോലസ്വപ്നംമറിഞ്ഞതില്ലൊട്ടുമേ.
ശോകാന്തചിന്താശതങ്ങൾ വിരിയുമൊ-
രേകാന്തമൂകഹൃദന്തവുമായി ഞാൻ

---

ണ്ട്. നീറുന്ന ജീവൽപ്രശ്നങ്ങളുടെ വേദന നിറഞ്ഞ തേങ്ങലുകളും, നെട്ടവീർപ്പുകളും അദ്ദേഹത്തിന്റെ എല്ലാ നാടകങ്ങളിലും കാണാവുന്നതാണ്. ഈ നെട്ടവീർപ്പിന്റെയും തേങ്ങലിന്റെയും ശരിയായ വിസ്ഫോടനമാണ് 'ഇതു ഭൂമിയാണ്' വെളിവാക്കുന്നത്.

നമ്മുടെ നാടകവേദി അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നല്ല നാടകങ്ങൾ ഇനിയും വളരെ മലയാളത്തിൽ ഉണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. പ്രതീക്ഷകൾക്ക് വക നൽകുന്ന നല്ല നാടക രചയിതാക്കളുമുണ്ട് നമുക്ക്.

———

# *കൊളംബസിന്റെ ഡയറി

ആർ. വിജയഗോപാലമേനോൻ, ഡ. പി. ബാച്ച്–ബി.

1492–ആഗസ്റ്റ് മൂന്ന്—

'പാലോസ്' തുറമുഖത്തിൽ ഞങ്ങളുടെ മൂന്നു കപ്പലുകൾ നങ്കൂരമിട്ടു കിടക്കുകയാണ്. അനന്തതയിലേക്കുള്ള പ്രയാണത്തിൽ ഞങ്ങളെ യാത്രയയയ്ക്കാൻ ആളുകൾ തിങ്ങിക്കൂടിയിട്ടുണ്ട്.

ആചാരവെടികൾ മുഴങ്ങി, ജനങ്ങൾ ആർത്തുവിളിച്ചു. 'സ്പെയിൻ ജയിക്കട്ടെ' എന്ന വിളികളാൽ അന്തരീക്ഷം മുഖരിതമായി, കപ്പലുകൾ നങ്കൂരമുയർത്തി, ഞങ്ങൾ പുറപ്പെട്ടു, ഞാൻ കയറിയിരുന്ന 'സാൻറാമേരിയാ' എന്ന കപ്പലാണ് മുമ്പിൽ പോയിരുന്നത്.

ഞാൻ കപ്പലിൽ മുട്ടുകുത്തിയിരുന്ന് യാത്ര സുഖകരമായിത്തീരാൻ പ്രാർത്ഥിച്ചു.

ആഗസ്റ്റ് നാല്—

പത്തുമണിയോടുകൂടി ഞങ്ങളുടെ തൊട്ടുപുറകിൽ വന്നിരുന്ന 'പിൻറാ' എന്ന കപ്പലിൽനിന്നും ഒരു വലിയ ശബ്ദം കേട്ടു. പിൻറായുടെ ക്യാപ്റ്റൻ ആൽഫ്റെഡ്മൂഡാ വേഗം കപ്പൽ നിർത്തി. ഞാനും സാൻറാമേരിയാ നിർത്താൻ ആജ്ഞാപിച്ചിട്ട് പിറകിലേക്കു ചെന്നു. കാര്യം ആകെ കുഴഞ്ഞ മട്ടാണ്. കപ്പലിന്റെ ചുക്കാൻ നടുവേ ഒടിഞ്ഞുപോയിരിക്കുന്നു. മററു ഭാഗങ്ങളും ഏററവും അപകടനിലയിലാണ്. ഈ നിലയിൽ യാത്ര തുടർന്നാൽ ഞങ്ങൾ ഇൻഡ്യയിലെത്തുന്നതിനു മുമ്പേ വേറെ വല്ല ലോകത്തിലും എത്താനാണു സാദ്ധ്യത. ഏതായാലും കപ്പലുകൾ തിരിച്ചുവിടാൻ ആജ്ഞ കൊടുക്കേണ്ടിവന്നു.

സെപ്റ്റംബർ ഒന്ന്—

'പിൻറാ'യെ കാഡിസിലെ വ്യവസായകേന്ദ്രത്തിൽ നന്നാക്കാൻ ഏല്പിച്ചിട്ട് ഇരുപത്തിയഞ്ചു ദിവസം കഴിഞ്ഞു. അഞ്ചു ദിവസംകൂടികഴിഞ്ഞാൽ വീണ്ടും പുറപ്പെടാൻ കഴിയുമായിരിക്കാം.

എവിടെയും ഭീഷണിയും, നിരുത്സാഹജനകമായ വാക്കുകളുമാണ്. യാത്രയുടെ ആദ്യംതന്നെയുണ്ടായ ഈ ദുശ്ശകുനം യാത്രാസഹാതികരെ കണക്കററു സന്തോഷഭരിതരാക്കിയിട്ടുണ്ട്. 'ഞാൻ അന്നേ പറഞ്ഞില്ലേ' എന്ന മനോഭാവമാണ് മിക്കവർക്കും. പക്ഷേ സ്പെയിൻരാജ്ഞിയുടെയും രാജാവിന്റെയും പിന്തുണയുള്ളിടത്തോളം കാലം ഞാൻ ഭയപ്പെടേണ്ടതില്ല.

സെപ്റ്റംബർ ഒൻപത്—

ആദ്യത്തെ അത്യാഹിതത്തിനു ശേഷം മുപ്പത്തിനാലു ദിവസംകഴിഞ്ഞ് ആറാംതീയതി മാത്രമാണ് യാത്ര തുടരാൻ സാധിച്ചത്. അന്നത്തേതുപോലെ ഉത്സാഹം ആരിലും കാണുന്നില്ല. ഞാൻ എല്ലാവരേയും ഉത്സാഹഭരിതരാക്കാൻ കഴിയുന്നത്ര ശ്രമിക്കുന്നുണ്ട്. കര തീരെ കാണാൻ പാടില്ല. നേരെ പടിഞ്ഞാറോട്ടാണു കപ്പൽ പോകുന്നത്. കാററ് തികച്ചും അനുകൂലമാണ്,

പതിനഞ്ച്—

നാട്ടിൽനിന്നും പോന്നിട്ട് ഒൻപതു ദിവസം കഴിഞ്ഞു. നാവികരുടെ ഉത്സാഹത്തി

---

ഇന്നു, മൽജ്ജീവിതസാഗരവീചിയിൽ
മുങ്ങിയും പൊങ്ങിയും നീന്തിത്തളരവേ,
ഏട്ടകൾ വീണ്ടും മറിയവേ, ജീവിത–
വാടിയിൽപ്പൂക്കൾ വിളറിക്കൊഴിയവേ,
മായാതെ, മങ്ങാതെ, വാടാതെ, വീഴാതെ,
മാധുരിചോരുന്ന വർണ്ണപ്പൊലിമയിൽ
പൂന്തേൻ തുളുമ്പും ദലങ്ങളിൽ സൌന്ദര്യ–
പീയൂഷധാരയൊഴുക്കി, സ്മിതാർദ്രയായ്,
ഭൂവിലും ദ്യോവിലുമെല്ലാമലൌകിക–
ഭാവസുരഭിലമാരുതവാഹിയായ്,
കുളിരുട്ടിലും മാസ്മരവൈദ്യുതി
ത്തുമ്പം തടിൽപ്രഭയ്ക്കൊപ്പം മനോജ്ഞയായ്
മിന്നുന്നു ജീവിതമുൾപ്പുടർപ്പിലും
മന്ദസ്മിതാർദ്രയായമ്മധുര സ്മൃതി.

---

* കൊളംബസ് എഴുതിയിരിക്കാവുന്ന ഡയറിയുടെ ഒരു ഭാഗത്തിന്റെ സാങ്കല്പികചിത്രം.

ന്ന യാതൊരു കുറവുമില്ല. ഡിനോയ്സും മററും ഞങ്ങൾ കാണാൻപോകുന്ന നാടിനെപ്പററി കൂടെക്കൂടെ വന്നു സംശയം ചോദിക്കുന്നു. നമ്മുടെ ഇഷ്ടംപോലെ അവിടെനിന്നും സ്വർണ്ണവും മററും കൊണ്ടുവരാൻ അവിടുത്തുകാർ സമ്മതിക്കുമോ എന്നാണു ഗൊൺസാലസിന്റെ സംശയം. പാവങ്ങൾ! തങ്ങൾക്കും ആ സ്വർണ്ണംവിളയുന്ന നാടിനും ഇടയ്ക്കു എത്രമാത്രം കഷ്ടതകളാണു കിടക്കുന്നതെന്നവർ അറിയുന്നില്ല!

ഒക്ടോബർ ഒന്ന്—

കരയേ കാണാനില്ല. ചുററിനും വെള്ളം തന്നെ വെള്ളം. ആദ്യമായി ജലയാത്രചെയ്യുന്നവർക്ക് ഈ കാഴ്ച അധികം സഹിക്കാനാവില്ല. എന്റെ കൂട്ടത്തിൽതന്നെ ചിലരുടെ കണ്ണുകളിൽ പേടി നിഴലിക്കുന്നതെനിക്കു കാണാം. ആ ഇററലിയിൽനിന്നു വന്ന ചെറുപ്പക്കാരൻ—'ഡാന്റേ' എന്നാണ് അയാളുടെ പേര്—പ്രത്യേകിച്ചും എന്നെ ആകർഷിച്ചു. അയാൾക്ക് ഫ്ളോറെൻസിൽ ഭാര്യയും കുട്ടികളും ഒക്കെയുണ്ട്. അയാൾ കൂടെക്കൂടെ വന്നു എന്നോടുകൂടി ചോദിക്കും—"സർ, നാം സുഖമായി തിരിച്ചെത്തുമെന്ന് വാസ്തവത്തിൽ അങ്ങു വിചാരിക്കുന്നുണ്ടോ?" ഞാൻ ചിരിച്ചുകൊണ്ടു അയാളെ സമാധാനപ്പെടുത്തും. ഡാന്റേ, നിങ്ങളുടെ ഭാര്യ തീർച്ചയായും ഇതിലും ധൈര്യമായി നിങ്ങളെ കാത്തിരിക്കുന്നുണ്ടാവും."

ഒക്ടോബർ പതിമ്മൂന്ന്—

ഭയത്തിന്റെ വിത്തുകൾ മിക്കവരുടെ ഹൃദയത്തിലും ചെന്നു പാറിയിട്ടുണ്ട്. അവരുടെ വിളറിയ മുഖങ്ങളിലും രക്തച്ഛവിമാഞ്ഞ കണ്ണുകളിലും അതിന്റെ ലാഞ്ഛന എനിക്കു കാണാം. എന്നാൽ കഴിയുന്നതു അവരെ ആശ്വസിപ്പിക്കാൻ ഞാൻ ശ്രമിക്കുന്നുണ്ട്.

എന്റെ കണക്കുകൂട്ടൽ തെററിയിട്ടില്ലെങ്കിൽ കുറഞ്ഞതു രണ്ടു മാസമെങ്കിലും ഇൻഡ്യയിലേക്കുള്ള യാത്ര എടുക്കുമെന്നതു തീർച്ചയാണ്. ഈ പാവപ്പെട്ട നാവികർ അതുവരെ ക്ഷമിക്കുമോ എന്നു സംശയമാണ്.

ഇരുപത്തി ഏഴ്—

അതൃപ്തിയും അമർഷവും നാവികരുടെ മനസ്സിൽനിന്നും വെളിയിലേക്കു ചാടിത്തുടങ്ങിയിട്ടുണ്ട്. 'നൈനാ' എന്ന കപ്പലിലെ ആളുകൾ 'നെബുക്കഡ്'ന്റെ നേതൃത്വത്തിൽ തിരിച്ചുപോകാൻ ആവശ്യപ്പെടുകയാണ്. പിൻറായിലെ ആളുകളും സംഘടിക്കുന്നു. 'ഗിബോയ്സ്' ആണ് അവരുടെ നേതാവ്. ദൈവസഹായത്താൽ മററു രണ്ടു കപ്പിത്താൻമാരും—[illegible]ൽഫ്ടൂഡായും, ബെഞൻസ്സെയ്നും—എന്നോടുകൂടിത്തന്നെ നില്ക്കുന്നുണ്ട്. എന്തായാലും ഇവരെ എല്ലാം ഒന്നു സമാധാനിപ്പിക്കാതെ പററില്ല.

ഇരുപത്തി ഒൻപതു്

ഇന്നലെ ജോലിക്കാരോടായി ഒരു ചെറുപ്രസംഗംതന്നെ നടത്തേണ്ടിവന്നു. സാക്ഷാൽ മാർക്കോപോളോ പോലും കേട്ടാൽ അത്ഭുതസ്തബ്ധനായി പോകുന്ന വിധത്തിൽ കിഴക്കൻരാജ്യങ്ങളുടെ സമ്പൽസമൃദ്ധിയെപ്പററി പ്രതിപാദിച്ചു. ഈ പാവങ്ങൾ വായും പൊളിച്ചിരുന്ന് ഈ കഥകൾ വിശ്വസിക്കുന്നതു കണ്ടപ്പോൾ എനിക്കുതന്നെ അനുകമ്പ തോന്നി. "സുഹൃത്തുക്കളെ, സ്വർണ്ണമയമായ ആ രാജ്യത്തിലെ സുഖത്തെപ്പററി ആലോചിച്ചാൽ, ഈ കഷ്ടതകൾ തീർച്ചയായും സഹനീയമാണ്" എന്നു പറഞ്ഞു ഞാൻ അവസാനിപ്പിച്ചു. ഈ അഭ്യർത്ഥനയുടെ ഫലം കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

നവംബർ ഒന്ന്—

എന്തായാലും എന്റെ അപേക്ഷ ഒട്ടും നിഷ്ഫലമായിട്ടില്ല. മുറുമുറുപ്പിനും, അതൃപ്തിക്കും മററും വളരെ കുറവുണ്ടെന്നു തോന്നുന്നു. കിഴക്കു തങ്ങളെ കാത്തിരിക്കുന്ന (!) സ്വർണ്ണക്കട്ടികളെ സ്വപ്നം കണ്ടുകൊണ്ടാണവർ ജോലിചെയ്യുന്നതു്.

നവംബർ മൂന്ന്—

ഈ കഷ്ടപ്പാടുകൾക്ക് ഒരറുതിയില്ലെന്നു തോന്നുന്നു. ഇന്ന് ഇതാ ഞങ്ങൾ ഒരു പുതിയ സ്ഥലത്തു പ്രവേശിച്ചിരിക്കുകയാണ്. ചുററും നീർച്ചെടികൾ, വെള്ളം അശേഷം കാണാൻപാടില്ല. താഴ്ച എത്രമാത്രം ഉണ്ടെന്ന് കൂടെക്കൂടെ അളക്കേണ്ടിയിരിക്കുന്നു. എന്തായാലും ഉച്ചവരെയുള്ള യാത്രകൊണ്ട് ഇവ ഉപരിതലത്തിൽ മാത്രം കാണുന്ന ഒരു

JUNIOR DAYSCHOLARS' CRICKET TEAM

**Winners of the Inter-Hostel Tournament**



*On the floor* : K. A. John ; Y. Abraham

*Sitting* ; Narayana Swamy: Sasidharan K. (Captain); Mr. O. M. Mathen M. Sc. (President); Jacob K. Devassy (Athletic Representative also); P. G. George

*Standing* : Rajan Abraham ; John P. Mathew ; Varghese Chacko ; Unnikrishnan ; Rama Varma ; Vijayagopalan ; B. N. Thankachan.



Mr. N. Sukumarapillai, Class iv Econs. Won the first prize for Verse Writing Competition held under the auspices of Govt. of Kerala



SGT. M. C. Geevarghese Represented Kerala, in the All India N. C. C. Summer Training Camp, at Srinagar in Kashmir in July-August 1958

THE SOCIAL SERVICE LEAGUE DRAMATIC CLUB

*They enacted*: ഒരാൾകൂടി കള്ളനായി—*By* S. L. PURAM SADANANDAN



*Sitting*: Radha Krishnan; V. K. Mootheth M. A.; K. Varada Rajan; O. M. Mathen M. Sc. (President); T. S. Balaram; A. M. Chacko M. Sc.; C. V. Soju

*Standing 1st row*: Haladharan; Abdul Karim; V. U. Kuriakose; K. Balakrishnan; Baby Varghese

*2nd row*: Raghunath; Rajan V. Philip (Joint Secretary); P. J. Mathew (General Secretary).

**Those who have represented Kerala University in Hyderabad and Delhi Youth Festival**



Sri Thampan Thomas and Sri P. N. Prasad in Hyderabad Youth Festival; Sri C. I. Issac in Delhi Youth Festival

ക സസ്യങ്ങളാണെന്നും, പാറകളേയോ മറേറാ പേടിക്കേണ്ട ആവശ്യമില്ലെന്നും എനിക്കു മനസ്സിലായി. പക്ഷേ എൻെറ കൂട്ടുകാരെ ഇതുകൊണ്ടൊന്നും സമാധാനിപ്പിക്കാൻ സാദ്ധ്യമല്ല. അവർ കപ്പൽ നേരെ കൊണ്ടുപോകാൻ ശ്രമിക്കേണ്ടതിനു പകരം. ഉട്ടംകൂടി ഈശ്വരനെ പ്രാർത്ഥിക്കുകയാണ്:

പതിമ്മൂന്ന്—

ഇന്നു കാലത്തു് കപ്പൽ ഈ 'അത്ഭുതമേഖല' തരണംചെയ്തിരിക്കുന്നു. നിച്ചിട്ടികൾ കുറഞ്ഞു കുറഞ്ഞു് തീരെ അപ്രത്യക്ഷമായി. നാവികർ ഹൃദയപൂർവ്വം ഈശ്വരനെ സ്തുതിക്കയാണ്.

യാത്ര തുടങ്ങിയിട്ട് രണ്ടു മാസത്തിലധികമായി. നാളെ എഴുപതു ദിവസവും തികയുന്നു.

ഇന്ന് ഡാൻേറാ എൻെറടുക്കൽ വന്ന് നാളെത്തന്നെ തിരിച്ചു പോകണമെന്ന് വളരെ കാര്യമായി അപേക്ഷിച്ചു. 'നാളെ'യുടെ വിശേഷമെന്തെന്നു ചോദിച്ചപ്പോൾ വളരെ രസകരമായ ചില കാര്യങ്ങളാണ് അയാൾ പറഞ്ഞതു്. പണ്ഡിതന്മാരുടെ അഭിപ്രായപ്രകാരം എഴുപതു ദിവസത്തെ കപ്പൽ യാത്ര കൊണ്ടു് ലോകത്തിൻെറ അററത്തു് എത്തുമത്രെ! ആ പുരോഹിതന്മാരുടെ വാക്കുകൾ അവരുടെ ചെവികളിൽ മുഴങ്ങുകയാണ്—"എഴുപതു ദിവസത്തെ യാത്ര കഴിഞ്ഞാൽ ഭൂമിയും സമുദ്രവും അവിടെ അവസാനിക്കുന്നു. പിന്നെ ശൂന്യതയാണ് ആ അനന്തശൂന്യതയിലേയ്ക്കു് നിങ്ങൾ പതിക്കും. നിങ്ങളും നിങ്ങളുടെ കപ്പലും എല്ലാം ആ ശൂന്യതയിലൂടെ വീണ് ഒടുവിൽ നരകത്തിലെത്തും!"

കഷ്ടം! എന്തെല്ലാം കള്ളക്കഥകളാണ് ദൈവമേ ഇവർ പറഞ്ഞു പിടിപ്പിക്കുന്നതു്.

ഏതായാലും ഇവരെ ഒന്നു പററിക്കേണ്ടിയിരിക്കുന്നു.

പതിനഞ്ച്:—

ഇന്നലെ കാലത്തെ എഴുന്നേററ ഉടനെ തന്നെ ഒരു കള്ളം പറഞ്ഞു. (ദൈവം ക്ഷമിക്കട്ടെ!) സകലരെയും വിളിച്ചു കൂട്ടി ഒരു പ്രസ്താവന ചെയ്തു. ഞങ്ങൾ മൂന്നു കപ്പിത്താന്മാരും മുൻ നിശ്ചയപ്രകാരം കലണ്ടർ ഒരു ദിവസം കൂട്ടിവച്ചിരുന്നു എന്നും, തന്മൂലം അപകടകരമായ ആ എഴുപതാം ദിവസം കഴിഞ്ഞിരിക്കുന്നു എന്നും ഞാൻ അവരെ അറിയിച്ചു. അങ്ങിനെ ഭൂമി ഉരുണ്ടതാണെന്ന് ഒരു വിധത്തിൽ അവരെ വിശ്വസിപ്പിക്കാൻ എനിക്കു കഴിഞ്ഞു. പക്ഷെ നാവികർ മിക്കവരും അസ്വസ്ഥരായിരിക്കയാണ്.

ഇരുപത്—

ഇന്നലെ ആൽഫ്ട്ര്യൂഡാ മുന്നറിയിപ്പു നൽകിയിട്ടുണ്ടു്. ഗീബ്രോയ്സും കൂട്ടരും അപകടകാരികളായി മാറുന്നുവത്രെ. അവരെ കുററപ്പെടുത്തിയിട്ടു കാര്യമില്ല. നാട്ടും വീട്ടും വിട്ടു പോന്നിട്ടു് രണ്ടര മാസമായി. ദൈവമേ! എൻെറ കണക്കു കൂട്ടൽ തെററിയോ? ഏതായാലും യാത്രയുടെ അവസാനമായി എന്നൊരു തോന്നൽ. ഇതു മുഴുമിക്കാതെ ഞാനിനി നാട്ടിലേയ്ക്കില്ല.

ഡിസംബർ ഒന്ന്:—

ഇന്നു രാവിലെ രസകരമായ ഒരു സംഭവമുണ്ടായി. രാവിലെ ഉറക്കമുണർന്നപ്പോൾ കണ്ടതു് ചുററും ആയുധധാരികളായ 'അനുചരന്മാർ' നിൽക്കുന്നതാണ്. ഗീബ്രോയ്സ് അൽഫോൺസ്, നെബൂക്കഡ്യൂ, ഗൊൺസാലസ് മുതലായ വിപ്ലവകാരികളൊക്കെ അവരിലുണ്ടു്.

"ഉടൻ തിരിച്ചു പോകണം" അവരുടെ ആവശ്യമാണ്. "അല്ലെങ്കിലോ?" എനിക്കറിയണം.

"പിൻറായിലെ ആൽഫ്ട്ര്യൂഡായേയും നൈനായിലെ ബേണൻസ്സെയ്നെയും ബന്ധനസ്ഥരാക്കിയിട്ടുണ്ടു്. നിങ്ങൾ മൂന്നെണ്ണത്തിനെയും കടലിലെറിയും അത്രതന്നെ" പറയുന്നതുപോലെ പ്രവർത്തിക്കാൻ മടിക്കുന്നവരല്ല അവർ.

ഏതായാലും ഉപ്പു വെള്ളം കുടിച്ചു മരിക്കാൻ എനിക്കാഗ്രഹമുണ്ടായിരുന്നില്ല. പക്ഷെ ഇത്രയും വിഷമിച്ചു് പുറപ്പെട്ടിട്ടു് കാര്യസാദ്ധ്യമില്ലാതെ ഞാനെങ്ങിനെ തിരിച്ചു പോകും? ഞാനെങ്ങിനെ സ്പെയ്നിലെ രാജദമ്പതിമാരുടെ മുഖത്തു നോക്കും? ഞാനെങ്ങിനെ സ്പെയ്ൻ വീഥികളിലൂടെ തല ഉയർത്തി നടക്കും?

# കൊഴിഞ്ഞു വീണ പ്രതീക്ഷകൾ

By O. V. Joseph, Cass ii, Eco.

അന്നക്കുട്ടിക്കു വയസ്സു ഇരുപതു തികഞ്ഞു. റോസമ്മച്ചേടത്തിക്കു് സമാധാനമില്ലാതായി. തന്റെ മകളുടെ വിവാഹപ്രായം തെറ്റി. അവളെ വിവാഹം കഴിച്ചു കൊടുക്കേണ്ടതു് അവരുടെ കടമയാണു്. തന്തയില്ലാതെ, താലോലിച്ചു വളർത്തിയ ആ ഓമനപ്പുത്രിയെ അനാഥയാക്കാൻ പാടില്ല. അവളെ ഒരുത്തന്റെ കൈ പിടിപ്പിച്ചാലേ റോസമ്മച്ചേടത്തിക്കു സമാധാനമാകൂ.

പലയിടത്തുനിന്നും കല്യാണക്കാർ വന്നു.

---

എങ്ങിനെയെങ്കിലും മൂന്നു ദിവസംകൂടി ക്ഷമിയ്ക്കാൻ അവരോടു് ഞാൻ അപേക്ഷിച്ചു. പുറമേ ഞങ്ങളെ കടലിലെറിഞ്ഞാൽ, പിന്നെ സമർത്ഥമായ നായകത്വത്തിന്റെ അഭാവത്തിൽ അവർ നാട്ടിൽ തിരിച്ചെത്തുകയില്ലെന്നു് ഞങ്ങളെപ്പോലെ അവർക്കും അറിയാമായിരുന്നു.

ഒടുവിൽ മൂന്നു ദിവസംകൂടി ക്ഷമിയ്ക്കാൻ അവർ സമ്മതിച്ചു.

ഡിസംബർ മൂന്നു്:—

ഇന്നു് രണ്ടാമത്തെ ദിവസമാണു്. കരയുടെ യാതൊരു ലക്ഷണവുമില്ല. നാളെയും കൂടി ഇതുപോലെയായാൽ തിരിച്ചു പോകുക തന്നെ. അല്ലെങ്കിൽ പിന്നെ പോകയില്ല എന്നാണു് ഗീബോയ്സ് പറയുന്നതു്. സംഖ്യാബലവും അവർക്കാകയാൽ ഞാൻ തീരെ നിസ്സഹായനാണു്. എന്റെ കണക്കു കൂട്ടലുകൾ മുഴുവൻ തെറ്റി. കപ്പൽ നിയന്ത്രണാധീനമല്ലാതായിരിയ്ക്കുന്നു. ഏതോ ഒഴുക്കിൽപ്പെട്ടു് അവ ഇപ്പോൾ തെക്കു പടിഞ്ഞാറായാണു് സഞ്ചരിക്കുന്നതു്. അഥവാ ഗലീലിയോവിന്റെ സിദ്ധാന്തം തെറ്റോ? അതോ ഭൂമി ഞാൻ വിചാരിച്ചതിലും വലുതോ? എങ്ങിനെയായാലും നാശം ഏതാണ്ടു് അസന്ദിഗ്ദ്ധമായിക്കഴിഞ്ഞിരിയ്ക്കുന്നു. ഹാ! ദൈവമേ! എന്റെ ധനാശയും അത്യാഗ്രഹവും മൂഢതയും മൂലം എത്ര ജീവിതങ്ങളാണു് ഞാൻ നശിപ്പിയ്ക്കാൻ പോകുന്നതു്!

ഏതായാലും അവസാന നിമിഷം വരെ ധീരരായി ഭാവിയ്ക്കാൻ ഞങ്ങൾ മൂന്നുപേരും നിശ്ചയിച്ചിട്ടുണ്ടു്.

ദൈവമേ! എന്നെ അനുഗമിയ്ക്കുക എന്ന പാപം മാത്രം ചെയ്തിട്ടുള്ള മറ്റുള്ള ഈ സാധുക്കളെയെങ്കിലും രക്ഷിയ്ക്കേണമേ!

1492 ഡിസംബർ അഞ്ചു്:—

ഇന്നലെ വൈകുന്നേരംവരെ സ്ഥിതിഗതികൾക്കു് യാതൊരു മാറ്റവുമുണ്ടായിരുന്നില്ല. എന്നാൽ ഇന്നലെ രാത്രിയിൽ ദൂരെയായി, വളരെ ദൂരെ, ഞങ്ങൾ ഒരു പ്രകാശം കാണുകയുണ്ടായി, കരയുടെ ലക്ഷണം കാണുകയാൽ യാത്ര ഒരു ദിവസത്തേയ്ക്കുകൂടി ദീർഘിപ്പിയ്ക്കാൻ ഞാൻ അവരെക്കൊണ്ടു സമ്മതിപ്പിച്ചു.

ഇന്നു കാലത്തു് ഇതാ വൃക്ഷലതാദികളാൽ നിബിഡമായ ഒരു മനോഹര ദ്വീപു് ഞങ്ങളുടെ മുന്നിൽ കാണുന്നു. ഞങ്ങൾ കൺകുളിർക്കുന്നതുവരെ ആ അപൂർവ്വദൃശ്യം നോക്കി നിന്നു.

കപ്പലുകൾ നിർത്തപ്പെട്ടു. ചെറിയ വള്ളങ്ങൾ ഇറക്കി. ഞാൻ ഒരു ചെറിയ ബോട്ടിൽ ആദ്യം പോയി. ആദ്യം ആ ഭൂമിയിൽ ചവിട്ടാനുള്ള ബഹുമതി മറ്റാർക്കും നൽകാൻ ഞാൻ ഒരുക്കമായിരുന്നില്ല.

സകല നാവികരും സന്തോഷംകൊണ്ടു് മതിമറന്നു് നൃത്തം ചെയ്യുകയാണു്. ഹൃദയപൂർവ്വമായ ഈശ്വര സ്തുതിക്കുശേഷം ഞാൻ അവിടെ സ്പാനിഷ് പതാക നാട്ടുകയും, 'സാൻസാൽവഡോർ' എന്നു് ഞാൻ നാമകരണം ചെയ്ത ആ ദ്വീപിനെ സ്പാനിഷ് രാജാവിന്റെ പേരിൽ അധീനപ്പെടുത്തുകയും ചെയ്തു.

റോസമ്മച്ചേടത്തിക്കു് വരനെ ഇഷ്ടപ്പെടുകയില്ല. പഠിപ്പുപോരാ. ചിലർക്കു സൗന്ദര്യമില്ല. മറ്റൊരുത്തനു് ഉദ്യോഗമില്ല. എല്ലാം തികഞ്ഞ ഒരുവൻ വരുന്നുമില്ല. ദിവസങ്ങൾ കടന്നുപോയി. കല്യാണം ആലോചനയിൽ മാത്രം. അന്നക്കുട്ടി അതൊരനുഗ്രഹമായിക്കരുതി.

അന്നൊരു ഞായറാഴ്ചയാണു്. റോസമ്മച്ചേടത്തി പള്ളിയിൽപ്പോക്കുപോലും മാററിവച്ചു. കണക്കിനു പണിയുണ്ടു്. പുതിയ കല്യാണക്കാർ വരുന്ന ദിവസം. അന്നക്കുട്ടിക്കു് ഒന്നിനും ഉത്സാഹമില്ല. വല്ലാത്ത വിഷാദം. റോസമ്മച്ചേടത്തിയുടെ ധൃതിവച്ചുള്ള ജോലിയിലൊന്നും അവൾ പങ്കു കൊള്ളുന്നില്ല.

വിരുന്നുകാർ വന്നു. ഒരു സ്കൂൾ മാസ്റ്റർ. അയാൾ അന്നക്കുട്ടിയെക്കണ്ടു.

സുന്ദരിയായ ഒരു യുവതി. നല്ല ആരോഗ്യമുണ്ടു്. വേണ്ടത്ര വിദ്യാഭ്യാസമുണ്ടു്. ആർക്കാണു് അവളെ ഇഷ്ടപ്പെടാത്തതു്? അതിൽ കൂടുതൽ ആരാണാഗ്രഹിക്കുന്നതു്?

റോസമ്മച്ചേടത്തി ആശിച്ചിരുന്ന ഗുണങ്ങളെല്ലാം തികഞ്ഞ ഒരു യുവാവു്. അവർക്കു സന്തോഷമായി. വിരുന്നുകാരെ വേണ്ടരീതിയിൽ സല്ക്കരിച്ചു. വിവാഹക്കരാറെഴുതുന്നതിനുള്ള തീയതി നിശ്ചയിച്ചു അവർ യാത്രയായി. റോസമ്മച്ചേടത്തി പടിക്കലോളം വിരുന്നുകാരെ അനുഗമിച്ചു. പുതിയ ബന്ധുക്കളാകാൻ പോകുന്നവർ. അവരെ ഉപചരിക്കേണ്ടതു് വീട്ടുടമസ്ഥയുടെ കടമയാണു്.

“എടീ എത്ര നല്ല സ്വഭാവം. അവനു ആറു രൂപയാ ശമ്പളം.” റോസമ്മച്ചേടത്തി വരന്റെ ഗുണങ്ങൾ പറയുകയാണു്.

അന്നക്കുട്ടിക്കു് അതു രസിക്കുന്നില്ല. എങ്കിലും അവൾ ആ ഭാവം പ്രകടിപ്പിച്ചില്ല. തന്റെ തീരുമാനം തുറന്നു പറഞ്ഞാൽ എല്ലാ പ്രതീക്ഷകളും തകരുമെന്നവൾക്കറിയാം.

“അമ്മേ ഞാൻ ചകിരി തല്ലാൻ പോണു.” അവൾ അവിടെനിന്നു പോയി. ആ സമയത്തെ അവളുടെ മുഖഭാവം റോസമ്മച്ചേടത്തി സൂക്ഷിച്ചില്ല. പെൺകുട്ടികൾക്കു് ആ തരത്തിലുള്ള ലജ്ജയുണ്ടാകാറുള്ളതാണെന്നുമാത്രം അവർ വിചാരിച്ചു.

ചകിരി തല്ലിൽ അന്നക്കുട്ടി സമർത്ഥയാണു്. സ്കൂളിൽപ്പോക്കു മതിയാക്കിയതിനുശേഷം പഠിച്ചതാണു് ചകിരിതല്ലു്. ദിവസേന അവൾ എട്ടണയോളം സമ്പാദിക്കും. നല്ല ആദായമുള്ളൊരു തൊഴിൽ. പരാശ്രയം കൂടാതെ ജീവിക്കാം.

അന്നക്കുട്ടി പ്രതീക്ഷിച്ചതുപോലെയല്ല സംഭവിക്കാൻ പോകുന്നതെന്നു് അവൾക്കു മനസ്സിലായി. വിവാഹനിശ്ചയത്തിനുള്ള ദിവസമടുത്തു. ഇനിയും അതു പറയാതിരുന്നാൽ ആപത്താകും. അവരുടെ കരാറു ലംഘിക്കേണ്ടതായി വരും. അതു കുറച്ചിലാണു്. അതിനൊന്നുമിടവരുത്താതെ തന്റെ ആഗ്രഹം തുറന്നു പറയുകയാണു നല്ലതെന്നവൾ തീരുമാനിച്ചു.

“അമ്മേ എനിക്കിപ്പം കല്യാണം വേണ്ട.” അവളുടെ ശാഠ്യം കേട്ടു് റോസമ്മച്ചേടത്തിക്കു സഹിക്കവയ്യാത്ത ദേഷ്യമുണ്ടായി. പല വർഷങ്ങളായിട്ടു് പ്രതീക്ഷിച്ചിരുന്നൊരു കാര്യം. മിടുക്കനായ ചെറുക്കൻ. ഉദ്യോഗസ്ഥൻ. അത്തരത്തിലൊരു കാര്യമൊക്കാൻ വിഷമമാണു്.

“എടീ, പിന്നെ നീയെന്താ ഭാവിച്ചേക്കണേ? ഇങ്ങിനെ പെരനിറഞ്ഞിരിക്കാനാ വിചാരം?” അവർ കോപാവിഷ്ടയായി ചോദിച്ചു.

അന്നക്കുട്ടി അല്പം പരുങ്ങി. വാസ്തവം പറയണമെന്നവൾക്കു തോന്നി. എങ്കിലും പറഞ്ഞില്ല.

“അതെ, ഞാനിങ്ങിനെയിരിക്കാനാ പോണെ. അതിനു് അമ്മയ്ക്കെന്താ?”

അവളുടെ യുക്തിവാദം കേട്ടു് റോസമ്മച്ചേടത്തിക്കു് പിന്നെയും കലികൊണ്ടു.

“എടീ, നീ യുക്തി പറഞ്ഞാലേ·······പിന്നൊരു കാര്യോണ്ടേ. പെണ്ണു് കുറേ അതിരു കടന്നു പോണു. എടീ, നിനക്കല്ല കൊറച്ചില്. എനിക്കാടീ മാനക്കേടു്. കുടുംബത്തിനാ ചീത്തപ്പേരു്.”

"ഞാൻ ആരുമൊരു ചിത്രപ്പേരും വരുത്തുന്നില്ല."

"എന്നാല്" അവിടെ മിണ്ടാതിരുന്നോ."

"അതിന്" ഒരു കാര്യം ചെയ്യേണ്ട്, ഈ പേരും പറഞ്ഞ്" അവരോടിങ്ങു വരണ്ടാ യെന്ന പറഞ്ഞേക്ക്"." അവൾ ശഠിച്ചു.

"നിന്റെ ഈ പിത്തലാട്ടമൊക്കെയങ്ങു വച്ചേച്ചു". എടീ, കുടുംബത്തില്" പിറന്നോരൊന്നമിങ്ങനല്ലടീ." റോസമ്മച്ചേടത്തി അലറി.

"എന്നാല്" ഞാനങ്ങിനെയല്ലായിരിക്കും." അന്നക്കുട്ടി കണ്ണുനീർ വിഴുങ്ങിക്കൊണ്ട്", അവളുടെ കിടപ്പു മുറിയിലേക്കു പോയി.

അവൾ തേങ്ങിക്കരഞ്ഞു. കണ്ണുകൾ കലങ്ങി. മനോഹരമായ ആ കവിൾത്തടങ്ങൾ ചുവന്നു.

"എന്റെ കണ്ണുകൾ തോരുകയില്ല. ഞാൻ കരയാൻ വേണ്ടി ജനിച്ചതാ." വിറയ്ക്കുന്ന ചുണ്ടുകൾ കടിച്ചമർത്തിക്കൊണ്ട്" അവൾ സ്വയം പിറുപിറുത്തു. പെട്ടെന്ന്" അവളുടെ ശോണിമയാന്ന മുഖത്തു" പ്രത്യാശയുടെ നിഴൽ വീശി. ആ കരിന്ന കണ്ണുകൾ പ്രകാശിച്ചു. ചിതറിക്കിടന്നിരുന്ന അളകങ്ങൾ കോതിയൊതുക്കിക്കൊണ്ട്" അവൾ ഒരു നെടുവീർപ്പു പൊന്തിച്ചു. അവളുടെ പവിഴാധരങ്ങൾ മന്ത്രിച്ചു, "ഞാൻ കാത്തിരിക്കും."

റോസമ്മച്ചേടത്തി ആ മുറിയിലേക്കു ചെന്നു. അന്നക്കുട്ടിയുടെ മുഖം വാടി. കണ്ണുകൾ നിറഞ്ഞു.

"മോളെന്താ ഭാവിച്ചേക്കണെ? അമ്മച്ചിയോടു പറമോളെ." അന്നക്കുട്ടിയുടെയരികിൽ ചേർന്നിരുന്നുകൊണ്ട്", അവർ സാന്ത്വന ഭാവത്തിൽ പറഞ്ഞു.

അന്നക്കുട്ടിക്ക്" ആശ്വാസമായി. അവളുടെ വാടിയ മുഖം റോസമ്മച്ചേടത്തിയുടെ നേരെ തിരിച്ചു.

"അമ്മേ, ആ അന്തോണിച്ചേട്ടൻ എത്ര നല്ലവനാ. രണ്ടു വർഷമായില്ലേ ജയിലിലായിട്ട്". അടുത്തുതന്നെ വരുമെന്ന്""...... അവളുടെ കണ്ഠമിടറി. വാക്കുകൾ തടഞ്ഞു.

"അമ്മേ, അമ്മയെന്താ ഒന്നും പറയാത്തതു"?" കവിൾത്തടങ്ങളിലേക്കുതിർന്നു വീണ കണ്ണീർക്കണങ്ങൾ തുടച്ചുകൊണ്ട്" അവൾ വീണ്ടും ചോദിച്ചു.

റോസമ്മച്ചേടത്തിയുടെ മുഖം കറുത്തു. കണ്ണുകൾ ജ്വലിച്ചു. അവർ ഒരു ഉഗ്രമൂർത്തിയെപ്പോലെ അലറി: "നീ മിണ്ടരുത്". കണ്ണിൽക്കണ്ടോരോ[illegible] തല്ലു വാങ്ങി, ജയിലിക്കിടക്കണ അ[illegible]ന്തോണിയാ നിന്റെയാള്". അല്ലേ? എടീ, നിന്നെ ഞാൻ അരയ്ക്കുമെടീ. അരയ്ക്കും." റോസമ്മച്ചേടത്തി കലികൊണ്ടു വിറപൂണ്ടു. അവർ അടുക്കളയിലേക്കു പോയി.

അവരുടെ തൊട്ടു വടക്കേതിലാണ്" അന്തോണിയുടെ വീട്". അന്നക്കുട്ടിയും, അന്തോണിയും ചെറുപ്പം മുതൽ ഒന്നിച്ചു വളർന്നു. അവർ ഒന്നിച്ചാണ്" സ്കൂളിൽ പോകുന്നതു". ഒരു ക്ലാസ്സിലാണ്" പഠിക്കുന്നതു". അന്നക്കുട്ടിയേക്കാളും രണ്ടു വയസ്സിനു പ്രായക്കൂടുതലുണ്ട്" അന്തോണിക്ക്". അന്നക്കുട്ടി അവനെ 'ചേട്ടാ'യെന്നല്ല വിളിക്കുക. 'എന്റെ അന്തോണിച്ചേട്ടാ'യെന്ന്". വെറും 'ചേട്ടാ' എന്നു വിളിച്ചാൽ അന്തോണി പിണക്കമാകും. അന്തോണി, 'എന്റെ 'പൊന്നാര'യന്നക്കുട്ടി'യെന്നു വിളിക്കുമ്പോൾ, അവൾ കുടുകുടെ ചിരിക്കും. അവനും ചിരിക്കും. അങ്ങിനെ അവർ വളന്നു. പരസ്പരം ഹൃദയങ്ങൾ പകന്നും സുഖദുഃഖങ്ങൾ പങ്കുവെച്ചനുഭവിച്ചും അവർ വളന്നു.

അന്തോണി തേഡ്" ഫാറത്തിൽ തോററു. അവൻ പഠിപ്പു മതിയാക്കി. അന്നക്കുട്ടിക്കു സങ്കടമായി. ഇനിയും അവൾ തനിച്ചു വേണം സ്കൂളിൽ പോകുവാൻ. അതു സാദ്ധ്യമല്ല. തന്റെ ആത്മസുഹൃത്തിനെ കൂടാതെ സ്കൂളിൽപ്പോവുകയോ? ഇല്ല. ഒരിക്കലുമില്ല. അവൾ ശഠിച്ചു. അന്നു മുതൽ അവർ ഒരു പുതിയ ജീവിത വീഥിയിലേക്കു പ്രവേശിച്ചു. അന്തോണി കൃഷിപ്പണിയിലും, അന്നക്കുട്ടി വീട്ടു വേലയിലും. ആയിടെ അവൾ പഠിച്ചതാണ ചകിരിതല്ല്".

വീടിന്റെ തെക്കുവശത്തുള്ള മാഞ്ചുവട്ടിൽ വച്ചു" നിത്യവും, അന്തോണി അന്നക്കുട്ടിയെ കാണും. ഒരൊററ ദിവസവും ആ കൂ

ടിക്കാഴ്ചയ്ക്കു മുടക്കം വരുത്താറില്ല. അന്നുണ്ടാകുന്ന വിശേഷങ്ങൾ അവൾ വിവരിക്കും. അന്തോണിക്കും ഒട്ടു വളരെ കാര്യങ്ങൾ പറയാനുണ്ടാകും. അവസാനം, സന്ധ്യാസമയത്തെ മന്ദമാരുതനേറ്റ് പാറിപ്പറക്കുന്ന അളകങ്ങൾ കോതിമിനുക്കിക്കൊണ്ട് അവൻ ആ കൂട്ടുകാരിയുടെ തുടുത്ത കവിൾത്തടത്തിൽ ഒരു ചുംബനമർപ്പിക്കും. അവൾ അങ്ങോട്ടും. ഇങ്ങിനെയാണവർ പിരിയുക.

കാലം കടന്നു പോയി. താരുണ്യം അന്നക്കുട്ടിയിൽ ചില മിനുക്കു പണികൾ വരുത്തി. അന്തോണിയുടെ ഹൃദയം കോരിത്തരിച്ചു. ആ ബാല്യകാല സുഹൃത് ബന്ധത്തിൽ നിന്നു ഭിന്നമായ ഒരടുപ്പം അവർക്കുണ്ടായി. അവർക്കു പരസ്പരം കാണാതിരിക്കാൻ വയ്യെന്നായി. മോഹന സ്വപ്നങ്ങൾ വിടരുന്ന മാദകമായ യുവത്വം അന്തോണിയെ അസ്വസ്ഥ ചിത്തനാക്കി. ആ ബാല്യകാല സഖിയെ തന്റെ ജീവിത സഖിയായി തിരഞ്ഞെടുക്കാൻ അവൻ തീരുമാനിച്ചു. അന്നക്കുട്ടിയുടെയും ഹൃദയത്തിന്റെ ദാഹം വർദ്ധിച്ചു. അവർ സുന്ദരമായ വാഗ്ദാനങ്ങൾ പകർന്നു.

പെട്ടെന്നാണ് അതു സംഭവിച്ചത്. ആരുമാരും പ്രതീക്ഷിക്കാത്ത കാര്യം! അന്നാട്ടിലെ തികഞ്ഞ ധനാഢ്യനായ ഇല്ലിക്കൽ നമ്പ്യാരെ അന്തോണി അടിച്ചു! പാവപ്പെട്ട ഒരു കർഷകനായ അന്തോണി!! നമ്പ്യാര് അവനെ 'തെണ്ടി'യെന്നു വിളിച്ചു. കാരണമൊന്നുമുണ്ടായിട്ടല്ല. അദ്ദേഹത്തിന്റെ പണത്തിന്റെ തള്ള്. ആത്മാഭിമാനിയായ അന്തോണി നിവർന്നുനിന്നു പറഞ്ഞു: ഞങ്ങളാരും തെണ്ടികളല്ല. അഭിമാനത്തോടുകൂടി ജീവിതം പോക്കുന്ന പാവങ്ങൾ. ഓർമ്മയിരിക്കട്ടെ." അവന്റെ കൈകൾ മേല്പോട്ടുയർന്നു. "ഇനിയും ആ നാവുകൊണ്ട് ആരെയും തെണ്ടിയെന്നു വിളിക്കരുത്." "ഠോ, ഠോ.' അന്തോണിയുടെ കരങ്ങൾ നമ്പ്യാരുടെ കഷണ്ടിത്തലയിൽ പതിച്ചു.

നിലാവുള്ള ഒരു രാത്രി, അന്തോണി ആരെയോ പ്രതീക്ഷിച്ച്, അവരുടെ തെക്കുവശത്തുള്ള മാഞ്ചുവട്ടിൽ നിൽക്കുകയാണ്. അതാ, അവൾ മന്ദം മന്ദം അവനെ സമീപിക്കുന്നു.—അന്നക്കുട്ടി. അന്തോണിയുടെ കണ്ണുകൾ നിറഞ്ഞു. ആ കളിത്തോഴിയെ മാറോടുചേർത്ത് ആലിംഗനം ചെയ്തുകൊണ്ട് അവൻ പറഞ്ഞു: "അന്നക്കുട്ടി, എന്നോടു ക്ഷമിക്കൂ....ഒരു പക്ഷേ, ഞാൻ നാളെ നിന്നെ കണ്ടില്ലെന്നു വരും."

അന്നക്കുട്ടി പരിഭ്രമിച്ചു. അവൾക്കു കാര്യം മനസ്സിലായില്ല. അന്തോണിയുടെ കണ്ണുനീർ കണ്ട് അവളുടെ ഹൃദയം വേദനിച്ചു.

"എനിക്കൊന്നും മനസ്സിലാകുന്നില്ല. എന്തുപറ്റി ചേട്ടാ? അന്നക്കുട്ടി, അവന്റെ കരം ഗ്രഹിച്ചുകൊണ്ടു ചോദിച്ചു.

"ഞാൻ ഒരുത്തനെ അടിച്ചു." അന്തോണി, അങ്ങു വിദൂരത്തിലേയ്ക്കു—പ്രകാശമുതിരുന്ന പനിമതിയുടെ ശീതളകിരണങ്ങൾ ആ മാന്തളിരുകളെ പരിരംഭണം ചെയ്യുന്നതു നോക്കിക്കൊണ്ടു പറഞ്ഞു.

"ചേട്ടാ, ചേട്ടനെന്താണിപ്പറയുന്നത്?"

"അന്നക്കുട്ടീ, ചിലപ്പോൾ നാം തമ്മിൽ കുറെക്കാലത്തേയ്ക്കു കണ്ടില്ലെന്നു വരും. അന്നക്കുട്ടി എനിക്കുവേണ്ടി കാത്തിരിയ്ക്കുമോ?"

"ചേട്ടാ, എത്രകാലം വേണമെങ്കിലും ഞാൻ ചേട്ടനുവേണ്ടി കാത്തിരിക്കും."

"സത്യമാണോ?" അന്തോണി, അവളുടെ കൈപിടിച്ചുകൊണ്ടു ചോദിച്ചു.

"സത്യം. ഞാൻ ചേട്ടനെയല്ലാതെ, മറ്റാരെയും........." അവൾ ഗദ്ഗദത്തോടുകൂടിപ്പറഞ്ഞു.

"എന്നാൽ ഞാൻ പോകട്ടെ." അവളുടെ മനോഹരമായ നെററിത്തടത്തിൽ ചൂടുള്ള ഒരു ചുംബനമർപ്പിച്ചുകൊണ്ട് അന്തോണി തിരിഞ്ഞു നടന്നു. അമ്പിളിയുടെ മങ്ങിയ വെളിച്ചത്തിൽ ഒരു നിഴൽ പോലെ അവൻ നീങ്ങുന്നതു നോക്കി അന്നക്കുട്ടി അല്പസമയം അവിടെത്തന്നെ നിന്നു.

അന്തോണി ജയിലിലായിട്ട് രണ്ടു വർഷം തികഞ്ഞു. അന്നക്കുട്ടി കാത്തിരുന്നു. ഭൂതകാലത്തിലെ ആയിരമായിരം സുന്ദരസംഭവങ്ങളുടെ മധുര സ്മരണയുമായി, ഒരു ശോഭനമായ ദാമ്പത്യത്തിന് അവൾ ആ തോഴനെ കാത്തിരുന്നു. ഇരുമ്പഴികൾക്കുള്ളിൽ വീർപ്പു മുട്ടിക്കഴിയുന്നൊരു കാമുകൻ. അവളുടെ ജീവന്റെ ജീവനായ അന്തോണി.

അന്നക്കുട്ടിയുടെ തേങ്ങിക്കരച്ചിലിന്റെ ശബ്ദം ആ മുറിയിലെങ്ങും പ്രതിധ്വനിച്ചു. അവളുടെ ചുടുള്ള നെടുവീർപ്പുകൾ ആ പരിസരത്തു തങ്ങി നിന്നിരുന്നു. പരിശുദ്ധമായ പ്രേമം കാത്തു സൂക്ഷിക്കാൻ വെമ്പുന്ന നിഷ്കളങ്കയായ ഒരു യുവതി. ആ അനുരാഗവല്ലരി വേരോടുകൂടി പിഴുതെടുക്കാൻ ശ്രമിക്കുന്ന രക്ഷിതാക്കൾ. എന്തൊരു പൊരുത്തക്കേട്? എതിർപ്പുകൾ അവളുടെ പ്രേമത്തിന്റെ മാറ്റു കുറച്ചില്ല. അവളുടെ ഹൃദയമാകുന്ന ശ്രീകോവിലിൽ ആ ആരാധനാമൂർത്തിയെ പ്രതിഷ്ഠിച്ചു കഴിഞ്ഞു. ഇനിയും അവൾക്ക് അന്തോണിയെ മറക്കാൻ സാദ്ധ്യമല്ല. ആ ഹൃദയങ്ങൾ ഒന്നിച്ചു പോയി. അന്തോണിയില്ലാത്ത ലോകത്തിൽ അവൾക്കു ജീവിക്കണമെന്ന മോഹമില്ല. അവനാണ് അന്നക്കുട്ടിയുടെ ജീവിതത്തിനു രൂപമേകിയതു്. ആദ്യമായി അവളുടെ ഹൃദയത്തിൽ പ്രേമത്തിന്റെ കൈത്തിരി കൊളുത്തിയതു്. അന്നക്കുട്ടി എല്ലാം ഓർമ്മിച്ചു. അവിസ്മരണീയമായ അവരുടെ ബാല്യകാല ലീലാരംഗങ്ങൾ. അവർ പകർന്ന സുന്ദര വാഗ്ദാനങ്ങൾ. അതെല്ലാമാണ് അവളെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. ആ പ്രതീക്ഷകൾ സാക്ഷാത്കരിക്കുകയെന്നതാണ് അവളുടെ ജീവിതോദ്ദേശ്യം.

സന്ധ്യമയങ്ങുന്നു. അന്നക്കുട്ടി എഴുന്നേല്ക്കുന്നില്ല. ആ മുറിയുടെ വാതിൽ കൊട്ടിയടച്ചിരിക്കുകയാണ്. അതു പോലെതന്നെ അവളുടെ ജീവിതത്തിന്റെ കവാടങ്ങളും അടയ്ക്കപ്പെട്ടിരിക്കുന്നതായവൾക്ക് തോന്നി. അവളുടെ സ്മരണയുടെ ചുരുളുകൾ വിടരുന്നു. വികാരങ്ങൾക്ക ചൂടു പിടിച്ചു. ഹൃദയത്തിനു വേദനയേറുന്നു. അവൾ എഴുന്നേറ്റ്, പടിഞ്ഞാറുവശത്തുള്ള ജാലകം തുറന്ന് വെളിയിലേയ്ക്കു നോക്കി.

ചന്നം പിന്നം മഴ പെയ്യുന്നു. ചുളുചുളാ അടിയ്ക്കുന്ന കാറ്റ്. ഇരുണ്ട പ്രകൃതി. ഇളകിമറിയുന്ന ആകാശം. കണ്ണുമഞ്ഞളിപ്പിക്കുന്ന മിന്നൽ. ശക്തിയായ ഇടിമുഴക്കം. ഇടവപ്പാതിയുടെ ആരംഭകാലം. അന്നക്കുട്ടിക്കു ഭയമുണ്ടായി. ആ പ്രകൃതിയുടെ പ്രക്ഷുബ്ധാവസ്ഥ ഏതോ ഒരനിഷ്ട സംഭവത്തിന്റെ നാന്ദിയായിട്ടവൾക്ക് തോന്നി. ഹൃദയത്തിൽ അള്ളിപ്പിടിക്കുന്ന വേദന. കോരിത്തരിപ്പിക്കുന്ന തണുപ്പ്. എങ്കിലും അവ്യക്തമായ ആ പ്രകൃതിയിലേയ്ക്കു തുറിച്ചു നോക്കിക്കൊണ്ട് എന്തിനോ അവളങ്ങിനെ നിന്നു.

അങ്ങകലെ ഒരു ചുമയുടെ ശബ്ദം. അന്നക്കുട്ടി ഞെട്ടിപ്പോയി. ശക്തിയായ ചുമ. അവൾ ചുററുപാ[illegible]ം ദൃഷ്ടി പായിച്ചു. ആരുമില്ല. കററാക്ക[illegible]ിരുട്ട്. മഴത്തുള്ളികൾ വാഴയിലകളിൽ പതിക്കുന്ന ശബ്ദം വ്യക്തമായി കേൾക്കുന്നുണ്ട്. ചരൽ വീഴുന്നതുപോലുള്ള പതപതാന്ന ശബ്ദം.

ചുമ! ചുമ! ശക്തിയായ ചുമ!

അവൾ ശ്രദ്ധിച്ചു. ആ ചുമയുടെ ശബ്ദം അടുത്തടുത്തു വരുന്നു. അവൾ പടിക്കലേയ്ക്കു നോക്കി. നിറഞ്ഞ അന്ധകാരം. എങ്കിലും അവിടെ എന്തോ ഒരു രൂപം മാറുന്നതായവൾക്ക തോന്നി. ഒരു ഇടി മിന്നലിന്റെ ചെങ്കനൽ പ്രഭ ആ കൂരിരുട്ടിനെ ഭേദിച്ചു. ആ ക്ഷണികമായ പ്രകാശത്തിൽ ഒരു മനുഷ്യരൂപം അവൾ വ്യക്തമായിക്കണ്ടു. ആ മനുഷ്യനാണ് ചുമയ്ക്കുന്നതു്. അയാൾ അടുത്തടുത്തു വരുന്നു. അവളുടെ ഭയം വർദ്ധിച്ചു. ആരായിരിക്കാമതു്. അയാളെന്തിന് അവിടേയ്ക്കുതന്നെ ചെല്ലുന്നു? അവൾ ജന്നലഴികളിൽ പിടിച്ചുകൊണ്ട് ആ കൂരിരുട്ടിലേയ്ക്കു ഉററു നോക്കി.

ചുമ ചുമ! ശക്തിയായ ചുമ!

ഒരു മിന്നൽ പ്രഭ. അതാ, അവിടെ നിൽക്കുകയാണ് ആ മനുഷ്യൻ. ഒരു 'പ്രേതം' കണക്കേ അയാൾ ആ വൃക്ഷത്തിൽ ചാരി നില്ക്കുന്നു. മെലിഞ്ഞ ശരീരം. ഇരുണ്ട മുഖം. അർദ്ധനഗ്നമായ ശരീരം. അസ്ഥിമാത്രനായ ആ മനുഷ്യനാണ് ചുമയ്ക്കുന്നതു്. ആരായിരിക്കാമതു്? അന്നക്കുട്ടിയുടെ ഉൽക്കണ്ഠ വർദ്ധിച്ചു.

അതാ, ആ മനുഷ്യൻ അടുത്തടുത്തു വരുന്നു. അവൾ മുററത്തെത്തി.

"അന്നക്കുട്ടി," വെളിയിൽനിന്ന് അയാൾ വിളിച്ചു. അമർന്ന സ്വരം. പതറിയ വിളി.

അവൾ ശ്രദ്ധിച്ചു.

"അന്നക്കുട്ടീ!" അയാൾ വീണ്ടും വിളിച്ചു.

അന്നക്കുട്ടി ആ വിളി കേട്ടു: വൈദ്യുതശക്തിയേററിട്ടെന്ന പോലെ അവളൊന്നു ഞെട്ടി. പരിചിതമായ സ്വരം!

"അന്തോണി.... ച്ചേട്ടൻ......" അവളുടെ വരണ്ട ചുണ്ടുകൾ മന്ത്രിച്ചു.

"ഞാനാ....അന്നക്കു....." ചുമ! ശക്തിയായ ചുമ! അയാൾക്കു സംസാരിക്കാൻ കഴിയുന്നില്ല.

അന്നക്കുട്ടി ശബ്ദമുണ്ടാക്കാതെ വാതിൽ തുറന്നു, മുററത്തെത്തി. അവൾ അമ്പരന്നു പോയി. വാവിട്ടു കരഞ്ഞു. ജന്നലഴികളിൽ പിടിച്ചു് അസ്ഥിമാത്രനായ ഒരു മനുഷ്യൻ നില്ക്കുന്നു. അവൾ പെട്ടെന്നു് പിമ്പോട്ടു മാറി. അതു് അന്തോണിയാണോ? അവൾക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല.

"അന്നക്കുട്ടി, ഞാനാ......നി.....,നിൻെറ പ്രിയപ്പെട്ട അ...അന്തോണിച്ചേട്ടൻ-" ചുമ! ശക്തിയായ ചുമ! അന്തോണി ശക്തിയില്ലാതെ വീഴാൻ ഭാവിച്ചു. അന്നക്കുട്ടി മുമ്പോട്ടാഞ്ഞു് അവനെ താങ്ങി. മന്ദം മന്ദം പുറം തലോടി.

"വേണ്ട..—വേണ്ട...അന്നക്കുട്ടി, എന്നെ തൊടരുതു്. പകരും....ക്ഷയമാ....ക്ഷയം." അവൻ ചുമച്ചു ഇപ്പിക്കൊണ്ടു പറഞ്ഞു.

രണ്ടു വർഷത്തെ കാരാഗൃഹ വാസം അവനെ ഒരു ക്ഷയരോഗിയാക്കിത്തീർത്തു.

അന്നക്കുട്ടി ഏങ്ങിയേങ്ങിക്കരഞ്ഞു. "ചേട്ടാ, ചേട്ടനെന്താണിപ്പറയുന്നതു്? എനിക്കൊന്നും മനസ്സിലാകുന്നില്ല." അന്തോണിയുടെ ഒട്ടിയ കവിൾത്തടത്തിൽ തങ്ങിനിന്നിരുന്ന കണ്ണുനീർ തുടച്ചു കളഞ്ഞുകൊണ്ടവൾ ചോദിച്ചു.

"നിനക്കു മനസ്സിലാവില്ല. അതു മനസ്സിലാക്കണ്ട. അന്നക്കുട്ടി, നീയെങ്കിലും സുഖമായി ജീവിയ്ക്കൂ." പെട്ടെന്നു് അന്തോണി അവളുടെ പിടിയിൽനിന്നകന്നു.

"ചേട്ടാ, ചേട്ടനെന്നെ മറക്കുകയാണോ?" അന്തോണിക്കുവേണ്ടി ഇരുകരങ്ങളും നീട്ടിക്കൊണ്ടു് അവൾ ചോദിച്ചു.

"അല്ല. നീയെന്നെ മറന്നേക്കൂ. നിൻെറ ജീവിതം പാഴാക്കരുതു്."

"ചേട്ടാ, ചേട്ടൻെറ ദുഃഖങ്ങളിൽ ഞാനും പങ്കാളിയാണു്. ചേട്ടനു വേണ്ടിയാണു് ഞാൻ ജീവിക്കുന്നതു്. നമുക്കൊത്തു ജീവിക്കാം."

അന്തോണിക്കു് സഹിക്കവയ്യാത്ത കോപമാണുണ്ടായതു്. ജീവിതത്തോടു് അവനു് എന്തെന്നില്ലാത്ത വെറുപ്പു തോന്നി. അനുകമ്പയററ ലോകത്തോടു് അത്രതന്നെ വിദ്വേഷവും. അവൻ ഹൃദയം പൊട്ടുമാറു് ആക്രോശിച്ചു: "വേണ്ട, ജീവിക്കണ്ട. എങ്ങും പിശാചുക്കളാണു്. മനുഷ്യപ്പിശാചുകൾ. അവരെന്നെക്കൊല്ലാതെ കൊന്നു."

ചുമ! ചുമ! ശക്തിയായ ചുമ!

അന്തോണി മുമ്പോട്ടാഞ്ഞു്, അന്നക്കുട്ടിയുടെ കതിർന്ന കവിൾത്തടത്തിൽ ഒരു ചുംബനം. കാത്തിരുന്നതിൻെറ പ്രതിഫലം! അവൻ തിരിഞ്ഞു നടന്നു.

"അന്തോണിച്ചേട്ടാ, എൻെറ അന്തോണിച്ചേട്ടാ." അന്നക്കുട്ടിയുടെ ദയനീയമായ വിളി അവിടെയെങ്ങും പ്രതിധ്വനിച്ചു.

"എന്നെ മറന്നേക്കൂ." അന്തോണി ആ അന്ധകാരത്തിൽ നടന്നു മറഞ്ഞു.

(വിനോദലേഖനം)

# ഒരു അടിയന്തിരപ്രമേയം

By O. P., Class IV, Philosophy

അത്യൊരസാധാരണ സമ്മേളനത്തിന്റെ പ്രതീതി എന്നിൽ ഉളവാക്കി. നിയമസഭാമന്ദിരം കമനീയമായി അലങ്കരിക്കപ്പെട്ടിരുന്നു. എം. എൽ. ഏ. മാർ എല്ലാവരും മോടിയായി വസ്ത്രധാരണം ചെയ്താണു വന്നിട്ടുള്ളത്. ഹാളിൽ എന്തോ പൌഡറിന്റേയോ, സെന്റിന്റേയോ വാസന പരന്നിരിക്കുന്നു. അതിനു കാരണം അന്വേഷിച്ചപ്പോഴാണ് അതാ സന്ദർശകഗാലറി മുഴുവൻ വിമൻസ് ഹോസ്റ്റലിലെയും, വൈ. ഡബ്ളിയു. സി. ഏ. യിലെയും സ്ത്രീകൾ ചികുരഭാരവും അഴിച്ചിട്ട് വെള്ളവസ്ത്രവും ധരിച്ച് 'മാലാഖ'മാരെപ്പോലെ നില്ക്കുന്നു. നിയമസഭയിലെ രണ്ടു സ്ത്രീകളുടെ ദൃഷ്ടികൾ അസൂയയോടുകൂടി 'ബാൽക്കണി'യിലേക്കുയരുന്നു. എങ്കിലും എല്ലായിടത്തും ഒരു ഉണർവ്വും ഉന്മേഷവും.

സ്പീക്കർ—ഓർഡർ! ഓർഡർ! മി. ആലുവായ്ക്ക് അടിയന്തിരപ്രമേയം അവതരിപ്പിക്കാം.

മി. ആലുവാ—ഹോസ്റ്റലുകളിൽ താമസിച്ചുവരുന്ന വിദ്യാർത്ഥിനികളുടെ മുടി കൊഴിഞ്ഞുപോകുന്നതിനാൽ ഉണ്ടായിട്ടുള്ള രാജ്യവ്യാപകവും അടിയന്തിരവുമായിട്ടുള്ള സംഭവവികാസത്തെയും, സൌന്ദര്യനഷ്ടത്തെയും പററി ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിറുത്തിവയ്ക്കേണ്ടതാണ്.

സാർ, നിറഞ്ഞ കണ്ണുകളോടുകൂടി മാത്രമേ എനിക്കു പ്രസംഗിക്കുവാൻ കഴിയുന്നുള്ളു. സ്ത്രീകളുടെ മൌലികാവകാശമാണു മുടി. ക്രിസ്ത്യാനിക്കു പള്ളിക്കൂടംപോലെയും, ജീവനു വായുപോലെയും, പോലീസിനു ലാത്തിപോലെയും അത്യന്താപേക്ഷിതമാണു സ്ത്രീക്കു മുടി. വനം തെളിക്കുന്നതുമൂലം മണ്ണൊലിപ്പു സംഭവിക്കുന്നതായിക്കാണുന്നു. അതുപോലെ മുടി കൊഴിഞ്ഞുപോകുന്നതുമൂലം തലച്ചോർ നഷ്ടപ്പെടുന്നുണ്ടോ എന്നു ഒരു കമ്മററിയെ നിയമിച്ചു അന്വേഷണം നടത്തേണ്ടതാണ്.

മി. പട്ടം—സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. സ്ത്രീകൾക്കു ജീവനാണ് അവരുടെ മുടി. സ്ത്രീലോകത്തിൽ ആകമാനം പടർന്നുപിടിച്ചിരിക്കുന്ന ഈ മഹാമാരിക്ക് ഒരു മാർഗ്ഗം കണ്ടുപിടിക്കാനാവാതെ ഈ മന്ത്രിസഭ ഇനിയും അധികാരത്തിൽ പററിപ്പിടിച്ചിരിക്കുന്നതിലാണ് എനിക്കു അത്ഭുതം തോന്നുന്നത്. എന്റെ മന്ത്രിസഭ നിലവിലിരുന്ന കാലത്ത് ഇതിന്റെ ഒരു ലാഞ്ഛനപോലും ഉണ്ടായിരുന്നില്ല.

സ. ആലപ്പുഴ—അന്നു ധാരാളം മുടികൊഴിഞ്ഞുകൊണ്ടാണിരുന്നത്. അതു എനിക്കു നേരിട്ടറിയാവുന്ന കാര്യമാണ്.

മി. പട്ടം—സർ, അപ്പറഞ്ഞതു കളവാണ്. അപ്രകാരം ഒരു സംഭവം നടന്നിട്ടില്ല. മി. ആലപ്പുഴയുമായി ബന്ധപ്പെട്ട ആർക്കെങ്കിലും അങ്ങനെ സംഭവിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. ഇതു സ്ത്രീലോകത്തോടുള്ള ഇന്നത്തെ ദുഷിച്ചുനാറിയ ഗവണ്മെന്റിന്റെ ഒരു വെല്ലുവിളിയാണ്. അതിനെ അവർ സർവ്വശക്തിയും ഉപയോഗിച്ച് എതിർക്കുമെന്ന് എനിക്കു വിശ്വാസം ഉണ്ട്.

(ഹിയർ! ഹിയർ!)

മി. തിരുവനന്തപുരം—സർ, ഞാൻ ഈ പ്രമേയത്തെ സർവ്വ ശക്തിയോടുംകൂടി അനുകൂലിക്കുന്നു. എനിക്കു നേരിട്ടറിയാവുന്ന ഒരു സംഗതി പറയുവാനുണ്ട്. ഞങ്ങളുടെ സിനിമായ്ക്ക് സ്ത്രീകൾക്കു തന്നെ 5000 രൂപായുടെ കൃത്രിമമുടി വാങ്ങേണ്ടിവന്നു. അതുകൊണ്ടു ഇന്നത്തെ മന്ത്രിസഭ ഇതിനെന്തെങ്കിലും ഒരു പരിഹാരമാർഗ്ഗം കണ്ടുപിടിക്കണം. സാധിക്കാത്തപക്ഷം അവർ മന്ത്രിസ്ഥാനം രാജിവയ്ക്കട്ടെ.

സ. മിസ്സസ്സ് ചേർത്തല—സർ, ഞാൻ ഈ പ്രമേയത്തെ ശക്തിയുക്തം എതിർക്കുന്നു. (ഷെയിം ! ഷെയിം) ഇതു വെറുതേ ഇപ്പോഴത്തെ ഗവണ്മെൻറിൻെറപേരിൽ കൊണ്ടുവന്നിട്ടുള്ള ഒരു ആരോപണമാണ്. ഇന്നത്തെ യുവതികൾ മുടിയുടെനേരെ കാട്ടുന്ന അക്ഷന്തവ്യമായ അപരാധമാണ് ഇതിനു കാരണം. സാർ ! ഒരു സ്ത്രീ എന്നുള്ള നിലയിൽ എനിക്കു ചിലതെല്ലാം പറയുവാനുണ്ട്.

മിസ്സ് കാരിക്കോട്ട്—പ്രമേയത്തെപ്പററിയായിരിക്കണം പറയുന്നതു്.

സ. മിസ്സസ്സ് ചേർത്തല—ഞാൻ വഴങ്ങുന്നില്ല. ' ഇന്നു മുടിയുടെ നേരെ സ്ത്രീലോകം കാട്ടുന്ന അനീതികൾ ഭയങ്കരമാണ്. 'ഉഴന്നവട', 'തിരിക', 'സ്റ്റ്യൂയിൽ', 'കുതിരവാൽ', 'അട്ടചുരുളൻ' മുതലായ പേരുകളിൽ എങ്ങനെയെല്ലാമാണ് മുടി ഇട്ടു കഴയ്ക്കുന്നതു്. ഈയിടെ റഷ്യയിൽ സ്ത്രീകൾ 'കുതിരവാൽ' പോലെ മുടി കെട്ടിയതിനാൽ അവർക്കു കഷണ്ടിയുണ്ടാവുകയും, അതുകൊണ്ടു കുതിരവാൽ റഷ്യൻഗവണ്മെൻറു് നിരോധിക്കുകയും ചെയ്തിട്ടുള്ളതാണ്. രണ്ടും, മൂന്നും റാത്തൽ ഭാരമുള്ള വളയങ്ങളും മററും തലയിൽ വച്ചുപിടിപ്പിക്കുന്നതു പോകട്ടെ. അവർ കട്ടക്കണക്കിനാണു പൂവ് തലയിൽ വയ്ക്കുന്നതു്. ഇപ്രകാരം ചെയ്താൽ ആ മുടികൾ എങ്ങനെ പണിമുടക്കാതിരിക്കും. അതുകൊണ്ടു സൃഷ്ടിപരമായി എനിക്കു നിർദ്ദേശിക്കുവാനുള്ളതു്, മുടി സം ര ക്ഷ ണ ത്തെ സംബന്ധിച്ചു ഒരു പാഠപുസ്തകം തയ്യാറാക്കി എല്ലാ വിദ്യാർത്ഥിനികളെയും നിർബ്ബന്ധിതമായി പഠിപ്പിക്കണമെന്നാണ്.

മി. തൊട്ടപ്പുഴ—മെമ്പറുടെ മുടി കൊഴിയാറുണ്ടോ ?

സ്പീക്കർ—ആ ചോദ്യം അനുവദിക്കുന്നില്ല. Member Can Proceed.

മിസ്സസ്സ് ചേർത്തല—ഈ പാഠപുസ്തകക്കാര്യം ഒരിക്കൽക്കൂടി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു.

മി. മൂവാററുപുഴ—സാർ, മുടികൊഴിച്ചിലിൻെറ ചില ശാസ്ത്രീയകാരണങ്ങൾ ഞാൻ വ്യക്തമാക്കാം. മുടികൊഴിച്ചിലിൻെറ പ്രധാന കാരണം കൃത്രിമ സൌന്ദര്യ സാധനങ്ങളുടെ ഉപയോഗമാണ്. അതു് അവർ ഉപയോഗിക്കുന്നതു പുരുഷന്മാരെ ആകർഷിക്കുന്നതിനാണെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. മനശ്ശാസ്ത്രപണ്ഡിതനായ ഫ്രായിഡിൻെറ അഭിപ്രായം "All developments are based on sex" എന്നുള്ളതാണ്. സർ ! സ്ത്രീകൾക്കു എപ്പോഴും പുരുഷന്മാരുടെ മുമ്പിൽ ഒരുങ്ങിച്ചമഞ്ഞു കാണപ്പെടുന്നതിനുള്ള ഒരു tendency ഉണ്ട്. അതുപോലെ തന്നെ പുരുഷന്മാർക്കും ഉണ്ട്. അതുകൊണ്ടാണല്ലോ പുരുഷന്മാരും 'Portico' മുതലായ hair-Styles ഉപയോഗിക്കുന്നതു്. അതു് Intuitive ആയിട്ടുള്ളതാണ്. അല്ലാതെ അവർ Conscious ആയി ചെയ്യുന്നതല്ല എന്നാണ് എൻെറ അഭിപ്രായം. (ഇതുപറഞ്ഞപ്പോൾ എന്തുകൊണ്ടോ 'മൈക്കിൻെറ്' ശബ്ദം ഉയന്നു; അപ്പോൾ ഹാളിൽഎല്ലാവരും എന്തോ കുശുകുശുക്കുന്നതായിക്കണ്ടു.)

സ്പീക്കർ—ഓർഡർ ! ഓർഡർ !

മി. തൊട്ടപ്പുഴ—(ഭരണകക്ഷിയിലെ മെമ്പറന്മാർ ഇരിക്കുന്ന സ്ഥലത്തേക്കു ചൂണ്ടിക്കൊണ്ടു്) ഈ ശബ്ദം കേട്ടാൽ ഇതൊരു ചന്തയാണെന്നു തോന്നുമല്ലോ.

മി. ഹരിപ്പാട്ട്—സർ ! 'ചന്ത' എന്നു ഇപ്പോൾ പ്രതിപാദിച്ചതു Parliamentary ആണോ ? അതു് ഈ ഭാഗത്തെ മെമ്പറന്മാരെ ഉദ്ദേശിച്ചു പറഞ്ഞതല്ലേ ?

സ്പീക്കർ—അതു Un Parliamentary ആണ്. മെമ്പർ അതു......

മി. തൊട്ടപ്പുഴ—(ചാടിയെണീററു്) Sir! I withdraw.

മി. മൂവാററുപുഴ—അതുകൊണ്ടു് ഞാൻ നിർദ്ദേശിക്കുന്നതു് ഈ കൃത്രിമസൌന്ദര്യസാധനങ്ങൾ എല്ലാം ഉപയോഗിച്ചാലും മുടി കൊഴിച്ചിൽ ഉണ്ടാകാതിരിക്കത്തക്ക വല്ല മാർഗ്ഗങ്ങളും ഈ മന്ത്രിസഭ ഉടൻ കണ്ടുപിടിച്ചുനടപ്പിൽ വരുത്തണം (അപ്പോൾ 'കട്ടക' പൊട്ടിക്കുന്നതുപോലെ ഉള്ള ഒരു ശബ്ദംകേട്ടു ഞാൻ തിരിഞ്ഞുനോക്കിയപ്പോഴാണു മനസ്സിലായതു് ബാൽക്കണിയിൽ ഉണ്ടായിരുന്ന തരുണീമണികളുടെ കയ്യടികളുടെ ശബ്ദമാണെന്നു്. തുടന്നു ചില ഹിയർവിളികളും ബാൽക്കണിയിൽ നിന്നും ഉയന്നു.)

അല്ലാത്തപക്ഷം സ്ത്രീവിദ്വേഷിയായ ഈ മന്ത്രിസഭ ഉടൻ രാജിവയ്ക്കണം.

മി. തൊടുപുഴ—സർ! ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ മന്ത്രിസഭയെ സ്ത്രീവിദ്വേഷി എന്നു പ്രത്യക്ഷമായി പറഞ്ഞതിൽ എനിക്കു ശക്തിയായ പ്രതിഷേധം ഉണ്ട്. ഈ മന്ത്രിമാർ സ്ത്രീവിദ്വേഷികൾ ആയിരുന്നു എങ്കിൽ അവർ മന്ത്രിമാരായതിനുശേഷം മൂന്നു വിവാഹങ്ങൾ നടക്കുമായിരുന്നോ? (ചിരി)

Speaker—Member Can Proceed.

മി. മൂവാറ്റുപുഴ—സാർ ഞാൻ എന്റെ ഈ നിർദ്ദേശം സഭയുടെ മുമ്പിൽ ഒന്നുകൂടി സമർപ്പിച്ചുകൊള്ളുന്നു.

പ്രതിപക്ഷനേതാവ്—സർ, ഈ മുടികൊഴിച്ചിൽ സ്ത്രീകളുടെ സൌന്ദര്യത്തെ വളരെ അധികം ബാധിക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ട് അതിനെ ഏതുവിധേനയും തടയണമെന്നുള്ളതു് ഈ ഗവണ്മെന്റിന്റെ ഒരു വെറും ചുമതല മാത്രമാണെന്നു് ഞാൻ ഈ ഗവണ്മെന്റിനെ ഓർപ്പിക്കുകയാണ്. ഇതിന്റെ പ്രധാന കാരണം ഇപ്പോഴത്തെ വിദ്യാഭ്യാസപദ്ധതിയാണ്. ഇപ്പോൾ പുതുതായി ഏർപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസ പദ്ധതിമൂലം വളരെ അധികം Portions പഠിച്ചുതീർക്കേണ്ടതായിട്ടുണ്ട്. സാധാരണ വിദ്യാർത്ഥിനികൾ ചെയ്യാറുള്ളതു് Mugging up ആണ്. കൂടുതൽ Portions Mug up ചെയ്യുന്നതുമൂലം അവരുടെ തലയ്ക്കു ചൂടു കൂടുകയും അങ്ങിനെ മുടിയുടെ വേരുകൾ ദ്രവിച്ച് അതു കൊഴിയുകയുമാണ് ചെയ്യുന്നതു്. കൂടാതെ ഇപ്പോഴത്തെ കമ്മ്യൂണിസ്റ്റുകാരും അതിനെ വളരെ സഹായിക്കുന്നുണ്ട്. പ്രത്യേകിച്ച് ഈ ഗവണ്മെന്റു് സ്ത്രീധനനിരോധനബില്ലിൽ അവതരിപ്പിക്കുന്ന ഈ സമയത്തു സ്ത്രീകളുടെ സൌന്ദര്യം കുറയ്ക്കുവാനുള്ള ഒരു ശ്രമംകൂടി നടത്തുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങനെ പൊതുവെ നോക്കിയാൽ ഇതു് ഈ രാജ്യത്തെ ജനാധിപത്യകക്ഷികളായ കോൺഗ്രസ്സിന്റെയും, പി. എസ്സ്. പി. യുടെയും നേരെ ഉള്ള ഒരു വെല്ലുവിളിയാണ്. അതുകൊണ്ട് ഞങ്ങൾ ഞങ്ങളുടെ സർവ്വശക്തിയും ഉപയോഗിച്ച് ഇതിനുവേണ്ടി പോരാടും എന്നും ഞാൻ ഈ മന്ത്രിസഭയെ ഓർപ്പിക്കുകയാണ്. (ഹിയർ ! ഹിയർ !)

ചീഫ് മിനിസ്റ്റർ—ഞാൻ ഇവിടെ നടന്ന അഭിപ്രായങ്ങളെ വളരെ ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ പ്രസംഗിച്ച എന്റെ 'സുഹൃത്തുക്കളി'ൽപ്പലരും ഒരു വെറും മൈതാനപ്രസംഗമാണു നടത്തിയതു്. അതിനൊന്നും മറുപടി പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

കൃത്രിമസൌന്ദര്യസാധനങ്ങളുടെ ഉപയോഗമാണ് മുടികൊഴിച്ചിലിനു പ്രധാന കാരണമെന്നുള്ള അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. അതിനാൽ മുടികൊഴിച്ചിൽസംബന്ധിച്ചും, മുടിസംരക്ഷണം സംബന്ധിച്ചും അടുത്ത വർഷംമുതൽ പ്രത്യേക ക്ലാസ്സുകൾ നടത്തുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്. ഈ പ്രശ്നം സംബന്ധിച്ച്, ഹോസ്റ്റൽപ്രതിനിധികളെയും, മുൻസിപ്പൽ അധികാരികളെയും വിളിച്ചുകൂട്ടി ഒരു ത്രികക്ഷി സമ്മേളനം നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു എന്ന വസ്തുത വെളിവാക്കാൻ എനിക്കും എന്റെ മന്ത്രിസഭയ്ക്കും സന്തോഷമുണ്ട്.

(സമയം 12. 30 ആയതിനാൽ സഭ ലഞ്ചിനു പിരിഞ്ഞു.)

# കല്ലും കഥയും

By
(മൊയ്തീൻകുട്ടി, മതിലകം. പ്രീ എഞ്ചിനീയറിംഗ്)

മൈതാനത്തിനപ്പുറത്തുള്ള മാവിലിരുന്നു കൊണ്ട് ഒരു രാക്കുയിൽ നീട്ടിനീട്ടി കൂവുന്നുണ്ട്. പാലൊഴുകുന്ന ക്രിസ്തുമസ്സുചന്ദ്രികയിൽ മൈതാനത്തിൽക്കിടക്കുന്ന ആ വലിയ കല്ലിന്നു ചുററിലുമിരുന്ന് ഞാനും ജയനും രവിയും സംസാരിച്ചുകൊണ്ടിരിക്കയാണ്. നല്ല പൂപോലുള്ള നിലാവ്. തെങ്ങിൻതലപ്പുകളുടെ നിഴൽ വീഴുന്നതൊഴിച്ചാൽ ആ മൈതാനം ഒരു പാലുകടലായി മാറിയിരിക്കുന്നു.

"ഹോ! എന്തെല്ലാം കാഴ്ചകൾ കണ്ടതായിരിക്കും ഈ കല്ല്. ഒരു പുരാതന സംസ്കാരത്തിന്റെ അവശിഷ്ടം." രവി ആ കല്ലിനെ നോക്കിക്കൊണ്ട് എന്നോടു പറഞ്ഞു. "അതും ദഹിക്കാത്തതുകൊണ്ടായിരിക്കും രവി, ശേഷിച്ചതു്." ഞാൻ എന്റെ അഭിപ്രായം പാസ്സാക്കി. ജയൻ മറെറാരു വാസ്തവം പറഞ്ഞു. "ഇത്രവലിയ ഒരു കല്ല് പൊക്കിക്കൊണ്ടുപോകാനുള്ള വിഷമംകൊണ്ടാണ് ഈ മൈതാനത്തു ഇന്നിതു ശേഷിക്കുന്നതു്. മുമ്പു കിട്ടിയ കല്ലുകളും രൂപങ്ങളും ഒക്കെ ഇന്ന് ഓരോരുത്തരുടെ കുളക്കടവിലെ മുണ്ടലക്കുന്ന കല്ലാണ്." അവർ സംഭാഷണം തുടർന്നെങ്കിലും ഞാനവിടെവെച്ചു നിർത്തി ആ വെളുത്ത മണലിൽ മലർന്നു കിടന്നു. ഞാനാ അവശിഷ്ടങ്ങളെപ്പററി ആലോചിച്ചു നോക്കി.

ഇന്നിവിടെ ആരെങ്കിലും ഗവേഷണം നടത്തുകയാണെങ്കിൽ ഹരപ്പയേയോ മോഹഞ്ചദാരോവിനേയോ ഒക്കെ കവച്ചുവെക്കുന്ന ഒരുന്നത നാഗരികതയുടെ അവശിഷ്ടങ്ങൾ കണ്ടുകിട്ടാൻ സാദ്ധ്യതയുണ്ട്. പക്ഷേ അതിനുവേണ്ടി ബുദ്ധിമുട്ടാൻ തക്ക സന്മനസ്സുള്ള ചരിത്രപണ്ഡിതന്മാരാരുംതന്നെ ഇതേവരെ ഈ തൃക്കണാമതിലകത്തെത്തിയതായി എനിക്കോർമ്മയില്ല. എന്റെ കാരണവന്മാർ പറയുന്നതു കേട്ടിട്ടുമില്ല. പുരാതനേന്ത്യയിലെ ഒന്നാംതരം ഒരു തുറമുഖം, പ്രാചീന കേരളത്തിന്റെ തലസ്ഥാനം, ദക്ഷിണേന്ത്യയിലെ ഒരു പ്രധാനപ്പെട്ട ബുദ്ധമതകേന്ദ്രം, പ്രസിദ്ധ പണ്ഡിതകവിയായ ഇളംകോ അടികളുടെ ജന്മദേശം. എല്ലാ നിലയ്ക്കും ഈ കൊടുങ്ങല്ലൂരും അതിന്റെ വടക്കേ അതിരായ ഈ മതിലകവും ചരിത്രപ്രസിദ്ധമാണ്.

മററു സ്ഥലങ്ങളിൽ കണ്ടെത്താത്ത പല അവശിഷ്ടങ്ങളും ചരിത്രഗവേഷണത്തിന്റെ ബാലപാഠങ്ങൾപോലും അറിയാത്ത ഇവിടുത്തെ ഗ്രാമീണർ മണ്ണെടുക്കുമ്പോഴും കുളം കുത്തുമ്പോഴുമെല്ലാം കണ്ടെടുത്തിട്ടുണ്ട്. കാക്കയെ എറിയാൻപോലും കല്ലുകിട്ടാത്ത ഈ മണൽപ്രദേശത്ത് ഒന്നാംതരം വെട്ടുകല്ലുകൾകൊണ്ടുണ്ടാക്കിയ ചതുരാകൃതിയുള്ള കിണറുകൾ കണ്ടെത്തിയിട്ടുണ്ട്. എടുത്താൽ പൊങ്ങാത്തത്ര വലിപ്പമുള്ള കരിങ്കല്ലുകൾ കുഴിച്ചെടുക്കപ്പെട്ടിട്ടുണ്ട്. ഇതെല്ലാം ഒരു വലിയ സംസ്കാരത്തിന്റെ അവശിഷ്ടങ്ങളാണെന്നു ഈ പാവപ്പെട്ടവരുണ്ടോ മനസ്സിലാക്കുന്നു! അവരതെല്ലാം കുളത്തിനു പടവു കെട്ടാനും അലക്കുകല്ലായുമൊക്കെ ഉപയോഗിക്കയാണ്.

ഇപ്പോൾ ഈ കിടക്കുന്ന കല്ല് എന്തിന്റെ അവശിഷ്ടമായിരിക്കും? ഇവിടെയുണ്ടായിരുന്നെന്നു പറയപ്പെടുന്ന സർവ്വകലാശാലയുടേതായിരിക്കുമോ? എങ്കിൽ എന്തെല്ലാം കഥ ഈ കല്ലിനു പറയാനുണ്ടാവും? എത്രയെത്ര പണ്ഡിതന്മാരുടെ കഥകൾ. ആലോചിച്ചാലോചിച്ച് ഞാൻ കിടന്ന് ഉറങ്ങിപ്പോയി.

ഒരു കറുത്തിരുണ്ട രൂപം എന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുകയാണ്. ഞാൻ സൂക്ഷിച്ചു. ഒരു മനുഷ്യരൂപം. എന്ത്? മനുഷ്യൻ കറുത്തിരുണ്ട് പരുപരുത്തിരിക്കുമോ? ഞാനൊന്നുകൂടെ സൂക്ഷിച്ചുനോക്കി. അതൊരു കല്ലാണ്. മനുഷ്യരൂപത്തിലുള്ളൊരു കല്ല്.

അതേ എന്റെ മുമ്പിൽക്കിടന്നിരുന്ന കല്ലു തന്നെ ഒന്നു രൂപംമാറിയതാണ്. എന്നോടെന്തെല്ലാമോ പറയുന്നു. ഞാനതു ശ്രദ്ധിച്ചു. ആ കല്ല് തന്റെ ചരിത്രം എന്നെ വിവരിച്ചു കേൾപ്പിക്കയാണ്.

വളരെവളരെ നൂറ്റാണ്ടുകൾക്കുമുമ്പാണ്, സർവ്വകലാശാലാ നിർമ്മാണത്തിനായി, സാഗരഗ്രാമത്തിൽനിന്നാണ് ആ കല്ല് ഒരു കടൽത്തീര പട്ടണമായ മതിലകത്തേക്കു (മഹോദയപുരം) കൊണ്ടുവരപ്പെട്ടതു്. വിദഗ്ദ്ധരായ കലാകാരന്മാരുടെ നേതൃത്വത്തിൽ കെട്ടിടംപണി പുരോഗമിച്ചു. മുകൾത്തട്ടിന്റെ പടിഞ്ഞാറുവശത്തു് വടക്കേ മൂലയിലായി ആ കല്ല് സ്ഥാപിക്കപ്പെട്ടു. വെള്ളയടിക്കപ്പെടാതെ ആ നിലയിൽ എത്രയെത്ര കാഴ്ചകളായിരുന്നുവെന്നോ ആ കല്ലിനു കാണാൻ കഴിഞ്ഞിരുന്നതു്. പൊങ്ങിയും താണും കിടന്നിരുന്ന കെട്ടിടങ്ങളുടെ മേൽപ്പുരകൾക്കിടയിലൂടെ അറബിക്കടലും തുറമുഖവും വ്യക്തമായിക്കാണാമായിരുന്നു. അങ്ങു പടിഞ്ഞാറുനിന്നും വന്നണയുന്ന പായ്ക്കപ്പലുകൾ. മഞ്ഞും വെയിലും വകവയ്ക്കാതെ കൂലിക്കാർ അവയിലെല്ലാം മലഞ്ചരക്കുകൾ കയറ്റുകയാണ്. കേരളത്തിന്റെ കറുത്ത കനകമായ കുരുമുളകും, ഗ്രാമ്പു, ഇഞ്ചി, ഏലം തുടങ്ങിയ മറ്റു കേരോല്പന്നങ്ങളും. ഏതെല്ലാം നാടുകളിൽനിന്നുള്ള വിദേശികളാണ് വന്നെത്തിയിരുന്നതു്! റോമായിൽനിന്നും ഈജിപ്തിൽനിന്നും അറേബ്യയിൽനിന്നും എല്ലാം പല വിധത്തിലും നിറത്തിലും രൂപത്തിലുമുള്ള ആൾക്കാർ. വിവിധ ജാതി ഭാഷകൾ സംസാരിക്കുന്ന മനുഷ്യർ. എല്ലാവർക്കും മലഞ്ചരക്കുകളാണ് ഉന്നം. അവർ വന്നെത്തിയാൽ ഒന്നും രണ്ടും മാസങ്ങൾക്കു് ശേഷമാണ് മടങ്ങിപ്പോവുക. അതേവരെ അവർ അവിടെയെല്ലാം കഴിച്ചുകൂട്ടും. നാട്ടുകാർക്കവരെ വളരെ ബഹുമാനമാണ്. അവർക്കു നാട്ടുകാരേയും.

മുൻ കുടുമയുള്ള ബ്രാഹ്മണരാണ് നാട്ടുകാരിലധികവും.

അവരുടെ ഒരു ക്ഷേത്രം വടക്കുഭാഗത്തു കാണാം. തൊട്ടടുത്തായി ഒരു ബുദ്ധവിഹാരവും സന്യാസിമഠവും. തല മൊട്ടയടിച്ച ശുഭ്ര വസ്ത്രധാരികളായ ബുദ്ധഭിക്ഷുക്കൾ. അവരെക്കൊണ്ടു ആ പരിസരം എപ്പോഴും നിറഞ്ഞിരിക്കും. എപ്പോഴും പ്രസംഗങ്ങളും വാദപ്രതിവാദങ്ങളുംകൊണ്ടു് മുഖരിതമാണ് ആ അന്തരീക്ഷം. എത്രയൊക്കെ ആയാലും അവർ സൌമ്യശീലരായിരുന്നു. ഒരിക്കലും അവർ കലഹിക്കുന്നതു് ആ കല്ലിനു് കാണാൻ കഴിഞ്ഞിട്ടില്ല. മറുവശത്തുള്ള ക്ഷേത്രവും എല്ലാ സമയത്തും ജനനിബിഡമാണ്. രാവിലെയും വൈകിട്ടും തൊഴാൻ വരുന്ന ഭക്തജനങ്ങളുടെ "കൃഷ്ണാ" വിളികൾ കൊണ്ടു് മുഖരിതമാണാ പരിസരങ്ങൾ. രൂപലാവണ്യം വഴിഞ്ഞൊഴുകുന്ന 'മലനാട്ടു മങ്ക'കളുടെ സൌന്ദര്യംകണ്ടാസ്വദിക്കാനോ ഹിന്ദുക്കളുടെ ആരാധനാരീതി കണ്ടു മനസ്സിലാക്കാനോ എന്തോ മതിലിനു ചുറ്റും എന്നും വിദേശികൾ കണ്ണുംമിഴിച്ചു നോക്കിനില്ക്കാറുള്ളതു് പലപ്പോഴും ആ കല്ലു കണ്ടിട്ടുള്ളതാണ്.

പുതിയ കലാശാലയിൽ പഠിപ്പു തുടങ്ങി. അദ്ധ്യാപകരും അദ്ധ്യേതാക്കളും എണ്ണാൻ കൂടി കഴിയാത്തവണ്ണം ദിനംതോറും പെരുകിക്കൊണ്ടിരുന്നു. പ്രസരിപ്പാർന്ന യുവാക്കളുടെ പൊട്ടിച്ചിരികൾകൊണ്ടും ശബ്ദകോലാഹലങ്ങൾകൊണ്ടും പരിസരങ്ങൾക്കാകെ ഒന്നുകൂടി ജീവൻവെച്ചു. എന്നും പണ്ഡിതന്മാരുടെ പ്രസംഗങ്ങളാണ് അകത്തെ ഹാളിൽ. തർക്കശാസ്ത്രവും തച്ചുശാസ്ത്രവും അലങ്കാരവും വ്യാകരണവും വേദവും ചരിത്രവും തുടങ്ങി എല്ലാ കാര്യങ്ങളെക്കുറിച്ചും അവിടെ വാദപ്രതിവാദങ്ങളും പണ്ഡിത ജനങ്ങളുടെ പ്രസംഗങ്ങളും എല്ലാ ദിവസവും കേൾക്കാം. സന്ദർശകരുടെ എണ്ണം ദിവസംതോറും കൂടിക്കൂടി വന്നു. വിദേശികളിൽ പലരും ആ സർവ്വകലാശാലയിലേക്കു ആകൃഷ്ടരായി. പ്രസിദ്ധി വർദ്ധിക്കുംതോറും വിദ്യാർത്ഥികളുടെ എണ്ണവും കൂടിക്കൂടി വന്നു. മെസപ്പൊട്ടോമിയായിൽനിന്നും റോമായിൽനിന്നും അറേബ്യയിൽനിന്നും ഒക്കെ വിദ്യാർത്ഥികൾ കൂട്ടംകൂട്ടമായി അവിടേയ്ക്കാകർഷിക്കപ്പെട്ടു. മഹോദയപുരത്തിന്നൊരു പുതുമോടി സംജാതമായി. സദനങ്ങളങ്ങിനെ ചുറ്റും ഉയർന്നുവന്നു. വിദേശികളും സ്വദേശികളുമായ അദ്ധ്യാപകാദ്ധ്യേതാക്കളുടെ താമസസൌകര്യങ്ങൾക്കു വേണ്ടി. വിദ്യാർത്ഥികളായ യുവതീയുവാക്ക

ളുടെ പൊട്ടിച്ചിരികൾകൊണ്ടു ആ പ്രദേശം മുഴുവൻ രോമാഞ്ചംകൊണ്ടു.

ദിനചര്യകൾക്കു കൂടുതൽ വ്യത്യാസംവരാതെ ഒരു നൂററാണ്ടുകൾ അങ്ങനെ കടന്നുപോയി. ജോസഫ് റബ്ബാൻ തുടങ്ങിയ ജൂതപണ്ഡിതന്മാർ പലരും തുറമുഖവും മററു പ്രദേശങ്ങളും സന്ദർശിച്ചതു അതിനിടയ്ക്കായിരുന്നു. മതസ്പർദ്ധകളും മററുവിധസ്പർദ്ധകളുമൊന്നുമില്ലാതെ വളരെക്കാലം കഴിഞ്ഞു. കലാശാലാ കെട്ടിടത്തിന്റെ പുതുക്കിപ്പണിയലിൽ കല്ലു സ്ഥലം മാററപ്പെട്ടു. ഇന്നതു പഴയ ബുദ്ധവിഹാരത്തിന്റെ നടക്കല്ലാണ്.

കാലത്തിന്റെ പാച്ചിലിൽ മതസ്പർദ്ധയും അഭിപ്രായഭിന്നതയും മൂത്തു. അതു ബ്രാഹ്മണരുടെയും ബൌദ്ധരുടെയും വഴക്കുകളിലും വക്കാണങ്ങളിലും എത്തി. മൃഗബലി അങ്ങേഅററം പാപമായിക്കരുതിയിരുന്ന ബുദ്ധസന്യാസികളുടെ മുമ്പിൽവച്ചു ഹിന്ദുക്കൾ മൃഗങ്ങളുടെയും പക്ഷികളുടെയും കഴുത്തറുത്തു രക്തം വീഴ്ത്തി. സദ്വചനങ്ങൾ മാത്രം കേൾക്കാനാഗ്രഹിച്ചിരുന്ന അവരുടെ ചെവികൾ തെറിപ്പാട്ടുകൾകൊണ്ടു അടപ്പിച്ചു. മററു തരത്തിലുള്ള ദണ്ഡനങ്ങൾ വേറെയും. ഏതോ നിസ്സാര കാരണങ്ങളെച്ചൊല്ലിയുണ്ടായ ആ ബ്രാഹ്മണ ബൌദ്ധ കലഹം ബൌദ്ധരുടെ നാശത്തിൽ കലാശിച്ചു. ആ പാവങ്ങൾ അവരുടെ വിഹാരങ്ങളും മഠങ്ങളും എല്ലാം ഉപേക്ഷിച്ചു സത്യം അന്വേഷിച്ചു ധർമ്മമാർഗ്ഗത്തിലൂടെ കെട്ടുകെട്ടി.

വിഹാരത്തിന്റെയും മഠങ്ങളുടെയും പാർശ്വങ്ങളിൽ കൊച്ചു കൊച്ചു കററിക്കാടുകൾ വളർന്നു. ബ്രാഹ്മണർക്ക് ആ കെട്ടിടങ്ങൾ കൊണ്ടു യാതൊരാവശ്യവുമില്ലായിരുന്നു. ആവശ്യമുണ്ടായിരുന്ന ബുദ്ധഭിക്ഷുക്കളെ അവർ ഓടിക്കയും ചെയ്തു.

മറെറാരു ചരിത്ര സംഭവമാണു കേരളത്തിലെ കടൽക്കൊള്ളക്കാർ. ഈ ബൌദ്ധ ബ്രാഹ്മണകലഹങ്ങൾക്കു ശേഷമാണു അവരുടെ കടൽക്കൊള്ളയുടെ ആവിർഭാവം. ഒഴിഞ്ഞുകിടന്നിരുന്ന ബുദ്ധവിഹാരം ഒരൊന്നാംതരം താവളമായവർ കണ്ടെത്തി. അവരതു പയോഗിക്കയും ചെയ്തു. വിദേശങ്ങളിൽനിന്നും വരുന്ന കപ്പലുകളെ തുറമുഖത്തെത്തും മുമ്പേതന്നെ ആക്രമിച്ചു കൊള്ളയടിക്കുക— അതായിരുന്നു അവരുടെ പരിപാടി. ഒരു സംഭവം—അതൊരു പ്രേമകഥയായിരുന്നതുകൊണ്ടായിരിക്കാം—കല്ലു പ്രത്യേകം ഓർമ്മിക്കുന്നു. പടിഞ്ഞാറുനിന്നും ഒരു നിലാവുള്ള രാത്രിയിൽ ഒരു പായ്ക്കപ്പൽ തുറമുഖത്തേക്കു വരികയാണ്. നിറയെ ചരക്കുള്ള ആ കപ്പലിലെ ആൾക്കാർ യവനരാണെന്നു അവരുടെ നീലക്കണ്ണുകളും ചെമ്പൻ രോമങ്ങളും പ്രത്യേകം അറിയിച്ചു. വളരെ സുന്ദരരായിരുന്നു മനുഷ്യർ.

പെട്ടെന്നായിരുന്നു കൊള്ളക്കാരുടെ ആക്രമണം. യവനരിൽ പലരും കഴുത്തറുത്തു കടലിൽ എറിയപ്പെട്ടു. സുന്ദരനായ ആ യുവാവ്. അവന്റെ കഴുത്തും അറുക്കപ്പെട്ടേനെ. കൊള്ളത്തലവന്റെ മകളായ ഒരു യുവതിയ്ക്കതു ഒരുൾക്കിടിലമുണ്ടാക്കി. അവൾ ഒരു വിധത്തിൽ അവനെ രക്ഷിച്ചു വിഹാരത്തിന്റെ ഒരു വശത്തു ഒളിച്ചു താമസിപ്പിച്ചു. പക്ഷേ എങ്ങിനെയോ വിവരമറിഞ്ഞു അവളുടെ പിതാവു രണ്ടുപേരുടെയും തല ഒന്നിച്ചെടുക്കയാണു ചെയ്തതു്. ആ സംഭവത്തിനു കല്ലൊരു ദൃക്സാക്ഷിയായിരുന്നു.

കൊള്ളക്കാരുടെ ശല്യം മൂലം തുറമുഖത്തു കപ്പലുകളൊന്നും അടുക്കാതായി. നാശത്തിലേക്കു ആ കടൽത്തീരപട്ടണം മെല്ലെ മെല്ലെ വഴുതി വീണുകൊണ്ടിരുന്നു. കപ്പലുകളെല്ലാം തന്നെ കോഴിക്കോട്ടു തുടങ്ങിയ വടക്കൻ തുറമുഖങ്ങളിലാണടുക്കാറു്. ആ പഴയ തുറമുഖം പതുക്കെപ്പതുക്കെ നശിക്കുകയായിരുന്നു. പെട്ടെന്നാണു ആ സംഭവമുണ്ടായതു്. ഒരു ദിവസം രാത്രി ഒരു കൊടുങ്കാററും വെള്ളപ്പൊക്കവും ഭൂമികുലുക്കവും കൂടി ഒന്നിച്ചു. നശിച്ചു തുടങ്ങിയ ആ പട്ടണം പാടേ നശിച്ചു. കെട്ടിടങ്ങളെല്ലാം മണ്ണിന്നടിയിലായി. വെള്ളം മാറിയപ്പോൾ തുറമുഖത്തിന്റെ അവശിഷ്ടം പോലും ശേഷിച്ചില്ല. മണ്ണിന്നടിയിൽപ്പെട്ട ആ കല്ലു്, ഈ അടുത്ത കാലത്തു, തെങ്ങുവെയ്ക്കാൻ "പഴുതാറക്കുന്നു" ഇടിച്ചിറക്കുന്നതുവരെ മററു കല്ലുകളോടൊപ്പം മണ്ണിന്നടിയിൽ ശേഷിച്ചു. പിന്നീടാണതു വീണ്ടും വെളിച്ചം കണ്ടതു്.

# വിനോബാജി

ആ ജീവിതത്തെക്കുറിച്ചു ഒരു പഠനം

By

Reju M. V., University Previous Class Batch 'C'

ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. അന്നു് അങ്ങു വടക്കു ഗഗോദഗ്രാമത്തിൽ അനേകം ആശയങ്ങളോടും അതോടൊപ്പം സംശയങ്ങളോടുംകൂടി ഒരു യുവാവു തന്റെ നാടിന്റെ നന്മക്കുവേണ്ടി പ്രവർത്തിക്കാൻ വെമ്പുകയായിരുന്നു. ഭാരതത്തിന്റെ അടിമത്തം മാറുന്നതിനും അവിടെ ആത്മീയ വെളിച്ചം പരത്തുന്നതിനും അങ്ങിനെ അദ്ദേഹം ദൃഢവ്രതം എടുത്തു. ആ ഉഗ്രവ്രതൻ തന്റെ സർട്ടിഫിക്കറ്റുകളെല്ലാം നശിപ്പിച്ചശേഷം കാശിയിലേക്കു് പോയി. അദ്ദേഹം ആരെന്നറിയാമോ? അതു ഗഗോദയിൽ 1895-ൽ ജനിച്ചു് ആറാംവയസ്സിൽ പാഠം ആരംഭിച്ചു്, തന്റെ കൗമാരത്തിന്റെ ആദ്യഘട്ടത്തിൽത്തന്നെ ബ്രഹ്മചര്യദീക്ഷ എടുത്ത വിജ്ഞാനദാഹിയായ വിനോബയല്ലാതെ മറ്റാരുമല്ല തന്നെ.

കാശിയിൽവച്ചു വിനോബ ഏറ്റവുമധികം ആഗ്രഹിച്ചിരുന്ന സംസ്കൃതപഠനത്തിനും മതഗ്രന്ഥപാരായണത്തിനും സൗകര്യം കിട്ടി. ആ ഇടയ്ക്കാണു ആഫ്രിക്കയിൽനിന്നും ഗാന്ധിജി മടങ്ങിയെത്തിയതു്. അദ്ദേഹത്തിന്റെ സാരസ്യപൂർണ്ണങ്ങളായ പ്രസംഗങ്ങൾ കേട്ടപ്പോൾ തന്റെ സംശയനിവാരണത്തിനു ഗാന്ധിജി സഹായകമായിരിക്കും എന്നു വിനോബ തീർച്ചയാക്കി. അവിടെ ആശ്രമത്തിലെ അംഗമായി, രാജ്യസേവാകൃത്യങ്ങൾ പലതും ചെയ്തു് വിനോബ അല്പകാലത്തിനുള്ളിൽ ഗാന്ധിജിയുടെ ആജ്ഞകളെല്ലാം ശിരസാവഹിക്കുന്ന ഒരു ഉത്തമ സുഹൃത്തായിത്തീർന്നു.

മഹാത്മജിയുടെ നിർദ്ദേശപ്രകാരം അന്നു് അദ്ദേഹം വാർദ്ധായിൽ ഒരു ആശ്രമം ആരംഭിച്ചു. അക്കാലത്തു 1923-ലെ നാഗപ്പൂർ പതാകാസത്യഗ്രഹത്തിൽ വിനോബ ആദ്യമായി അറസ്റ്റുവരിച്ചു് ജയിലിലേക്കു് പോയി. ആ ദീർഘകാലജയിൽവാസത്തിനുശേഷം ഗാന്ധിജി അദ്ദേഹത്തെ വൈക്കം സത്യാഗ്രഹത്തിനു നേതൃത്വം നല്കാൻ കേരളത്തിലേക്കയച്ചു. 1932-ൽ നടന്ന മറ്റൊരു സത്യാഗ്രഹത്തിൽ വിനോബ പിന്നീടും അറസ്റ്റു ചെയ്യപ്പെട്ടു. ജയിൽ വിമുക്തി നേടിയശേഷം പിന്നീടുള്ള ചില കൊല്ലങ്ങളിൽ അദ്ദേഹത്തിനു അനേകം പാശ്ചാത്യപൗരസ്ത്യ ഭാഷകൾ പഠിക്കുന്നതിനു സാധിച്ചു. ഇന്നു വിനോബജിക്കു് ഇരുപതിൽപരം ഭാഷകൾ കൈകാര്യം ചെയ്യുന്നതിനു കഴിവുണ്ടു്. ഇക്കാലത്തു മതങ്ങളെപ്പററി പഠിക്കുന്നതിനും ഹിന്ദു മുസ്ലീം മൈത്രിക്കുവേണ്ടി യത്നിക്കുന്നതിനും വിനോബാ പരിശ്രമിച്ചു.

1939-ൽ രണ്ടാം ലോകമഹായുദ്ധം തുടങ്ങി. ഇന്ത്യയിൽ വീണ്ടും സത്യാഗ്രഹങ്ങൾ ആരംഭിച്ചു കഴിഞ്ഞിരുന്നു. മഹാത്മജി അന്നു വിനോബയെയാണു ആദ്യത്തെ സത്യാഗ്രഹിയായിത്തിരഞ്ഞെടുത്തതു്. അദ്ദേഹം അറസ്റ്റു ചെയ്യപ്പെട്ടു. തുടർന്നു മൂന്നു തവണ

---

"ഏയ്", ഒന്നെഴുന്നേറ്റെ മണി പന്ത്രണ്ടു കഴിഞ്ഞല്ലോ; വീട്ടിൽ പോണ്ടേ" രവി, എന്നെ കുലുക്കി വിളിച്ചു. അപ്പോഴാണു് ഞാനോർത്തതു ഞാൻ കണ്ടതെല്ലാം സ്വപ്നങ്ങളായിരുന്നല്ലോ എന്നു്. എങ്കിൽ ആ സ്വപ്നത്തിലും ചില പരമാർത്ഥങ്ങളില്ലേ? ഒരു പക്ഷേ മുഴുവൻ തന്നെ പരമാർത്ഥമായിരിക്കാനും മതി. ഇരുളടഞ്ഞ കേരളചരിത്രത്തിന്റെ ഏടുകളിലേക്കു ഇന്നേവരെ ഒരു നല്ല തെളിച്ചമുള്ള മെഴുകുതിരിയുടെ വെളിച്ചംപോലും എത്തിയിട്ടില്ല. രവി തിരക്കു കൂട്ടുകയാണു്. ഞങ്ങൾ പുറപ്പെട്ടപ്പോഴും ആ പഴയ കരിങ്കല്ലു ശാന്തഗംഭീരനായി ആ പൂപോലുള്ള നിലാവത്തു കിടക്കയാണു്. ചുരുണ്ടുകൂടിക്കിടക്കുന്ന ഒരു ഹിമാലയൻ കരടിയെപ്പോലെ.

---

കൂടി വിനോബ ജയിലഴികൾക്കകത്തേക്ക പോയി. അറസ്റ്റുകൾ, ലാത്തിച്ചാർജ്ജുകൾ, വെടിവയ്പുകൾ അങ്ങിനെ പലതും അന്നു നടന്നുകൊണ്ടിരുന്നു. പക്ഷേ ഒടുവിൽ ഭാരതത്തിന്റെ വീരസന്താനങ്ങൾ സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ അധിപന്മാരെ ഇവിടെനിന്നും കെട്ടുകെട്ടിച്ചു. അങ്ങിനെ ഇന്ത്യ സ്വതന്ത്രയായി.

വാർദ്ധായിൽ വിനോബാ ഒരു ആശ്രമം സ്ഥാപിച്ചു എന്നു പറഞ്ഞുവല്ലോ. അദ്ദേഹം അവിടെ കൂടിയ 1948–ലെ ഒരു സമ്മേളനത്തിൽവച്ചു സർവ്വോദയ പ്രസ്ഥാനത്തിനു രൂപം കൊടുത്തു. അതിന്റെ നേതൃത്വവും വിനോബയിൽതന്നെയായിരുന്നു. 1951–ൽ ഹൈദരബാദിലുള്ള ശിവറാംപള്ളിയിൽ വച്ചു സർവ്വോദയസമ്മേളനം നടത്താൻ അന്നു രൂപമെടുത്ത സമിതി തീരുമാനം ചെയ്തു. വിനോബ മുന്നൂറുമൈൽ കാൽനടയായി സഞ്ചരിച്ചു സ്ഥലത്തെത്തി. ഓരോ ഗ്രാമത്തിലും അനേകം ഗംഭീര സ്വീകരണങ്ങളാണു അദ്ദേഹത്തിനു ലഭിച്ചതു്.

ഇക്കാലത്തു ഹൈദരബാദിലും തെലുങ്കാനായിലും കമ്മ്യൂണിസ്റ്റുകാർ ആരംഭിച്ച രക്തപങ്കിലമായ വിപ്ലവം ഭീഷണമായ ഒരു നിലയിൽ എത്തിയിരിക്കയായിരുന്നു. തെലുങ്കാനായിൽ ഭയങ്കര കൊള്ള നടന്നുകൊണ്ടിരുന്നപ്പോൾ വിനോബാ സമാധാനത്തിനായി അങ്ങോട്ടേക്ക പുറപ്പെട്ടു. എൺപതോളം ഏക്കർ ഭൂമി തങ്ങൾക്ക കിട്ടിയിരുന്നെങ്കിൽ എങ്ങിനെയെങ്കിലും ക്ഷാമത്തിൽ നിന്നും രക്ഷപെടാമെന്നായിരുന്നു ഒരു ഗ്രാമത്തിലെ കർഷകർ വിനോബയോടു പറഞ്ഞതു്. അന്നു വി.രാമചന്ദ്രറെഡ്ഡി വിനോബയ്ക്കു നൂറോളം ഏക്കർ ഭൂമി ദാനമായി കൊടുത്തു. അങ്ങിനെ ഭൂദാനപ്രസ്ഥാനം ആദ്യമായി ഉടലെടുത്തു. അതോടു കൂടി ഈ പ്രസ്ഥാനത്തിനു അത്ഭുതപൂർവ്വമായ വളർച്ചയാണുണ്ടായതു്. ഉത്തരപ്രദേശിലെ നേതാക്കൾ വിനോബയെ അങ്ങോട്ടു ക്ഷണിച്ചു. അവരുടെ ക്ഷണപ്രകാരം അദ്ദേഹം അവിടെ പര്യടനം നടത്തുകയും ഒരു ലക്ഷത്തിൽപരം ഏക്കർ ഭൂമി ദാനമായി സമ്പാദിക്കുകയും ചെയ്തു. പിന്നീടു ഗ്രാമങ്ങൾ തന്നെ ദാനമായി അദ്ദേഹത്തിനു ലഭിക്കുവാൻ തുടങ്ങി. ഈയിടയ്ക്കാണു ഉപകരണദാനം (കൃഷി ഉപകരണങ്ങൾ മുതലായവ ദാനം ചെയ്യുക) ശ്രമദാനം മുതലായവ ഉത്ഭവിച്ചതു്. ഉത്തരപ്രദേശിലെ പദയാത്രയ്ക്കു ശേഷം അദ്ദേഹം ബീഹാറിൽ പ്രവേശിച്ചു. ഭൂദാനപ്രസ്ഥാനത്തിന്റെ പൂർണ്ണവിജയം വരെ താൻ വാർദ്ധായിലേക്ക മടങ്ങുകയില്ലെന്നു അദ്ദേഹം അവിടെവച്ചു ശപഥം ചെയ്തു. വിനോബജിയുടെ ബീഹാറിലെ പദയാത്ര ഭൂദാനപ്രസ്ഥാനത്തിന്റെ വെന്നിക്കൊടി പാറിപ്പിക്കുകയാണു വാസ്തവത്തിൽ ചെയ്തതു്. അദ്ദേഹത്തിനു പിന്നീടു മറ്റു പല സ്ഥലങ്ങളിൽനിന്നും അനേകം ഏക്കർ ഭൂമി ദാനമായി ലഭിക്കുകയുണ്ടായി.

ആചാര്യവിനോബാ ഇന്നു സർവ്വലോകാരാധ്യനാണു്. അദ്ദേഹം കർഷകനും പാർപ്പിടമില്ലാത്തവനും വേണ്ടി നിങ്ങളോടും എന്നോടും സഹായം അപേക്ഷിക്കുന്നുണ്ടു്. ആ ജീവിതം ശരിയായി പഠിച്ചശേഷം രണ്ടാം ഗാന്ധി എന്നു് അദ്ദേഹത്തിനുള്ള നാമധേയത്തെപ്പററി പരിചിന്തനം ചെയ്യുന്നവർക്ക് ആ അപരനാമം എത്രമാത്രം അർത്ഥവത്താണെന്നു കൃത്യമായി മനസ്സിലാകാം.

# മറക്കാനാവാത്ത ഒരു ദിവസം

പി. [illegible], II. B. A. (Economics)

ഇതൊരു ചെറുകഥയല്ല. വെട്ടുക്കിളി ശല്യംപോലെ പടന്നു പിടിച്ചിരിക്കുന്ന ഒരു സുഖക്കേടായിത്തീർന്നിട്ടുണ്ട് ഇക്കാലത്തു ചെറുകഥയെഴുത്ത്. സംഭവബഹുലവും അനുഭവസമൃദ്ധവുമായ വിദ്യാർത്ഥിജീവിതത്തിലെ മറക്കാനാവാത്ത ഒരുദിവസം വിവരിയ്ക്കാൻ ശ്രമിക്കുകയാണ്.

രാവിലെ അഞ്ചുമണിക്ക് എഴുന്നേൽക്കുക എന്നത് ഒരു അലിഖിതനിയമം വീട്ടിൽ നിലവിലുണ്ട്. അതുകൊണ്ടു മാത്രമാണ് 'ഇന്നു' രാവിലെ എഴുന്നേറ്റത്. ഞാൻ പഠിക്കുന്ന കലാലയം വീട്ടിൽനിന്നും പത്തുനാഴിക അകലെയാണ്. കോളേജ് ക്രിസ്തുമസ്സ് അവധി കഴിഞ്ഞു തുറക്കുകയല്ലേ? നേരത്തേ തന്നെ പൊയ്ക്കളയാം. എട്ടുമണിയോടുകൂടി ദിനകൃത്യങ്ങളെല്ലാം തീർത്തു ബസ്സ്സ്റ്റാൻഡിലേക്ക് നടന്നു.

അധികസമയം കാത്തുനില്ക്കേണ്ടിവന്നില്ല. ഒരു ബസ്സ് നിരങ്ങി നിരങ്ങി വരുന്നുണ്ട്. യുവത്വത്തിന്റെ അവിവേകമെല്ലാം തകർന്ന ഒരു തലമുറയിൽപ്പെട്ടതാണിതെന്നു ഒറ്റ നോട്ടത്തിൽത്തന്നെ മനസ്സിലാക്കാം. നമ്പൂതിരിയില്ലങ്ങളിലെ കാരണവന്മാരെപ്പോലെ ഇപ്പോൾ പഴയകാലത്തിന്റെ സ്തുതിഗീതങ്ങളും പാടിക്കഴിയുകയാണെന്നു തോന്നുന്നു!

ഒരു മണിക്കൂർനേരം ഈ ബസ്സിനകത്തു കഴിച്ചുകൂട്ടണമല്ലോ എന്നു വിചാരിച്ചപ്പോൾത്തന്നെ രാവിലെ കുടിച്ച കാപ്പി ദഹിച്ചു. ഏതായാലും സമയം നഷ്ടപ്പെടുത്താതെ ബസ്സിനകത്തേക്ക് കയറി. തള്ളിൽപ്പെട്ട് അകത്തേക്കെറിഞ്ഞു എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. സ്ഥലമുണ്ടെങ്കിലും ഒരു ചെറിയ ഗുസ്തി നടത്തിയേ ബസ്സിനകത്തു കയറാവൂ എന്നു നിർബ്ബന്ധമുള്ളവരാണ് നമ്മുടെ നാട്ടുകാർ. പിന്നെ സ്ഥലം കുറച്ചു കഷ്ടിയാണെന്നു കണ്ടാൽ പറയണോ?

ഇനി കണ്ടക്ടറുടെ പരമാധികാരത്തിൻ കീഴിലാണ് സഞ്ചരിക്കേണ്ടതു്. ഒരു കൊച്ചഭിമന്യുവിനെപ്പോലെ അദ്ദേഹം അവിടെയൊക്കെനിന്നു കറങ്ങുന്നുണ്ട്. എന്നെ കണ്ടപ്പോൾ ഒരു ചിരി അഭിനയിച്ചു എന്നെനിക്കു തോന്നി.

“പുറകിലത്തെ സീറ്റിൽ ഒരാൾക്കുകൂടി ഇരിക്കാം” കണ്ടക്ടർ തമാശയ്ക്കു പറഞ്ഞതാണോ എന്നറിഞ്ഞുകൂടാ. കാരണം, അഞ്ചുപേർക്ക് ഇരിക്കാമെന്ന് അവർ അവകാശപ്പെടുന്ന ആ സീറ്റിൽ ഒരു അരടിക്കറ്റുൾപ്പെടെ എട്ടുപേർ അവകാശികളായുണ്ട്. കണ്ടക്ടറുടെ ഈ പിന്തിരിപ്പൻ മനഃസ്ഥിതിയെ, പുറകിലത്തെ സീറ്റിലെ ക്ഷമയുടെ നെല്ലിപ്പലക തകർന്ന ഒരു വൃദ്ധൻ ചോദ്യം ചെയ്തു. “എന്തിനാ ഒരാള്. ഒരു നാലുപേരെ ഇങ്ങു വിട്ടേര്.” ശക്തി പോരെന്നു തോന്നിയിട്ടാവാം വയസ്സൻ ഒന്നു നീട്ടി തുപ്പി. കണ്ടക്ടർ അതു സൗകര്യപൂർവ്വം കണ്ടില്ലെന്നു നടിച്ചു.

“വല്ലതും തരണേ!” കണ്ടക്ടറല്ലാ ഒരു ധർമ്മക്കാരനാണ്. കുഴിഞ്ഞ കണ്ണും ഉന്തിയ നെഞ്ചുമുള്ള അയാളുടെ നട്ടെല്ലും വയറുമായി ഏതോ സൈനിക സഖ്യത്തിലാണ്. “ഒന്നും ഇല്ല” അസഹ്യത നടിച്ചു ഞാൻ പറഞ്ഞു. “ഇല്ല, ഇല്ല എന്നു പറഞ്ഞു പറഞ്ഞു് ഇല്ലാതാകും” ഞാൻ പാപ്പരാകുന്നതു് കാണാൻ അയാൾക്കു എന്തോ പ്രത്യേക താല്പര്യമുണ്ടെന്നു തോന്നും. ഞാൻ ചുറ്റും നോക്കി. ഇല്ല, ആരും കേട്ടില്ല. ഒരു ജേതാവിനെപ്പോലെ ഞാൻ ഞെളിഞ്ഞിരുന്നു.

ബസ്സ് പതുക്കെ അനങ്ങിത്തുടങ്ങി. ആ സ്ഥലം വിട്ടുപോകാൻ ആ ബസ്സിനും വല്ലാത്ത മടി. “ഞാനിപ്പോൾ വീഴും” മുകളിലും താഴെയും പിടികിട്ടാത്ത ഒരു വൃദ്ധൻ വിളിച്ചുകൂവി.

“താൻ വീഴില്ലെടോ” ഒരു മഹാൻ പ്രവചിച്ചു. “എന്താ വീണാൽ?” വൃദ്ധന്റെ സംശയം. “വീഴാൻ സ്ഥലമുണ്ടായിട്ടുവേണ്ടേ?” മറ്റൊരാൾ തന്റെ പ്രസ്താവനയ്ക്കു സ്ഥിരീകരണം നല്കി. എല്ലാവരും മറുപടി കേട്ടു ചിരിച്ചു.

## COMMITTEE OF THE DAY SCHOLARS' ASSOCIATIONS



*Sitting (L. to R.)*: B. Santakumari; K. C. Radha; T. B. Thomas (Principal); E. Krishna Pillai; T. K. Wilson; S. Narayanaswami.
*Standing 1st Row*: P. Rajamony; L. Annapoorni; M. J. Uma Devi; Leelamma K. Thatchil; R. Vimalamma.
*2nd Row*: A. Madhava Menon; P. N. Prakasan; K. Sukumaran; M. Abdul Aziz; M. M. Kunjumuhammad; Jacob K. Devassy; P. A. John Felix.

## SOCIAL SERVICE LEAGUE
(President & Secretaries)



P. J. Mathew (General Secretary);
O. M. Mathen M. Sc. (President); Rajan V. Philip
(Joint-Secretary)



*Sitting (L. to R.)*:—Messers: A. T. Thomas; M. J. Varghese; Dr. P. M. Mathai M. Sc., Ph. D.; T. B. Thomas M. Sc. (Principal); G. Govindankutty Menon M. Sc. (President); Jacob George.
*Standing (1st Row, L. to R.)*:—Miss Ambika Devi; V. K. Saramma; Manorama Abraham; Balasaraswathi; Kochammu Amma; Gracy Mathai; Saramma Mathew; Mary Joseph.
*Standing (2nd Row, L. to R.)*:—Messers: Ayyappan Pillai; S. Rajagopal; G. VenuGopal; K. Unnikrishnan; A. Lakshmi Narayanan; M. Mathew; P. J. Paul; Ravindranathan Pillai.
*Standing (3rd Row L. to R.)*:—Messers: P. V. Mathai; Daniel Varghese; V. K. Isaac; V. Connikrishnan Nair; Viswanathan; Vijayan Menon; John Mathew.



THE MOCK U. N. O.
on ˙4th Octobεr 1958

പെടുന്നു ഒരു ബ്രേക്ക്. എല്ലാവരും ഉൽക്കണ്ഠയോടെ ഉണർന്നു നോക്കി. ഓ, കാര്യം നിസ്സാരമാണ്. ജീവിതനൈരാശ്യം മൂലം ആത്മഹത്യയ്ക്ക് ശ്രമിച്ച ഒരു നിർഭാഗ്യവാനായ ശുനകവീരനെ മഹാമനസ്കനായ ഡ്രൈവർ രക്ഷിച്ചതായിരുന്നു. ബസ്സ് യാത്ര തുടർന്നു. അപ്പോൾ കേൾക്കാം എന്റെ തൊട്ടടുത്തു ഒരു രഹസ്യസംഭാഷണം.

"എടാ ഒരു എം. എ.—ക്കാരനെ വേണമല്ലോ."

"എന്തൊന്നിനാടാ"

"ഒരവതാരികവേണം"

"ആരാരെഴുതിയാ പ്രതികൾ."

"ഞാനും വേറെ രണ്ടുപേരും." ഞാൻ തിരിഞ്ഞു നോക്കി. ഞാൻ അറിയുന്നവരാണ്. ഗൂഢാലോചന നടത്തിയവരിൽ ഒരുത്തൻ ഒരു പുസ്തകമെഴുതിയിട്ടുണ്ട്. സ്ഥലത്തെ പ്രധാന സാഹിത്യകാരനും, ദിവ്യനും, "പരേതനായ" ഒരു സോഷ്യൽ സർവ്വീസ് പ്രവർത്തകനുമായ അയാൾ താനെഴുതിയ ഒരു ചെറുകഥാസമാഹാരത്തിനു അവതാരികയെഴുതാൻ ഒരു എം. എ.ക്കാരനെ വേട്ടയാടി ഇറങ്ങിയിരിക്കുകയാണ്.

ബസ്സ് കോളേജിലെത്തി. എം. എ.ക്കാരനെ അന്വേഷിച്ച് എന്റെ പുതിയ കൂട്ടുകാർ എങ്ങോ പോയി മറഞ്ഞു. ഞാൻ നേരെ കോളേജിലേക്കു നടന്നു. കോളേജ് ഗേറ്റിൽതന്നെ നാലഞ്ചു യുവകോമളന്മാർ "ഗ്രീൻറൂമിൽ" നിന്നും അപ്പോൾ ഇറങ്ങി വന്നപോലെ നില്പുണ്ട്. ആ വഴി കടന്നുപോകുന്ന യുവതികളെയെല്ലാം പ്രായഭേദമെന്യേ കമന്റടിച്ചു ചിരിപ്പിച്ചു കൃതാർത്ഥരാകുക എന്ന മൌലികലക്ഷ്യത്തിന്റെ പേരിലാണ് അവർ അവിടെ കൂടിയിരിക്കുന്നതു്. അതിലെ കടന്നുപോകുന്ന എല്ലാ യുവതികളുടെയും ഒരു ലഘുജീവചരിത്രം ഒരു വിദ്വാൻ അവിടെനിന്നും അപ്പഴപ്പോൾ പ്രക്ഷേപണം ചെയ്തുകൊണ്ടിരുന്നു. സ്റ്റാർച്ച് ഇട്ട് തേച്ചുമിനുക്കിയ ഷർട്ടും പാന്റും ഇട്ട് എന്റെ സ്നേഹിതനുമുണ്ട് അക്കൂട്ടത്തിൽ. അതിലേ കടന്നുപോയ ഒരു യുവതിയെ നോക്കി അയാൾ ഹൃദ്യമായി ഒന്നു ചിരിച്ചു. അവൾ എന്തായാലും ചിരിച്ചില്ല. തിച്ചു. പക്ഷേ അവന്റെ ഹൃദയത്തിന്റെ അജ്ഞേയതന്ത്രികളിൽ അവൾ അതിമധുരമായ ഒരു ആത്മഗീതം മീട്ടുകയായിരുന്നു.

അതുപോകട്ടെ. ഞാൻ നേരെ ലറ്റർ ബോക്സിന്റെ അടുത്തേക്കു നടന്നു. "നിനക്കു ആരെടാ കത്തയയ്ക്കാൻ" എന്നുള്ള എന്റെ സ്നേഹിതന്റെ സംശയത്തിനു തല്ക്കാലം മറുപടിയൊന്നും പറയാതെ എന്റെ പേരിൽ കിടന്നിരുന്ന ആ കത്തു ഞാൻ എടുത്തു. അഡ്രസ്സ് എഴുതിയ കൈയക്ഷരം വളരെ പരിചിതമാണ്. ഉടനേതന്നെ പൊട്ടിച്ചു വായന തുടങ്ങി.

"പ്രിയപ്പെട്ട അജിത്,

ക്രിസ്തുമസ്സ് അവധി കഴിഞ്ഞു കോളേജ് തുറക്കുന്ന ഈ ദിനത്തിൽ നീ ഇങ്ങനെയൊരു കത്തു പ്രതീക്ഷിച്ചു കാണുകയില്ല. എന്തു ചെയ്യാം പ്രതീക്ഷിക്കാത്തതല്ലേ പലപ്പോഴും സംഭവിക്കാറു്.

കവറിന്റെ പുറത്തെ മുദ്രയിൽനിന്നു ഞാൻ 'ദേവലാലി' എന്ന സ്ഥലത്താണ് എന്നു നീ ഊഹിച്ചുകാണും. പക്ഷെ നീ വിചാരിക്കുന്നതുപോലെ ഒരു വിനോദ യാത്രയ്ക്കു വന്നതല്ല. ഞാൻ ഇന്നു് ഇവിടത്തെ ഒരു മിലിറ്ററി ക്യാമ്പിലെ പട്ടാളക്കാരനാണ്. എന്താ അത്ഭുതം തോന്നുന്നുണ്ടോ? സ്വമനസ്സാലെ ഞാൻ ഈ നരകത്തിൽ വന്നു ചാടിയതല്ല. അതിനു പുറകിൽ നിങ്ങളാരും ഇന്നുവരെ അറിഞ്ഞിട്ടില്ലാത്ത കുറെ കാര്യങ്ങളുണ്ട്.

ഞാൻ സാമ്പത്തികമായി വളരെയധികം വിഷമതയനുഭവിക്കുന്ന ഒരു കുടുംബത്തിലെ അംഗമാണെന്നു പറഞ്ഞാൽ ഒരുപക്ഷേ നീ വിശ്വസിക്കുകയില്ലായിരിക്കും. അതു ഞാൻ നിങ്ങളിൽ നിന്നൊക്കെ ഇത്രയും കാലം വിജയകരമായി മറച്ചുവച്ചു. പക്ഷേ ഇനിയും ഞാനെന്തിനു മറയ്ക്കണം?

സ്നേഹം നിറഞ്ഞ ഒരു ചുറ്റുപാടിലാണ് ഞാൻ ജനിച്ചതും വളർന്നതും. അച്ഛനും, അമ്മയും, രണ്ടു ഇളയ സഹോദരിമാരും എനിക്കുണ്ട്. അവരുടെയെല്ലാം ആശാകേന്ദ്രം ഞാനാണെന്നു പറയേണ്ടല്ലൊ?

ഞാൻ സിക്സ്ത്ഫാറം പാസ്സായപ്പോൾ വീട്ടിൽ ആശയുടെയും ആനന്ദത്തിന്റെയും

കിരണങ്ങൾ കണ്ടുതുടങ്ങി. പക്ഷേ ഒരു ഡിഗ്രിയില്ലാതെ എവിടെ ജോലി കിട്ടാനാണ്. അങ്ങനെ വളരെ വിഷമിച്ചാണെങ്കിലും ഞാനും കോളേജിൽ ചേൎന്നു. എന്റെ ആഗ്രഹങ്ങളെ കുളിരണിയിച്ചുകൊണ്ടു പ്രതീക്ഷകൾ പൂവണിയുന്ന ഒരു കാലം ഞാൻ ഭാവനയിൽ കണ്ടുകൊണ്ടിരുന്നു.

പക്ഷേ എന്റെ കലാലയജീവിതം കുടുംബത്തിന്റെ സാമ്പത്തികത്തകൎച്ചയിലാണ് കലാശിച്ചതു്. അച്ഛൻ ഒരു പെൻഷൻ പററിയ ഉദ്യോഗസ്ഥനാണ്. നീണ്ട സേവനചരിത്രത്തിന്റെ ചിഹ്നമായി ഒരു ചെറിയ പെൻഷൻ ലഭിക്കുന്നുണ്ടു്. പക്ഷേ അതുകൊണ്ടു എന്തു ചെയ്യാനാണ്? പലപ്പോഴും സമയത്തിനു ഫീസ്സടയ്ക്കാത്തതുകൊണ്ടു (attendance) നഷ്ടപ്പെട്ടിട്ടുണ്ടു്. അപ്പോഴെല്ലാം സ്നേഹം നിറഞ്ഞ നിങ്ങളുടെ പെരുമാററമാണ് എനിക്കു പ്രചോദനമായിരുന്നതു്.

എന്തിനധികം, നിരാശയുടെ നീൎച്ചുഴിയിൽപ്പെട്ടു് ഒരു ദിവസം ഞാൻ നാടുവിട്ടു. മൂന്നു ദിവസത്തെ യാത്രയ്ക്കുശേഷം 'ദേവലാലി' എന്ന ഈ സ്ഥലത്തു വന്നുചേൎന്നു. ബോംബെയിൽ നിന്നു മുപ്പതു നാഴിക വടക്കു സ്ഥിതി ചെയ്യുന്ന ഈ മിലിററി ക്യാമ്പിൽ പരിചിതമുഖങ്ങൾ ഒന്നുമില്ല.

നീണ്ട മൂന്നു വൎഷം കാത്തിരിക്കണം ഇനി ജനിച്ചുവളൎന്ന വീടിനെയും മാതാപിതാക്കന്മാരേയും ഒരു നോക്കു കാണാൻ. ഒരുപക്ഷേ ഇനിയൊരിക്കലും കാണാൻപററിയില്ലെന്നും വന്നേക്കാം. നിനക്കറിഞ്ഞുകൂടേ മരണവുമായിട്ടാണ് ഇനി ഞങ്ങളുടെ പോരാട്ടം.

സാമാന്യം നീണ്ടുപോയ ഈ കത്തു ഞാൻ ഇനിയും ദീൎഘിപ്പിക്കുന്നില്ല. നിങ്ങൾക്കു് എല്ലാവൎക്കും നല്ലൊരു ജീവിതം ആശംസിച്ചുകൊണ്ടു് നിറഞ്ഞ കണ്ണുകളോടെ ഞാൻ യാത്ര പറയുന്നു.

എന്നു് നിന്റെ ബാബു."

എന്റെ കണ്ണു നിറയുകയാണോ എന്നു തോന്നി. എന്റെ പ്രായം മാത്രമുള്ള ഒരുവൻ അങ്ങകലെ ദേവലാലി എന്ന സ്ഥലത്തെ ഒരു മിലിററി ക്യാമ്പിൽ കിടന്നു് കഷ്ടപ്പെടുന്നു—അതും ഒരു കുടുംബം പുലൎത്താൻ! മാനുഷിക മൂല്യങ്ങൾക്കു വിലയില്ലാത്ത, മനുഷ്യത്വം പോലും നിഷേധിക്കപ്പെട്ടിരിക്കുന്ന ഒരു ലോകത്തിൽ, ജീവിതത്തിന്റെ കയ്പേറിയ അനുഭവങ്ങളുമായി അയാൾ പോരാടുകയാണ്. കാലത്തിന്റെ യവനികയ്ക്കുള്ളിൽ ഇനിയും എന്തെല്ലാം ചതികളാണ് ഒളിഞ്ഞിരിക്കുന്നതെന്നു് ആരറിഞ്ഞു! വീട്ടിൽനിന്നും 'ശമ്പളം' കിട്ടിയാൽ മുഴുവൻ ചിലവാക്കിക്കളയാതെ മനസ്സമാധാനം കിട്ടാത്ത കോളേജ് കുമാരന്മാൎക്കു മായാത്ത, മറയാത്ത, പേടിപ്പെടുത്തുന്ന ഒരു ചിത്രമായിരിക്കും ബാബുവിന്റെ ജീവിതം.

"ഒന്നു ചിരിച്ചോണ്ടു പോടാ" എന്നു് രസികനായ ഒരു സ്നേഹിതൻ വിളിച്ചു പറഞ്ഞപ്പോഴാണ് ഞാൻ ഞെട്ടിയുണൎന്നതു്: അവനെ ഒരു തെറി പറയാനാണ് ആദ്യം തോന്നിയതു്. പക്ഷേ ഭിത്തി സാഹിത്യത്തിന്റെ വിജ്ഞാനകോശമായ അവന്റെ മുഖത്തു നോക്കിയപ്പോൾ എന്റെ ആവേശം മുഴുവൻ കെട്ടടങ്ങി. ചിരിക്കാനുദ്ദേശിക്കുന്ന അയാൾ ഈ ലഹരി പിടിപ്പിക്കുന്ന വിദ്യാൎത്ഥി ജീവിതത്തിനുമപ്പുറത്തുള്ള കരയിക്കുന്ന ഒരു ലോകത്തെക്കുറിച്ചു് എത്രമാത്രം ബോധവാനാണോ, ആവോ?

ഞാൻ വീണ്ടും ബാബുവിനെക്കുറിച്ചു് ഓൎത്തുപോയി. സ്നേഹം നിറഞ്ഞ ഒരു ഹൃദയത്തിന്റെ വിരഹം. ഈ കലാലയത്തിനോ? ആഗമനങ്ങളുടെയും വിരഹങ്ങളുടെയും ആകെത്തുകയായ ഈ കലാലയം യാതൊരു ഭാവഭേദവും കൂടാതെയാവാം ആ രംഗം വീക്ഷിച്ചതു്.

"ണാം......ണാം......ണാം......!!" വൎഷങ്ങളായി ആ മണി അടിക്കുകയാണ്. എത്ര തലമുറ ആ മണി സ്ഥാപിച്ചശേഷം മരിച്ചു മണ്ണടിഞ്ഞു കാണും. എന്നിട്ടും ഗവണ്മെന്റ് പ്രസ്സു് "നോട്ടു്" പോലെ യാതൊരു വ്യത്യാസവുമില്ലാതെ അതു് കാലത്തെ അതിജീവിക്കുകയാണ്.

ഞാൻ ക്ലാസ്സിലേക്കു നടന്നു.

# എസ്. കെ. പൊററക്കാട്ട്

Rameshchand, Class II B. Sc., Physics.

ചുണ്ടിൽ എരിയുന്ന സിഗരററുമായി സാമാന്യം വണ്ണമുള്ള ഒരു കറുത്ത യുവാവ് പരിഷത്ത് സമ്മേളന സ്ഥലത്തു നടക്കുന്നു. ഷർട്ടും ഡബിളും ആണ് അദ്ദേഹം ധരിച്ചിരിക്കുന്നതു്. തലമുടി പുറകോട്ട ചീകിവച്ചിരിക്കുന്നു. മൂക്കിനു താഴെ നേരിയൊരു മീശയുള്ളതു സൂക്ഷിച്ചു നോക്കിയാൽ മാത്രമേ കാണുകയുള്ളു. കവിൾ വീർത്തതാണ്. കാഴ്ചയിൽ ഒരു മുപ്പതു വയസ്സ് പ്രായം തോന്നിക്കുന്ന ഈ മനുഷ്യൻ ആരാണെന്നോ? മലയാളസാഹിത്യത്തിൽ ഇതിനകം വിഖ്യാതനായിത്തീർന്നിരിക്കുന്ന എസ്. കെ. പൊററക്കാട്ട് ആണ് ആ മനുഷ്യൻ.

1957 ഒക്ടോബറിൽ കോട്ടയത്തു വച്ചു നടന്ന പരിഷത്തിന്റെ ഒരു സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു കഴിഞ്ഞു് സ്റ്റേജിന്റെ പുറകിലേക്കു അദ്ദേഹം ഇറങ്ങിവന്നപ്പോഴാണ് എനിക്കു നേരിട്ടു കാണുവാൻ സാധിച്ചതു്. ഞാനും രണ്ടു കൂട്ടുകാരും കൂടി അദ്ദേഹത്തെ സമീപിച്ചു ചോദിച്ചു.

"സാറു് ഒരു നോവലെഴുതുന്നതു പൂർത്തിയായോ?"

"ഇല്ല. കഴിഞ്ഞതിരഞ്ഞെടുപ്പ് പശ്ചാത്തലമാക്കിയാണ് എഴുതുന്നതു്."

പൊററക്കാടിനെ ഒരു കവിയായിക്കാണുവാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നതെന്നു പറഞ്ഞപ്പോൾ തവിട്ടുനിറമുള്ള പല്ലുകൾ വെളിയിൽ കാണിച്ച് അദ്ദേഹം ഒന്നു ചിരിച്ചു. വിനീതമായ ചിരി!

"ഇനിയും വല്ല വിദേശ പര്യടനവും നടത്തുവാൻ ഉദ്ദേശമുണ്ടോ?" എന്നു ഞാൻ ചോദിച്ചു.

"ലോകം വിസ്തൃതമല്ലേ? പോകണം."

"സാറിന്റെ ആദ്യത്തെ നോവൽ ഏതാ."

"പ്രേമശിക്ഷ."

അതിലെ അസംഭാവ്യതകൾ ഞങ്ങൾ ചൂണ്ടിക്കാണിച്ചപ്പോൾ "ആദ്യത്തെ നോവലല്ലേ, അങ്ങനെയേ ആകൂ" എന്നു പൊററക്കാട്ട് മറുപടിപറഞ്ഞു.

കുറച്ചു സമയംകൂടി ഞങ്ങളോട്ട സംസാരിച്ചതിനുശേഷം ശ്രീമാൻ പൊററക്കാട്ട് അവിടെനിന്നും പോയി......

പൊതുവേ സംഭാഷണപ്രിയനാണ് എസ്. കെ. പൊററക്കാട്ട്. നിങ്ങൾ ചോദിക്കുന്ന ഏതു ചോദ്യങ്ങൾക്കും, വിനീതമായ ചിരിയോടുകൂടി, അദ്ദേഹം മറുപടി നൽകും. ഒരു പ്രത്യേകത അദ്ദേഹത്തിന്റെ സംഭാഷണത്തിൽ നിങ്ങൾക്കു തോന്നാതിരിക്കയില്ല.

ഓരോ വാക്കും തെളിച്ചുപറഞ്ഞു വലതു കൈ മൈക്കിലും പിടിച്ചുകൊണ്ടായിരിക്കും പൊററക്കാട്ട് പ്രസംഗിക്കുന്നതു്. അദ്ദേഹത്തിന്റെ പ്രസംഗരീതിയും ശബ്ദവും ആരേയും ആകർഷിക്കുന്നതാണ്.

പാശ്ചാത്യ സാഹിത്യത്തെ അനുകരിച്ച് മലയാളത്തിൽ കഥകളെഴുതിയ ഒരാളാണ് പൊററക്കാട്ട്. ഗ്രാമീണാന്തരീക്ഷത്തിനോട്ട് ഒരു സാഹിത്യകാരനു് എത്രമാത്രം ഇണങ്ങാം എന്നുള്ളതിനുദാഹരണമാണ് പൊററക്കാടിന്റെ കഥകളും നോവലുകളും. തെൾനാട്ടിലെ ചായക്കടയിലെ ചായയുടെ സ്വാദാണ് പട്ടണത്തിലെ റസ്റ്റോറന്റിലെ ചായയെക്കാളും അദ്ദേഹം ഇഷ്ടപ്പെടുന്നതു്. റൊമാന്റിക് അന്തരീക്ഷത്തിൽക്കൂടിയാണ് അദ്ദേഹം സാഹിത്യലോകത്തിൽ വിഹരിക്കുന്നതു്. അവിടത്തെ വൃത്തികേടുകളെ കുത്തിപ്പൊക്കിക്കാണിക്കുന്നതിനും അദ്ദേഹം മടിക്കുകയില്ല. ഒട്ടകം, അന്തകന്റെ തോട്ടി, വേശ്യയുടെ കത്തു്, ബോംബെകത്തു് ഇടങ്ങിയവയാണ് അദ്ദേഹത്തിന്റെ നല്ല കഥകൾ. അദ്ദേഹത്തിന്റെ പന്ത്രണ്ടു നല്ല കഥകൾ തിരഞ്ഞെടുത്തു റഷ്യനിലേക്കു തർജ്ജിമ ചെയ്തു് സോവിയററു യൂണിയനിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. അദ്ദേഹത്തിന്റെ വിദേശത്തുള്ള സ്ഥാനം കാണിക്കുന്നതാണിതു്. ഗോർക്കി, ടോൾസ്റ്റോയി എന്നിവരാണെന്നു

തോന്നുന്നു അദ്ദേഹത്തിന്റെ ഗുരുക്കന്മാർ. മലയാളത്തിൽ ദുർല്ലഭമായിരിക്കുന്ന ഡയറിക്കഥകൾ, പ്രേതകഥകൾ, എന്നിവയെ അദ്ദേഹം പ്രോത്സാഹിപ്പിക്കുന്നുണ്ട്.

ഒരു നല്ല നോവലിസ്റ്റുകൂടിയാണ് മി. പൊറ്റെക്കാട്ട്. പ്രേമശിക്ഷ, നാടൻ പ്രേമം, മൂടുപടം, വിഷകന്യക എന്നിവയാണ് അദ്ദേഹത്തിന്റെ നോവലുകൾ. ആദ്യത്തെ നോവലായ "പ്രേമശിക്ഷ"യിലെ കുറ്റങ്ങളും കുറവുകളും മറ്റു നോവലുകളിൽ അദ്ദേഹം പരിഹരിച്ചിട്ടുണ്ട്. "മൂടുപട"ത്തെ ഒരു രാഷ്ട്രീയ നോവലായിക്കണക്കാക്കാം. സാമാന്യം നല്ല ഒരു നോവലാണ് അത്. എസ്. കെ. പൊറ്റെക്കാടിന്റെ ഏറ്റവും നല്ല നോവലാണ് "വിഷകന്യക." ഒരു നോവലിനു വേണ്ട രണ്ടു ഗുണങ്ങളായ സ്ഥലത്തെ മണ്ണിന്റെ മണവും, രുചിരബന്ധമായ ഒരു കഥയും ഇതിനുണ്ട്. തിരുവിതാംകൂറിൽനിന്നും സർ സി. പി. യുടെ പട്ടാളഭരണം മൂലം ചില ക്രിസ്ത്യാനികൾ മലബാറിൽ കുടിയേറിത്താമസിക്കുന്നു. അവിടത്തെ മലമ്പനിയുടെ ഉച്ചമായുള്ള ആക്രമണം നിമിത്തം അധികം പേരും മരിക്കുന്നു. ശേഷിക്കുന്നവർ 'വിഷകന്യക'യായ മലബാറിനോടു യാത്രയും പറഞ്ഞ് തിരുവിതാംകൂറിലേക്കു തിരിക്കുന്നു. ഇതാണ് "വിഷകന്യക"യുടെ കഥ. നല്ല ഭാവി പ്രതീക്ഷിച്ച് മലബാറിൽ കുടിയേറിപ്പാർക്കുന്ന തിരുവിതാംകൂറിലെ പട്ടിണിപ്പാവങ്ങളുടെ ജീവിതത്തിന്റെ തനിപ്പകർപ്പാണ് "വിഷകന്യക."

പൊറ്റെക്കാടിനെ ഒരു സഞ്ചാരിയായിട്ടാണ് അധികം പേരും അറിയുന്നത്. മലയാളത്തിൽ ഏറ്റവും നന്നായി യാത്രാവിവരണം എഴുതുന്നത് എസ്. കെ. പൊറ്റെക്കാടാണ്. "പൊറ്റെക്കാട്ട് യാത്രചെയ്യുമ്പോൾ മനുഷ്യരെയല്ല, പ്രകൃതിയെയാണ് കാണുക" എന്ന് ഒരു നിരൂപകൻ പറഞ്ഞിരിക്കുന്നത് ശരിയെന്ന് സമ്മതിക്കണം. പ്രകൃതിയുടെ മനോഹാരിത അദ്ദേഹത്തെ ഹഠാദാകർഷിക്കുന്നു. കവിതനിറഞ്ഞ ഭാഷയിൽ അദ്ദേഹം അതു രേഖപ്പെടുത്തുന്നു. തികഞ്ഞ ഒരു ദേശാഭിമാനിയാണ് അദ്ദേഹം. പ്രകൃതിസുന്ദരമെന്നു പേരുകേട്ട സ്വിറ്റ്സർലൻഡിനെക്കാളോ കാശ്മീരിനെക്കാളോ അദ്ദേഹം ഇഷ്ടപ്പെടുന്നത്, വയനാടൻ കുന്നിന്റെ കടപ്പുള്ള ഒരു ഗ്രാമമാണ്. "യാത്രാസ്മരണകൾ" "കാശ്മീർ" എന്നിവ അദ്ദേഹം ഇൻഡ്യ ചുറ്റിസഞ്ചരിച്ചതിനു ശേഷം എഴുതിയിട്ടുള്ളവയാണ്. യുദ്ധം വരുത്തിവച്ച നാശനഷ്ടങ്ങളുടെ ഒരു വിവരണമാണ് "ഇന്നത്തെ യൂറോപ്പ്" എങ്കിൽ സംസ്കാരത്തിന്റെ സ്പർശമേൽക്കാതെ കഴിയുന്ന ഒരു ജനതയെ വെള്ളക്കാർ അടക്കിഭരിക്കുന്നതിന്റെ ഒരു ചിത്രീകരണമാണ് "കാപ്പിരികളുടെ നാട്ടിൽ" "നൈൽ ഡയറി" "സിംഹഭൂമി" എന്നിവ. ഒരു കമ്മ്യൂണിസ്റ്റ് രാഷ്ട്രമായ സോവിയറ്റു യൂണിയനെക്കുറിച്ചു പ്രതിപക്ഷങ്ങളിറക്കുന്ന 'സ്റ്റണ്ടുകൾക്ക്' ഒരു മറുപടിയാണെന്നു പറയാം, അദ്ദേഹത്തിന്റെ "സോവിയറ്റ് ഡയറി" എ. കെ. ജി. യുടെ "ഞാൻ ഒരു പുതിയ ലോകം കണ്ടു" എന്ന ബുക്കിനോടു കിടപിടിക്കുന്നതാണെന്നു പറയണം. "സോവിയറ്റു ഡയറി" "ഇൻഡോനേഷ്യൻ ഡയറി," "പാതിരാസൂര്യന്റെ നാട്ടിൽ," "ബാലിദ്വീപ്," "മലയാനാടുകളിൽ" എന്നിവ നല്ലയാത്രാവിവരണങ്ങളാണ്. പൊറ്റെക്കാടിന്റെ ഏറ്റവും നല്ല യാത്രാവിവരണം "ബാലിദ്വീപാ"ണ് എന്നെനിക്കു തോന്നുന്നു. കേരളീയ സംസ്കാരത്തിന്റെ ചില അംശങ്ങൾ അങ്ങകലെ ഇൻഡോനേഷ്യയിലെ ഒരു ദ്വീപിൽ പൊറ്റെക്കാട്ട് കണ്ടെത്തുന്നു. "ബാലിദ്വീപി"നെ കുറിച്ചു ഇൻഡ്യൻ ഭാഷകളിലിറങ്ങുന്ന ആദ്യത്തെ ഗ്രന്ഥമാണിത്. പൊറ്റെക്കാടിന്റെ യാത്രാവിവരണങ്ങൾ വായിക്കുമ്പോൾ അദ്ദേഹത്തോടുകൂടി യാത്രചെയ്യുകയാണോ എന്നൊരു തോന്നൽ നമുക്കുണ്ടാകും. താൻ കണ്ടതിനെക്കുറിച്ചെല്ലാം ഒരു നിഷ്പക്ഷ നിരൂപകന്റെ നിലയിൽ അദ്ദേഹം വിവരിച്ചുതരുന്നു.

മാർക്സിസ്റ്റ് ചിന്താഗതിയോടാണ് അദ്ദേഹത്തിനടുപ്പം. ഒരു കമ്മ്യൂണിസ്റ്റു സമുദായത്തിൽ ഏവർക്കും സുഖമായി ജീവിക്കുവാൻ സാധിക്കും എന്നദ്ദേഹം വിശ്വസിക്കുന്നു.

പൊറ്റെക്കാടിനു ഒരു നല്ല ഗദ്യശൈലി സ്വായത്തമാണ്. അദ്ദേഹത്തിന്റെ ഭാഷ

# നീ വരില്ലേ........?

ജോയി മാത്യു, U. P. Class, Batch ‘A’

[ചരിത്രത്തിന്റെ ഏടുകളിൽ മായാത്ത വ്യക്തി മുദ്രപതിച്ച അക്ബർ. അദ്ദേഹം മഹാനായിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിനു ഒരു മറുവശം കൂടിയുണ്ടായിരുന്നു. വേദനയുടെയും നിരാശയുടെയും നിഴൽ പൂണ്ട ജീവിതം. സലിമിന്റെയും അക്ബറുടെയും ജീവിതത്തിൽ അകൽച്ചയുടെ അടയാളം വ്യക്തമായതോടുകൂടി ആ ജീവിതം ശോകപൂരിതമായിത്തീർന്നു. തെറ്റുകൾ ഇരുവരും ചെയ്തു. തിരുത്താനാവാത്തതൊന്നും ചെയ്തില്ല. തിരുത്തിയില്ല എന്നുമാത്രം.]

വികാരം ചിറപൊട്ടി ഒഴുകുകയാണ്. അർദ്ധബോധാവസ്ഥയിലും സ്മരണകൾ വിണ്ണിന്റെ പതച്ചുപൊങ്ങുന്ന നുരപോലെ കുതിച്ചുയരുന്നു. കയ്പുനിറഞ്ഞ സംഭവങ്ങളുടെ ഓർമ്മകൾ അക്ബർ പാദുഷായുടെ ഹൃദയത്തിൽ വേദനയുടെ കോളിളക്കങ്ങൾ സൃഷ്ടിച്ചു. ചൂടുള്ള ഒരു നിശ്വാസം ആ മുറിയിലെ നിശ്ശബ്ദതയിൽ അലിഞ്ഞുചേർന്നു. അക്ബർ തലതിരിച്ചു തന്റെ പട്ടശയ്യക്ക് ചുറ്റും നില്ക്കുന്നവരെ നോക്കി. അദ്ദേഹത്തിന്റെ കണ്ണുകളിൽ ആകാംക്ഷ തളം കെട്ടി നിന്നു. ഇല്ല ഇനിയും വന്നിട്ടില്ല. അക്ബറുടെ കണ്ണുകളിൽ ഇരുട്ട് അടിച്ചുകയറി.

ദാനിയേൽ. അവനെ ഓർത്തപ്പോൾ അക്ബറുടെ കണ്ണുകളിൽ രൌദ്രഭാവം നിഴലിച്ചു. "മദ്യപാത്രം ചുണ്ടുകളിൽനിന്നും എടുത്തിട്ടില്ലാത്ത ഒരു വിഡ്ഢി." അദ്ദേഹം സ്വയം പുലമ്പി. "പിതാവിനേക്കാളും സാമ്രാജ്യത്തേക്കാളും, അവൻ സ്നേഹിച്ചിരുന്നതു മനം മയക്കുന്ന മദ്യത്തെയാണ്. ഓരോ ഇറക്ക് വീഞ്ഞും അവന്റെ ആരോഗ്യത്തെ കാർന്നുതിന്നുകയാണെന്ന് അവൻ അറിഞ്ഞില്ല. അവസാനം അവൻ ചങ്കുപൊട്ടി മരിച്ചു."

"രണ്ടാമത്തെ മകൻ മുറാദ്", അവനും മദ്യപ്രിയനായിരുന്നു. വകതിരിവില്ലാത്ത കഴുത! മദ്യം അവനെയും കൊന്നു."

"സലിം. മുഗൾസാമ്രാജ്യത്തിന്റെ അടുത്ത അവകാശിയാണ്. ചുണ്ടുകളിൽ പ്രേമഗാനവുമായി ഓടി നടക്കുകയാണവൻ. യുവത്വത്തിന്റെ ഭീകരമായ ആജ്ഞാശക്തി ചെയ്യരുതാത്തതു പലതും അവനെക്കൊണ്ടു ചെയ്യിച്ചു."

അന്നത്തെ ആ സംഭവം. യമുനയുടെ മനം കവരുന്ന സൌന്ദര്യധോരണിയിൽ മുഴുകിയിരിക്കയായിരുന്നു അക്ബർ. ബംഗാൾ ഉൾക്കടലിൽനിന്നും ആഞ്ഞടിച്ച തണുത്ത കാറ്റ് യമുനയെ തഴുകി വന്ന് അക്ബറുടെ മുഖത്തടിച്ചപ്പോൾ ആനന്ദവിസ്മൃതിയിലാണ്ടുപോയി അദ്ദേഹം.

അപ്പോഴാണ് സലിം അങ്ങോട്ടു വന്നതു്. "അച്ഛാ" തലചൊറിഞ്ഞുകൊണ്ടു സലിം വിളിച്ചു. അക്ബർ തലയുയർത്തി നോക്കി. "എന്റെ ഒരാഗ്രഹം അച്ഛൻ സാധിച്ചുതരണം.' "'കേൾക്കട്ടെ" ഏതോ ആക്രമണത്തിനുള്ള അനുവാദമാണെന്നു വിചാരിച്ചു അക്ബർ പറഞ്ഞു. "അച്ഛാ! ഞാൻ മീർ-ഉൻ-

---

ലളിതമാണ്. ഗദ്യകവിതയുടെ രീതിയിലാണതിന്റെ പോക്ക്.

പൊറ്റെക്കാട്ട് ഒരു കവികൂടിയാണ്. "പ്രേമശില്പി" "സഞ്ചാരിയുടെ ഗീതങ്ങൾ" എന്നിവ അദ്ദേഹത്തിന്റെ കവിതാസമാഹാരങ്ങളാണ്.

പൊറ്റെക്കാട്ട് വിവാഹിതനാണ്. കോഴിക്കോട്ടുകാരിയായ ജയലക്ഷ്മിയെ വിവാഹം ചെയ്തതു് 1952-ലാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പിനു ഇദ്ദേഹം പാർലമെന്റിലേക്ക സ്ഥാനാർത്ഥിയായി നിൽക്കുകയുണ്ടായെങ്കിലും പരാജയപ്പെട്ടു.

42 വയസ്സുള്ള എസ്. കെ. പൊറ്റെക്കാട്ട് 42 പുസ്തകവും എഴുതിയിട്ടുണ്ട്. മലയാള കഥാസാഹിത്യത്തിൽ അത്യുന്നതമായ ഒരു സ്ഥാനം അദ്ദേഹത്തിനുണ്ട്.

നിസായെ സ്നേഹിക്കുന്നു. എനിക്കവളെ വിവാഹം കഴിച്ചു തരണം."

അക്ബർ ഞെട്ടിപ്പോയി. സലിം അതാവശ്യപ്പെടുമെന്ന് അക്ബർ സ്വപ്നത്തിൽപ്പോലും വിചാരിച്ചിരുന്നില്ല. മഹാനായ അക്ബർ പാദുഷായുടെ മകൻ ഒരു ആട്ടക്കാരിയിൽ ഭ്രമിക്കുകയോ? "സാദ്ധ്യമല്ല, സലിം, അതു സാദ്ധ്യമല്ല." "അച്ഛാ! അങ്ങനെ പറയാതെ അച്ഛാ. അവൾ നമ്മുടെ കൊട്ടാരത്തിനു ഒരു പ്രകാശമായിരിക്കും." "ഇല്ല സലിം, ഇല്ല. നീ അവളെ മറക്കണം" "അച്ഛാ, അവളെക്കൂടാതെ എനിക്കു ജീവിക്കുവാൻ സാദ്ധ്യമല്ല. മറക്കുവാൻ കഴിയാത്ത വണ്ണം അവളെന്റെ ജീവിതത്തോടു അടുത്തു പോയി." "ശരി, നിശ്ശ്", അക്കാര്യം മറക്കാതെ നീ ഈ കൊട്ടാരത്തിൽ പ്രവേശിച്ചുപോകരുത്"." സലിമിന്റെ ആശ അസ്തമിച്ചു പോയി. പിതാവിന്റെ വായിൽനിന്നും അലംഘനീയമായ ആ ആജ്ഞ സലിം പ്രതീക്ഷിച്ചിരുന്നില്ല. സലിം നിശ്ശബ്ദനായി അകന്നകന്നുപോയി.

അക്ബർ ഒന്നു തിരിഞ്ഞു കിടന്നു. തന്റെ മുഖത്തേക്കു മന്ത്രി മുഖ്യന്മാരും, പടനായകന്മാരും ഉററു നോക്കുന്നതു അദ്ദേഹം കണ്ടു. "പാവങ്ങൾ'! അദ്ദേഹം മന്ത്രിച്ചു. "അവർക്കെന്തറിയാം ജീവിതത്തെപ്പററി— അനന്തമായ ആഗ്രഹങ്ങളും അഭിലാഷങ്ങളും നിറഞ്ഞ ജീവിതം—അലയാഴിപ്പരപ്പുപോലെ നിമ്നോന്നതമായ ജീവിതം. ഇന്നുവരെ അവരെ തീററിപ്പോററിക്കൊണ്ടുവന്നതു താനായിരുന്നു. ഇവരിലധികവും ഹിന്ദുക്കൾ. എന്നിട്ടും ഇവരെന്നെ സ്നേഹിക്കുന്നു. നന്ദിയുള്ള മനുഷ്യർ."

"എന്നാൽ ഞാൻ ഓമനിച്ചു വളർത്തിയ എന്റെ മകനോ? അന്നത്തെ ആ ആജ്ഞയുടെ ഉഗ്രതയോർത്തെങ്കിലും അവൻ അവളെ മറക്കുമെന്നു വിചാരിച്ചു. പക്ഷേ അന്നവൻ പടിയിറങ്ങിയിട്ടു എത്രകാലം കഴിഞ്ഞു തിരിച്ചുവരാൻ. അന്നങ്ങനെ പറയണ്ടായിരുന്നു എന്നു് ഇപ്പോൾ തോന്നുകയാണു്."

"അവൻ കൊട്ടാരത്തിൽനിന്നു പോയിട്ടു ആ പെണ്ണിന്റെകൂടെ ആട്ടവും പാട്ടുംതന്നെ. ഒടുവിൽ ഞാൻ അവളെ പിടിച്ചു് എന്റെ ഒരു സിൽബന്ധിയായ ഷെറാഫ്ഗാൻ ഘാനെക്കൊണ്ടു വിവാഹം ചെയ്യിച്ചു. അതോടുകൂടി അവനു എന്നോടുള്ള വൈരാഗ്യം വർദ്ധിച്ചു. ഇന്നു അതെല്ലാം ഓർത്തു് എന്റെ ഹൃദയം വെന്തുരുകുകയാണു്. അടിച്ചവഴി അവൻ പോയില്ല. പോയവഴി അടിക്കേണ്ടതു് എന്റെ ചുമതലയായിരുന്നു. ഞാനതു ചെയ്തില്ല."

"അവിടെയും ഇവിടെയും വിപ്ലവങ്ങൾക്കവൻ നേതൃത്വം നല്കി. സാധുകുട്ടി അവൻ വിചാരിച്ചു കാണും അവന്റെ വാൾമുനയിലാണു് അക്ബറുടെ സിംഹാസനം ഇരിക്കുന്നതെന്നു്. എങ്കിലും കേവലം ഒരു പെണ്ണിനുവേണ്ടി അവൻ എന്റെ നേരെ വാളുയർത്തിയല്ലോ. കൂട്ടുകെട്ടായിരിക്കണം അവനെ വഴി തെററിച്ചതു്."

"പാവം അബുൽഫാസൽ:' അദ്ദേഹത്തെ ഓർത്തപ്പോൾ അക്ബറുടെ കണ്ണുകളിൽകൂടി ജലം ധാരധാരയായി ഒഴുകി. "അബുൽഫാസൽ എന്റെ വലത്തു കൈയായിരുന്നു. എന്റെ സർവ്വ അഭ്യുദയങ്ങൾക്കും കാരണക്കാരനായ ആ 'വലിയ മുൻഷി'യെ ആ അഹംഭാവി സലിം കൊന്നുകളഞ്ഞു. എരിതീയിൽ എണ്ണ പകന്ന അനുഭവമാണതെന്നിൽ ഉണ്ടാക്കിയതു്. എന്റെ ഹൃദയം നീറി നീറി ദഹിച്ചു. സലിമിനു സിംഹാസനം വേണ്ടിയിരുന്നുവെങ്കിൽ എന്തുകൊണ്ടു അവൻ അദ്ദേഹത്തെ വിട്ടിട്ടു എന്നെ കൊന്നില്ല."

"എത്രയൊക്കെ ആയാലും അവൻ എന്റെ മകനല്ലേ? അവനെ കാണാൻ എന്റെ കണ്ണുകൾ എത്ര ദാഹിച്ചു? സലിമാബീഗത്തിന്റെ പരിശ്രമംകൊണ്ടാണു അവൻ ഇവിടംവരെ ഒന്നു വരാൻ തന്നെ സമ്മതിച്ചതു്. സലിമ എത്ര സ്നേഹമുള്ള സ്ത്രീയാണു." അവളുടെ ഭർത്താവു ബെയിറാംഖാൻ എത്ര സ്നേഹത്തോടെയാണു എന്നെ വളർത്തിയതു്. അവസാനം നല്ല പ്രതിഫലം തന്നെ ഞാനദ്ദേഹത്തിനു കൊടുത്തു ! ചില അസൂയക്കാരുടെ വാക്കേട്ടു് ഞാനദ്ദേഹത്തെ ഈ നാട്ടിൽ നിന്നു് ഓടിച്ചു. വഴിക്കുവച്ചു ആരോ അദ്ദേഹത്തെ വധിക്കുകയും ചെയ്തു. അന്നു ഞാനതു ചെയ്യാതിരുന്നെങ്കിൽ.........."

ആരോ നടന്നു വരുന്ന ശബ്ദം. അക്ബർ

# വള്ളത്തോളിന്റെ ജീവിതവീക്ഷണം

ശ്രീ: എം. കെ. സാനുവിനു് ഒരു മറുപടി.

(പി. സി. കർത്താ)

വള്ളത്തോൾക്കവിതയിൽ കാര്യമായൊരു ജീവിത വീക്ഷണവും കാണുവാനില്ലെന്നു് ഇവിടത്തെ കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തിയ 'വള്ളത്തോൾ സിംപോസിയ'ത്തിൽ ശ്രീ: എം. കെ. സാനു പ്രസംഗിക്കുകയുണ്ടായി. പൂർവ്വിക വിശ്വാസങ്ങളേയും ആചാരങ്ങളേയും അന്ധമായി വിശ്വസിക്കുന്ന ജനങ്ങളെ ഉണർത്തി, യഥാർത്ഥമായ പാത ചൂണ്ടിക്കാണിച്ചു കൊടുക്കുന്നതു് ആദരണീയമാണെങ്കിലും അപ്രകാരം ചെയ്യുന്ന അവസരത്തിൽ യുക്തിയുടെ ഊന്നുവടി കൂടിയില്ലെങ്കിൽ കാര്യം കഷ്ടമാണു്.

ഒന്നാമതായി അദ്ദേഹം സ്വന്തം വാദത്തിനുപോൽബലകമായി പറയുന്നതു് വള്ളത്തോൾക്കവിതയിൽ യഥാർത്ഥ മഹദ്വാക്യങ്ങളോ തത്വചിന്തകളോ വിരളമാണെന്നാണു്.

---

ആശാപൂർവ്വം തിരിഞ്ഞുനോക്കി. അല്ല, സലിമല്ല.

"തന്റെ ജീവിതം ഇനി ഏതാനും നിമിഷത്തേക്കുകൂടിയേ കാണുകയുള്ളു. അതു കഴിഞ്ഞാൽ ഈ ദീപം പൊലിയും. അതിനുമുമ്പു് എന്റെ മകനെ ഒന്നു കാണാൻ സാധിച്ചെങ്കിൽ—പ്രേമത്തിന്റെ ശക്തി ഇത്ര വലുതാണോ. സ്വന്തം പിതാവിനെയുംകൂടി മറക്കത്തക്കവിധത്തിൽ ! കരളുകുളിർക്കാനൊരു പെണ്ണും. മതി വരുവോളം നുകരാൻ കുറെ മധുവും, കവിതകൊരുക്കാൻ കഴിവു നല്കുന്ന അന്തരീക്ഷവും ആയാൽ എല്ലാം ആകമായിരിക്കും—മാതാവും, പിതാവും, സ്വർഗ്ഗവും എല്ലാം. ചോരയും ചെങ്കോലുമായിക്കഴിയുന്ന തനിക്കിതു വല്ലതും അറിയാമോ ?"

"മീർ-ഉൻ-നീസാ വളരെ സുന്ദരിയാണു. അവൾ അടുത്തു നില്ക്കുമ്പോൾ അത്തറിന്റെ മാദകമായ പരിമളമുണ്ടു്. അവളുടെ കവിൾത്തടങ്ങൾക്കു ലില്ലിപുഷ്പങ്ങളുടെ ശോഭ കാണും. ആ രണ്ടു നീലക്കണ്ണുകൾ നിസ്സഹായതയുടെയും നിഷ്കളങ്കതയുടെയും ചിഹ്നമായിരിക്കും. മുന്തിരിച്ചാറുപോലെ മാധുര്യമുള്ളതായിരിക്കും അവളുടെ വാക്കുകൾ. ആനന്ദിപ്പിക്കുവാനും ആവേശം നല്കുവാനുമുള്ള കഴിവു അവളിൽ അന്തർലീനമായിട്ടുണ്ടു്. എന്നാലും അവൾ ഒരു തെരുവു വ്യാപാരിയുടെ മകളല്ലേ? അവനോ അതുല്യപ്രഭാവമുള്ള അക്ബർ പാദുഷായുടെ മകൻ, മുഗൾസാമ്രാജ്യത്തിന്റെ അടുത്ത അവകാശി."

"ഛെ, ഛെ, ഈ വക വിചാരങ്ങൾ എനിക്കു യോജിച്ചതാണോ? ഒരു പുതിയ മതം തന്നെ ആവിഷ്കരിച്ച ഞാൻ ഈ യാഥാസ്ഥിതിക ചിന്ത വെടിഞ്ഞിട്ടില്ലെന്നു പറഞ്ഞാൽ.......ഹാ ! ലജ്ജാവഹം. എന്തു ചെയ്യാം. ഞാനവളെ വിവാഹം കഴിപ്പിച്ചു പോയി. അല്ലെങ്കിൽ അവളെ സലീമിനു് സമ്മാനിക്കാമായിരുന്നു. എല്ലാം എനിക്കു തെറ്റിപ്പോയി. അവനു് അവളെ വേണമെങ്കിൽ എന്തിനു ഞാൻ ആ ആഗ്രഹത്തിനു തടസ്സം വരുത്തി?

"എന്നാലും അവൻ എന്റെ വികാരങ്ങളെക്കൂടി മാനിക്കേണ്ടതല്ലേ? അവനോടു വരാൻ പറഞ്ഞു് ഞാനെത്ര തവണ ആളയച്ചു? എന്നിട്ടും അവൻ കൂട്ടാക്കുന്നില്ല. കഷ്ടം !"

"സലീം, എന്റെ സലീം ! നീ എന്നോടു പൊറുക്കുമോ? പ്രേമത്തെ ചെങ്കോലുകൊണ്ടു ഭരിക്കാൻ ശ്രമിച്ച ഞാനാണു സലീം തെറ്റുകാരൻ. ഞാൻ മാത്രം. നീയൊന്നു വരുമോ? അച്ഛന്റെ അന്തിമ അഭിലാഷം നീ സാധിച്ചു തരില്ലേ? ഇല്ലേ സലീം. നീ വരില്ലേ സലീം."

ആ കണ്ണുകൾ എന്നെന്നേക്കുമായി അടഞ്ഞു. പക്ഷേ ആ ചുണ്ടുകൾ, അവ സലീമിനെ വീണ്ടും വിളിക്കുന്നതായിത്തോന്നി.

'മഗ്ദലന മറിയ'ത്തിലെ

"ഹന്ത സൌന്ദര്യമേ, നാരി തൻ മെയ്
ചേർന്നാ-
ലെന്തെന്തു സൌഭാഗ്യം സാധിയ്ക്കാ നീ?"

എന്ന ഈരടി ഉദ്ധരിച്ചുകൊണ്ടദ്ദേഹം പറയുന്നു, "ഇതാ, ഇതൊക്കെയാണ് ആ കവിതയിലെ തത്വങ്ങൾ" എന്ന്. ഇവിടെ കാണിച്ച ഉദാഹരണത്തിനെന്താണ് ദോഷമെന്ന് അദ്ദേഹം വെളിവാക്കുന്നില്ല. അയഥാർത്ഥമോ സാമാന്യ ജന ബോദ്ധ്യത്തിനു വിരുദ്ധമോ ആയി ഒന്നും ഇതിലടങ്ങിയിട്ടുണ്ടെന്നെനിക്കു തോന്നുന്നില്ല. ഇതൊന്നു കൂടാതെ ഇനിയുമെത്രയെത്ര തത്വരത്നങ്ങൾ വള്ളത്തോൾക്കവിതയിൽനിന്ന് ഉദ്ധരണയോഗ്യമായിട്ടുണ്ട്!

"ബന്ധുര കാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ."
(കിളിക്കൊഞ്ചൽ)

എന്ന ചിന്താശകലം ഹൃദിസ്ഥമാക്കാത്ത സഹൃദയർ വിരളമാണ്. മഹനീയമായ ഒരാദർശത്തെ കലാപരമായ വർണ്ണഭംഗികൊണ്ടു നിറം വരുത്തി, സൌന്ദര്യത്തിന്റെ പൊൻപൊടി പൂശി, സംഗീതാത്മകതയിൽ മുക്കിയെടുത്ത് പ്രദർശിപ്പിച്ചിരിയ്ക്കുകയാണിവിടെ. താഴെക്കാണുന്ന തത്വചിന്തകൾ പലതും വിശ്വസാഹിത്യത്തിന്റെ പ്രദർശന ശാലയിൽപ്പോലും തലയുയർത്തിപ്പിടിയ്ക്കുന്നവയാണെന്ന നിസ്സംശയം പറയാം. നോക്കുക:--

"ക്ഷമായുധം കൊണ്ടരിശത്തെ
വെൽകയാം
സ്വമാനരക്ഷയ്ക്കുറ്റ ജയം ജഗത്തിതിൽ."
(ജാതകം തിരുത്തി.)

"കാലമതിന്റെ കനത്ത കരം കൊണ്ടു
ലീലയാലൊന്നു പിടിച്ചു കുലുക്കിയാൽ
പാടേ പതറിക്കൊഴിഞ്ഞു പോം
ബ്രഹ്മാണ്ഡ-
പാദപപ്പൂക്കളാം താരങ്ങൾകൂടിയും"
(ഇന്ദ്രനും മാബലിയും)

"ലോകോപകാരം നിറവേററിടുന്ന
മഹത്വമാകുന്നു മഹത്വമല്ലോ."
(ചിത്രയോഗം)

"ത്യാഗമെന്നതേ നേട്ടം;
താഴ്മതാനഭ്യുന്നതി."
(എന്റെ ഗുരുനാഥൻ.)

ഒരു വള്ളത്തോളിനല്ലാതെ മററാർക്കും ആവിഷ്കരിക്കുവാൻ പററില്ലെന്നുള്ളതാണ് ഈ തത്വരത്നങ്ങളുടെ മേന്മ.

"അനൌചിത്യ"മാണ് ശ്രീ: സാനു, വള്ളത്തോൾക്കവിതയിൽക്കാണുന്ന മറെറാരു ദോഷം. പശ്ചാത്താപാർത്തയായി ക്ഷമായാചനാർത്ഥം ക്രിസ്തുവിന്റെ സന്നിധിയിലേയ്ക്കു പോകുന്ന മറിയത്തിന്റെ വർണ്ണനയിൽ "നീളെയുത്തുംഗമാം മാറത്തുലയുന്ന" എന്നു പറഞ്ഞിട്ടുള്ളതു് അനുചിതവും അനവസരയോജ്യവുമായിപ്പോയത്രേ. അദ്ദേഹം സംശയിയ്ക്കുന്നതുപോലെ, ലൈംഗികമായ കിക്കിളിയുണ്ടാക്കണമെന്നതിനേക്കാൾ മഹത്തായ മറെറാരു മനോഭാവമാണിതിൽ നിഴലിച്ചു കാണുന്നതു്. ജീവിതത്തിൽ എന്തോ ചില സാരമായ പരിവർത്തനങ്ങൾ വന്നണഞ്ഞ ആ സ്ത്രീ തന്റെ പാപ ഭാരങ്ങളെല്ലാം മറെറാരു വ്യക്തിയോടേററു പറയുവാൻ പോകുന്നതാണു സന്ദർഭം. എത്രയെത്ര വികാരവീചികളായിരിയ്ക്കും ആ അവസരത്തിൽ ആ ഹൃദയത്തിനുള്ളിൽ ഉയർന്നു കൊണ്ടിരുന്നതു്! അസ്വസ്ഥമായ ആ ഹൃദയത്തിന്റെ ഇടവിടാത്ത മിടിപ്പുകളായിട്ട് ആ വരിയെ വ്യാഖ്യാനിയ്ക്കുന്നതായിരിക്കുകയില്ലേ കൂടുതൽ ശരി? ഓരോ വാക്കും തൂക്കി നോക്കിയിട്ടേ വള്ളത്തോൾ പ്രയോഗിയ്ക്കുകയുള്ളുവെന്നു പറയേണ്ട ആവശ്യമില്ല. 'കിളിക്കൊഞ്ചലി'ൽ ഉദ്യാനദേവതയായ സീത, കൊട്ടാരത്തിലേക്കു നടന്നു വരുന്നതു വർണ്ണിച്ചിരിയ്ക്കുന്ന വരികൾ തികച്ചും ഔചിത്യവേദിയായ ഒരു കവിയെ കാണിച്ചു തരുന്നു.

"അയ്യപ്പു—ക്ഷമിച്ചാലുമെന്നവിവേകം;
ഹാ! ഹാ!
സൂര്യനെത്തൊടുവാൻകൈനീട്ടിപ്പോയ്
നിരഘിനി."
(രാധയുടെ കൃതാർത്ഥത)

എന്ന വരികളിൽ 'അയ്യപ്പു' എന്നു കഴിഞ്ഞിട്ടു നിറുത്തിയതും ഔചിത്യമല്ലെങ്കിൽ പിന്നെന്താണ്?

വള്ളത്തോളിന്റെ കവിതകളിൽ ആർഷ സംസ്കാരത്തിന്റെ അലയൊലികൾ മുഴങ്ങിക്കേൾക്കാമെന്ന 'പൊതുബോദ്ധ്യ'ത്തെപ്പററി ശ്രീ: സാനുവിനു വലിയ മതിപ്പില്ല. ഇവിടെയാണ് വള്ളത്തോളിന്റെ ജീവിത

വീക്ഷണത്തേയും ഭാരത സംസ്കാരത്തിന്റെ കേന്ദ്രതത്വസംഹിതയേയും കുറിച്ച് അദ്ദേഹത്തിന്റെ ചിന്താഗതി വെളിവാകുന്നതു്. ഒററ വാചകത്തിൽ അദ്ദേഹം വിശദീകരിക്കുന്നു. "ഭാരതീയ സംസ്കാരം ജീവിതത്തോടുള്ള അനാസക്തിയും വള്ളത്തോൾക്കവിത ജീവിതാസക്തിയും പ്രകടമാക്കുന്നു." ഒരു കാര്യം ചോദിച്ചുകൊള്ളട്ടെ. ഭാരതീയ പുരാണങ്ങളിൽ എത്രയെണ്ണമുണ്ട് ജീവിതവിരക്തി പ്രകാശിപ്പിക്കുന്നതായിട്ട്? 'പരമാത്മാവായ' ശ്രീകൃഷ്ണൻ തനിലൌകികനായിരുന്നില്ലേ? സർവ്വസംഗപരിത്യാഗികളായ മഹർഷിമാരുടെ മുനിവാടങ്ങളിൽ അവരെ ഒററയ്ക്കു കാണുവാൻ പററുമോ? അത്രിമഹർഷിയുടെ ആശ്രമത്തിൽ അനസൂയയുണ്ട്; വസിഷ്ഠന്റെകൂടെ അരുന്ധതിയുണ്ട്. മാതൃഹത്യ ചെയ്തശേഷം ജീവപര്യന്തം തപസ്സിനു നിശ്ചയിച്ചിറങ്ങിയ പരശുരാമന്റെ ഹൃദയത്തിൽ സാല്വരാജപുത്രിയായ അംബ ജനിപ്പിച്ച വികാര വിശേഷമെന്തായിരുന്നു?* ജീവിതാസക്തിയാണിവിടെയൊക്കെ പ്രകടമാകുന്നതു്. ശ്രീ. സാനു മറെറാരു വാദംകൊണ്ടു വരുന്നു. ഭഗവൽ ഗീതയിൽ ജീവിതാനാസക്തി മാത്രമാണു കാണുന്നതത്രേ. ഗാന്ധിജി ചെയ്ത ഗീതാഭാഷ്യത്തിന് 'അനാസക്തിയോഗം' എന്നല്ലേ നാമം എന്നുകൂടി അദ്ദേഹം ചോദിക്കുന്നു. ശരിതന്നെ. പക്ഷേ ഇവിടെ പററിയിരിക്കുന്ന കുഴപ്പം 'അനാസക്തി' എന്ന വാക്കിനെ ദുർവ്യാഖ്യാനം ചെയ്തതിൽ നിന്നുണ്ടായതാണ്. 'ഫലേച്ഛ കൂടാതെ കർമ്മം ചെയ്യണ'മെന്നാണല്ലോ ഗീതയിലെ മുഖ്യ തത്വം. അതായതു് കർമ്മം ചെയ്യുമ്പോൾ അതിന്റെ ഫലത്തിൽ ഇച്ഛ വയ്ക്കാതെ—നിഷ്കാമരായി—അനാസക്തരായി— ഇരിക്കണമെന്നാണ്. അല്ലാതെ ജീവിതത്തിൽ അനാസക്തരാകണമെന്നല്ല. വാസ്തവത്തിൽ ഗീത ഉപദേശിക്കുന്നതുതന്നെ കർമ്മം ചെയ്യണമെന്നാണ്; അല്ലാതെ കർമ്മബന്ധവിമുക്തരായി ജീവിതത്തിൽ നിന്നകന്നു നിൽക്കണമെന്നല്ല. ചുരുക്കത്തിൽ ഒന്നേ പറയുവാനുള്ളു. ഭാരതീയ സംസ്കാര ചരിത്രത്തിലെ ഒരൊററ അദ്ധ്യായമെങ്കിലും ജീവിതാനാസക്തി പ്രകടിപ്പിക്കുന്നില്ല; മറിച്ച് ജീവിതത്തിലേയ്ക്ക് ഇഴുകിച്ചേർന്ന് അതുമായി സാത്മ്യം പ്രാപിക്കുവാൻ മനുഷ്യരെ ഉൽബോധിപ്പിക്കുകയാണു ചെയ്യുന്നതു്.

ഇനി വള്ളത്തോളിന്റെ ജീവിത വീക്ഷണത്തിന്റെ യഥാർത്ഥ നിലപാട് എന്താണെന്നു നോക്കാം. ഒരു മനുഷ്യനെന്ന നിലയിൽ അദ്ദേഹം ജീവിതത്തെ സ്നേഹിക്കുന്നു. മുമ്പു പറഞ്ഞപോലെ ഇതു് ഭാരതീയ സംസ്കാരത്തിന് ഒരു തരത്തിലും വിരുദ്ധമല്ല. എങ്കിലും ഇവിടെയൊരു ചോദ്യം ഉയർന്നേക്കാം. 'ജീവിതത്തെ ഏതൊരാളും സ്നേഹിക്കും; പിന്നെ വള്ളത്തോളിനെന്താണു പ്രത്യേകത?' എന്ന്. പക്ഷേ, വള്ളത്തോൾ, ജീവിതത്തെ കുറേക്കൂടി വിശാലമായ ഒരു പരിധിയിലൂടെ കാണുന്നുവെന്നതാണദ്ദേഹത്തിനുള്ള മെച്ചം. മറെറാരു ഗുണം അദ്ദേഹം ഒരു ശുഭാപ്തി വിശ്വാസിയാണെന്നുള്ളതാണ്. ജീവിതം കരയുവാനാണെന്നുള്ള വിഷാദാത്മകചിന്താഗതി അദ്ദേഹത്തിനില്ല.

"ഇല്ല ഞാൻ മരണ, നിൻവഴിക്കു വ–
രില്ല...." (നരകണ്ടിട്ട്)

എന്നദ്ദേഹം പറയുന്നു. പ്രകൃതിയിലും മനുഷ്യനിലും സുന്ദരവും സുകുമാരവുമായിക്കാണുന്നതെന്തും അദ്ദേഹത്തെ ആകർഷിക്കുന്നു. എന്നാൽ ശ്രീ. സാനു പറയും പോലെതന്നെ, ഈ ശുഭ പ്രതീക്ഷ, ഓമർഖയ്യാമിന്റെ ജീവിത വീക്ഷണ നിലവാരത്തോളം പോകുന്നില്ല. കാരണമുണ്ട്. അതു് അപ്രായോഗികവും സങ്കല്പമാത്രവുമാണ്. നേരേമറിച്ച്, വള്ളത്തോൾ ജീവിതത്തിന്റെ പ്രായോഗിക വശങ്ങളിലാണു വെളിച്ചം വീശുന്നതു്. ഇത്തരമൊരു കവിക്ക് യാതൊരു ജീവിത വീക്ഷണവുമില്ലെന്നു പറഞ്ഞാൽ അതെത്രത്തോളം ശരിയാകും?

വള്ളത്തോളിന്റെ ദേശീയ ബോധം വർഗ്ഗീയത കൊണ്ട് കലുഷിതമാണെന്നാണ് ശ്രീ: സാനുവിന്റെ പരാതി. അതിനദ്ദേഹംകൊണ്ടുവരുന്ന ഉദാഹരണമാണ് രസാവഹം. ശ്രീ: കെ. പി. കറുപ്പന്റെ ഒരു കൃതിയെ വിമർശിക്കുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ വാസന മോശമാണ്", എന്നോ മറെറാ വള്ളത്തോൾ പറഞ്ഞിട്ടുണ്ടത്രേ. 'വാസന' എന്ന പദത്തിന് 'ഗന്ധ'മെന്നർത്ഥ

*ശ്രീ. കുട്ടികൃഷ്ണമാരാരുടെ 'ഭാരത പര്യടന'ത്തിൽ 'അംബ' എന്ന പ്രബന്ധം നോക്കുക.

മുണ്ടെന്നും ഈ വാചകം ഒരു അരയനായ ശ്രീ: കറുപ്പന്റെ ജാതിയെ അവഹേളിയ്ക്കുകയാണെന്നും ശ്രീ: സാനു പറയുന്നു. എത്ര ബാലിശമായ ഒരു വാദമാണിതു്! ഇനി ഇത്തരം പ്രയോഗങ്ങൾ ചെയ്യുവാൻ വളരെ സൂക്ഷിയ്ക്കേണ്ടിയിരിയ്ക്കുന്നു. "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്നു കൗതുകം." എന്ന കവിവചനമാണിവിടെ ഓർമ്മയിൽ വരുന്നതു്.

വള്ളത്തോൾക്കവിതയിലെ ആശയവൈരുദ്ധ്യമാണു് അടുത്തതായി ശ്രീ: സാനുവിന്റെ ശ്രദ്ധയിൽപ്പെടുന്നതു്. പൈശാചികമായ 'സതി' ഏർപ്പാടിനെ ഒരു കവിതയിൽ നിശിതമായി വിമർശിയ്ക്കുന്ന കവി മറ്റൊന്നിൽ അതിനെ അനുകൂലിയ്ക്കുന്നവത്രേ. ഇത്തരം വൈരുദ്ധ്യങ്ങൾ വള്ളത്തോളിനു മാത്രമല്ല എല്ലാ മഹാന്മാർക്കും കവികൾക്കും, എന്നുവേണ്ട എല്ലാ മനുഷ്യർക്കും ഉള്ളതാണു്.

"നാരികൾ—നാരികൾ—വിശ്വവിപത്തിന്റെ
നാരായവേരുകൾ—നാരകീയാഗ്നികൾ"
(ചങ്ങമ്പുഴ—വേതാളകേളി)

എന്നെഴുതിയ കവി, തന്നെയാണു്,

"വെള്ളത്താമര പോൽ വിശുദ്ധിവഴിയും
സ്ത്രീ ചിത്തമേ, ജീവിതം
പൊള്ളുമ്പോളമൃതം തളിച്ചു തടവും
സൽസാന്ത്വനസ്വപ്നമേ!

മുള്ളേറ്റു മുറിഞ്ഞു രക്തമൊഴുകു-
മ്പോഴും പുമാനന്ദദ-
ത്തുള്ളിച്ചുണ്ടു ചിരിച്ചിടും സഹനതാ-
സങ്കേതമേ! വെൽക നീ"

(ദേവയാനി)

എന്നെഴുതിയിരിയ്ക്കുന്നതും. അതു കൊണ്ടു് ചങ്ങമ്പുഴയെ ആരും കുറ്റം പറയുകയില്ല. ഉദാഹരണങ്ങൾ ഇനിയും കൊണ്ടുവരാം. പക്ഷേ, ഇത്തരം ആശയവൈരുദ്ധ്യങ്ങൾ സന്ദർഭോചിതമായിരിക്കണമെന്നുകൂടി ഓർക്കണം. കൂടാതെ, എല്ലാ കാലത്തും ഒരൊറ്റ ആദർശമേ ഒരുവനുണ്ടായിരിയ്ക്കാവൂ എന്നു പറയുന്നതബദ്ധമാണു്. ബുദ്ധിയും ചിന്താഗതിയും അനുസരിച്ചു് അഭിപ്രായങ്ങൾ മാറിവന്നേക്കാം. പക്ഷേ, അതുകൊണ്ടു് 'സതി'യുടെ വിഷയത്തിൽ വള്ളത്തോളിനുണ്ടായിരുന്ന ദുരഭിപ്രായം പിൽക്കാലത്തു് മാറിയെന്നർത്ഥമാക്കേണ്ടതില്ല. ഒരു പൊതുനിയമം പറഞ്ഞുവെന്നേയുള്ളു,



# STUDY and SERVE

*On you depends the building of a new India. You are the future citizen.*

- Your studies come first—Trained personnel are essential to the success of any Plan.
- Take active part in Planning Forums, Auxiliary Cadet Corps or the National Cadet Corps.
- Co-operate with your teachers.
- In your vacations make gardening or livestock-keeping a hobby.
- Join youth camps and promote social welfare.
- Remember, dignity of labour is dignity of man.

## HELP THE PLAN
## HELP YOURSELF



# ★ वह चली गयी ★

K. P. GEEVARGHESE, CLASS IV MATHS

पाणंली एक हरा-भरा छोटा सा गांव है। इस गांव के चारों ओर पहाड़ी वन है। पेरियार की धाराएं इसे सिंचाती बहती हैं। भादों महीने यह नदी उमड़ कर बहने के कारण पास वाली भूमी बहुत उपजाऊ बन गयी है। पर जेठ मासमें इसके पानी खींच कर किसान लोग अपनी अपनी उपज सिंचाते हैं। चावल एवं ईख की खेती यहां अधिकता से होती है।

मैं पहली बार पाणंली आया था। ईख कारने का समय था। रात का अन्तिम पहर कहीं से मुर्गा ने 'को क्को-को' कर प्रात काल की घोषणा की। किसान झटपट जाग पड़े और उन्होंने नौकर-नौकरानियों को पुकार कर इकट्ठा किया। क्षण भर में सारा-गांव नगर सा बन गया। इन कोलाहलों ने मेरे सुख निद्रा को दूर कर दिया।

सबेरा हो गया। लोग तरह-तरह के कामों में चले गये। मैं ने सुना था कि पड़ोसी जोस के ईखों को चखने में विशेष मज़ा होनेवाली है। अतएव मैं ने बड़े भाई के सामने अपना मनोरथ प्रकट किया। लेकिन उसने डांट कर कहा — "रे तुम क्या रट रहे हो? अब यहां कई काम होते इनको छोड़ कहां जाते। तुमको कोई काम न होते तो नौकर के पास जाकर देखो।"

मैं ने उसकी बात न मान कर छोटे भाई के पास जाकर अपनी शिकायत पेश की। उसके कुछ न कहने के पहले पिताजी आ गये। उन्होंने मेरी सब अभिलाषाओं को पूरा किया। छोटे भाई को बुला कर अनुमति दी "तुम इसके साथ पड़ोस जाओ; पर जल्दी आना"

धीरे धीरे हम पड़ोस पहुंचे। जोस आराम कुर्सी पर बैठे अखबार पढ रहे थे। लोग अपने अपने कामों में रहते थे। स्त्रियों अपने कामों के साथ गा रही थीं। कुछ ईख की लकडियों को शुद्ध करते तो और कुछ इन्हें रस लेनेवाले यंत्र के पास ले जाते। एक बैल की सहायता से ईख-रस लेता था। बड़े बड़े बर्तनों में रस पकवा कर गुड़ बनाते थे। बस, सब कहीं गा कर काम करते, हल चल मचाते। भाई सब कामों का सविस्तार वर्णन कर देता था। चलते-चलते स्त्रियों के पास पहुंचा गये। अचानक गाना बन्द हो गया। वे उठ खड़ी हो गयी। भाई ने मेरा परिचय दिया। एक लड़की ने ईख के दो तीन लकड़ी लेकर अन्दर चली गयी। भाई से उसने कहा - "तुम आओ" भाई ने उत्तर दिया - "तुम जा सकती हम आते"

धीरे धीरे हम एक कमरे में पहुंच गये। वहां उस लड़की ने हम को देने ईख का रस ले रही थी। जोस ने भाई से कुछ बात कही परंतु वह असंतुष्ट थी। इसलिए भाई उसके पास बाहर चला गया। उसने एक ग्लास में रस भर कर मुझे दिया। मैं मज़े से पीने लगा। बीच बीच में बात-चीत हो रही थी। मैं ने पूछा - "आप का शुभ नाम"

"सूसी" सुरीली आवाज़ में उत्तर मिला,
"पढ़ती है य न?"
"हाँ"
"किस दर्जे में"
"दस्वाँ दर्जे में—क्या आप पढ़ते?"

इतने में भाई आ गया। उसने उसको भी रस पिलाया। हम घर लौट गये। रास्ते में उसने कहा- "वह जोस की इकलौती बेटी है"

★ ★ ★ ★

वसन्तकाल आ गया। रंग-बिरंगे जंगली फूलों से पाणेली अलकृत थी। पेरियार का जल भी कम था। नदी के उस पार रेतीला मैदान बन गया। मैदान के एक ओर एक ऊँचा पेड है। उसमें एक पुष्प-लता चढ़ छत-सी बन गयी है। उस के नीचे एक बडी चट्टान थी। वहाँ बैठ कर देखें तो बहुत दूर तक सुन्दरता लूट सकते। दोनों पार रंग-बिरंग के-लाल और सफेद, नीला और पीला रंग के छोटे-बडे फूल होते है।

हमारा घर नदी से कोइ २०० कदम की दूरी पर है। अतएव शाम को भाई के साथ नाव खेलने और उस पार नहाने जाता था। मैं उस पर पहूँचते ही नाव से उतर कर चट्टान पर बैठ फूलों की सुन्दरता देख रहा था। समय बीतने पर चरवाह गाय-बैलों को चरा कर घोष ले जा रहे थे। आखीर भाई ने उँगली बढा कर कहा- "जल में देखो, अरुणिमा छा गयी है, सन्ध्या होने वाली है, अतएव चट्टान से उतर कर नहा घर चलों।
"अभी नहीं, फिर नहाऊँगा"
"तब मैं नहाऊँ"
"हाँ, किन्तु उस पार जाने कुछ ठहरना"
"क्या बात है?"
"अगर तुम नाव ले जाते तो मैं किसप्रकार आ सकता"
"कुछ बात नहीं?, मैं तैर कर उधर जाऊँगा, नाव यहाँ पडी रहें नदी में पानी कम होता" कह कर भाई पानी में कुद गया। जल्दी वह नदी को तैर कर उस पार पहूँचा।

नभोमण्डल में अरुण वर्ण बढ गयी। पक्षी चह चहाते घोसले उड रहे थे। कोयल गा रही थी। खुशबु हवा मर्मर शब्द बना कर धीमी चल रही थी। मैं अकेला चिंतामग्न बैठ गया था। अचानक पानी में ईंट मारने की आवज मैं ने तडप कर देखा तो तरंगों के अलावा कुछ न दिखाइ पडा। मैं फिर कर प्रकृति की तमाशा देख रहा था। क्षण भर में किसीने मेरा नाम लेकर पुकारा। मैं ने आवाज़ दी-
"कौन पुकार रहा है?"
"मैं-सूसी"
"तुम्हें चाहिए क्या?"
"उधर आना चाहती"
"क्यों"
"नहाने"
"वहीं क्यों नहा सकती,,
वस्त्र धोने केलिए अच्छा शिला खण्ड नहीं है" वास्तव में वहाँ पत्थर था और गाँव के सब के सब वहाँ कपडे धोते थे।

मैं तुरत नाव को संभाल कर उस पार पहुंचा। वह नाव पर चढ़ गयी, तरणि तरंगों मारते आगे बढी। क्षण भर में हम चट्टान के पास पहुंच गये।

वह वस्त्र धोने लगी। मैं पाषाण पर बैठ कर पेड की डालियों में बैठने वाली दो चिड़ियाँ देख रहा था। अपना काम पूरा करके वह मेरे पास आकर बैठ गयी। वह कुछ न बोली। मैं ने पूछा - "नहाँ चुकी?" उसने मुस्कुरी कर पूछा - "क्या देख रहे हैं?"

"मैं उस खोते में रहने वाले पक्षी और चिडियाँ को देख रहा हूँ। देखिए ये कितने सुन्दर है !'
"हाँ उनका कल रव कितना मीठा होता"
"क्या उसी तरह गा सकती"
फिर उसी मुस्कुराहट।
"तो अब गांओ"

उसने एक गाना गाया।

रात हो गयी। अन्धकार को दूर करती चन्द्रिका छा गयी। जोस घर लौटा तो पुत्री को न देखने कारण माता को डांडने लगा।

"तेरी बेटी कहाँ गयी है?"
"नहाने,,
"नहाने में इतना समय क्यों,,
"कुछ कपडे धोने साथ-ले गयी थी,,
"वस्त्र धोने का यह समय! रात होती न देखती,,

माता ने आकर पुकारा। हम पाषाण से उतर कर उस पार पहुंच गये। उसने जाने की अनुमति मांगी। मैं ने कहा - "कल भी आना,,

वह मुस्कुराती हुई घर चली गयी।

*　　　*　　　*

इसप्रकार छ महीना बीत गये। हम शाम को उस छत के नीचे, उस पाषाण पर आ मिलते थे। पिछले दिन की तरह मैं घर से निकला। पर बिल्ली ने रास्ता काटा। हम चट्टान पर बैठ पेड के डालियों पर कूदने वाले बन्दरों की तमाशा देख रहे थे। इन्होंने नदी से पानी पिया। आखीर एक बन्दर और बन्दरनी रह गयी। हमारे देखते बन्दरनी पेड की डालियों कूदने में चट्टान पर गिर पड़ी। वह न हिली, न डुली, न चीखी न चिल्लायी बस एक दम मर गयी। निसहाय बन्दर ने आवाज़ की। पर क्या फल ? हम उठ कर उस पेड के पास गये तो हमने देखा छाया देनेवाली वह लता मुर्झा गयी है। किसी न किसी निष्ठूर ने उस के मूल को उखाड़ कर डाला था। मैंने कहा — "कितनी अच्छी लता थी, पर किसीने उसे काट डाला है।"

किन्तु उसकी चिंता मरी बन्दरनी के प्रति थी। अतएव उसने बात काट कर कहा - "मृत्यु कितनी जल्दी होती।"
"मानव की अवस्था भी इस से भिन्न नहीं"
"तो हमारी क्या दशा है"
"क्यों, तुम अल्पायु में मरने जाती है?"
उसने मुसकुराया पर उत्तर न दिया।

धूप पानी में चमक उठी। पर हमारे देखते देखते बादलों ने सूरज को घेर डला।

उसका प्रकाश फीका पड़ गया । सूरज के डूबते - डूबते नभोमंडल में काली घटायें छा गयी। थोडी - ही पानी बरसने लगा । हम भीग गये। इसलिए घर लौट नेका निश्चय किया । दौडते समये उसने पीछे मुड़ कर कहा - " मेरे कारण आप भीग गये , मैं चली जाती । आप को भी घर जाना उचित है । पर मैं ने उस ओर कान न लगाया ।

घर पहुचते ही रात हो गयी । अतएव एक दीपक जला कर अखबार पढने लगा। जल्दी ही अनजाने कुछ भय मुझे सता रहा था । मैं आराम कुर्सी से उट कर अंकण गया तो देखा सब ओर अन्धकार फैल गया है । उस अन्धकार में सिर्फ दो तारायें चमक रही थीं । पर काली घाडाओं । ने उनमें एक को कैदी बनाया, दीपक टिम टिमाकर जल रहा था। समय समय पर हवा के झोंकों ने आकर उसे लूटना चाहा । अतएव अधिक समय तक मैं उसे सुरक्षित न रख सका । उन जाने जोर से झोंक। आयी - दीपक बुझ गया ।

मैं पलंग पर लेट गया , । पर उल्लू की आवाज़ उस अन्धकार पूर्ण रात्री को और भी भयानक बना रही थी । कठिनाई से अंतिम पहर सो गया तो एक स्वप्न देखा -

"शाम को पहाडी निकुंज में इधर - उधर घूम रहा था । रजनी के साथ साथ भयंकर तूफान आया । कालिमा बढ गयी। मैं ने दिलसलायी की सहायता से मोबत्ती जलायी । रोशनी फैल गयी । उसकी सहायता से धीरे धीरे चलने लगा । पर हवा के झोंके उस दीप शिखा को हिडोलने-डुडोलने लगी । हाथों से उसे छिपा छिपा कर आगे बढ़ रहा था । चालीस कदम तक न रख चुकाथा । कफन चोर फिर आया ........ दीपक बुझ गया ........

" वह बुखार से बेसुध पडी है । एकायक बुखार ज्वर बन गया। इसी अवस्था में अस्पष्ट रूप से वह बक रही थी। पर मैं कुछ सुन ने सका। अचानक बुखार उतर गया ........ लोग इकट्ठे गये .... भजन संहिता (Psalms) पढने की आवाज़ ऊची उठी ........

* * *

सवरा हुआ । भाई दौड कर मेरे पलंग के पास आगया । आंखें भीगी पडी थी। भरभराये स्वर में उसने कहा — " वह चली गयी "

# ★ अपराधी कौन ? ★

(कहानी)

K. Sukumaran Class IV. Physics

नौकरी की तलाश में भूमी आस्मान एक कर दिया। अंत में एक काम मिल गया। यहाँ कहीं नहीं बंबई में। बंबई में इसके पहले मैं कभी नहीं गया हूँ। इसलिए वहाँ की भीड परिस्तिती आदि सोचकर मन व्याकुल था।

गाडी बंबई स्टेशन में पहुंच गयी। कई तकलिफों का सामना कर के स्टेशन के बाहर आगया। पर मैं नहीं जानता कि मेरा दफतर किधर है। आदमियों का जमघट था। मुझे ऐसा मालूम पडा मानो वहाँ एक शिवरात्री उत्सव हो रहा है। उस भीड में बुढे है, नौजवान हैं। और नये फाषन पर अलंकार किये कई ललनाएं भी हैं। इन के बीच में मैं हका बका रह गया। पर अंत में किसी से रास्ता पूछने का ठानलिया और देखा कि पास से हो कर एक युवती जा रही है। हिम्मत बाँध कर मैंने अपने दफतर का पता उस से लगाया। वह रुक गयी, एत क्षण केलिए हमारी आँखें मिल गयीं, एक हल्का सा मुस्कान उस के अधरों में छा गयी और उसने अपने मधुर वाणी में बता दिया कि वह उसी दफतर में काम करती है और सत्थ आयें तो दिखा देगी। यह सुन कर मेरी खुशी का ठिकाना न रह गया और जल्दी ही मैं ने उस के साथ हो लिया। रास्ते में हम, दोनों ने खूब बातचित की। उस की बातचित करने की रीती निशला, चलने का ढंग अजीब और शकल सूरत खुब सूरत। मैं अनजाने ही उस की ओर खिच गया। मैं ने उस का नाम पूछा। उसने कुछ संकोच के साथ कहा कि प्रमीला है। बातचित करते करते दफतर पहुँच गये।

कई स्त्री और पुरुष वहाँ काम करते थे। कुछ ही दिनों में सब से मेरा परिचय हो गया। दिन गुज़रते जारहे थे और हमारी ममता बढती जा रही थी। प्रमीला की अनुपस्थिती में मुझे सारा दफतर सूखा पड जाता। रोज़ उस से बातचित किये बिना मुझे कोई चैन नहीं मिलती।

चार पाँच महीने गुज़र गये। होली आगयी। एक दिन प्रमीला की एक सखी ने मुझ से कहा कि हे बाबूजी होली निकर आ रही है ना ?

मैं:- आएगी और जायेगी। इसलिए मुझे क्या? क्या आप मुझे आमन्त्रण करना चाहते है।

वह :— तुम्हें उसे कुछ उपहार ज़रूर देना है।

मैं :— किसे ?

वह :— आप की प्रेमीका प्रमीला को।

मैं :— क्यों ?

वह :— इधर होली दिन में प्रेमी लोग अपनी प्रेमिका को उपहार दिया करते हैं। इसलिए ही मैं ने आप से कहा। मैं ने हँस कर शवाल पलट दिया

शाम को कमरे जाने के बाद मै इस चिन्ता में डूबता रहा कि क्या उसे उपहार देना है या नहीं। मैं ने कभी उस से अपनी मुहबत का जिक नहीं किया है। कौन जाने वह मुझ से मुहबत करती है या नहीं। अगर मैं उसे उपहार दूं और वह लेने से इनकार करेगी तो मेरी हाल कैसी होगी ? बहुत देर सिर खपाने के बाद मैं ने यह निश्चय करलिया कि न देना ही अच्छा है।

होली के बाद दफतर में हमारी भेंट हुई। उस का मधुर मुस्कान कौन जाने किधर गया है ? उस के चेहरे पर उदासी छा गयी थी। मैं ने निश्चय कर लिया कि वह मुझ से बिगडी है। पर मैं ने पहले की तरह बातचित की और जल्दी ही उस का गुस्सा चूर चूर हो गया।

घर में मेरी शादी की बात हो रही थी। कई युवतियों के फोटो मुझे भेज देते थे। पर मैं ने इन का इनकार कर दिया। प्रमीला से बढ कर खुबसूरत उन में कोई नहीं दिखाई पडी। एक दिन मुझे तार आया कि " बाप बीमार है, जल्दी आना "।

घर आने पर मालूम हुआ कि मेरी शादी ठीक करने केलिए ही बुलाया था। मैं असमंजस में पड गया। मेरे जोर देने से शादी ठीक करने का दिन दो हफते केलिये टाल दिये। जल्दी ही मैं ने प्रमीला को सारी परस्थिती का जिक किये एक खत लिखा। उस में यह भी लिखा था कि अगर वह मुझ से मुहबत करती है तो जल्दी ही मुझे उस का इत्तलादेना ताकि मैं अपनी शादी को छोड दूं। चार पाँच दिन के बाद उस का जवाब मिला। वह बिलकुल अजीब था। उस में लिखा था कि उस की शादी भी जल्दी होनेवाली है। यह पढकर जो क्रोध और दुख हुआ वे वर्णन के परे हैं। अंत में माँ बाप की इच्छा के अनुसार शादी करने का निश्चय किया। शादी में भाग लेने का एक आमंत्रण पत्र मैं ने प्रमीला को भी भेज दिया। शादी के बाद उस का एक पत्र मिला। वह पढते पढते मुझे ऐसा मालूम पडा मानो मिट्टी मेरे पैरों के नीचे से खिसक जा रही हैं। उस में लिखा था कि " मैं यों ही लिखी थी कि मेरी शादी भी ठीक कर दीया है। मैं ने कभी नहीं सोचा था कि आप की शादी इतनी जल्दी होगी। मैं इसलिए दुखी हूँ कि मेरी मुहबत देखने का सामर्थ्य तुम मूर्ख में नहीं थः "।

मैं अपनी करनी पर दुखी हुआ और साथ साथ उस की ओर मुझे गुस्सा भी आ गया। बहुत देर सोच विचार करने पर भी यह निश्चय कर नहीं सका कि हम में अपराधी कौन है ?

**Statement about ownership and other particulars about the Union Christian College Magazine**

(To be published in every issue)

**FORM IV**

(See rule 8)

| | | |
|---|---|---|
| 1. | Place of Publication | —Alwaye |
| 2. | Periodicity of its Publication | —Yearly |
| 3. | Printer's Name | —C. John Mathai |
| | Nationality | —Indian |
| | Address | —Manager, C. M. S. Press, Kottayam |
| 4. | Publisher's Name | —C. T. Benjamin, M. A. |
| | Nationality | —Indian |
| | Address | —Lecturer, Union Christian College, Alwaye |
| 5. | Editor's Name | —K. Jacob, M. A. |
| | Nationality | —Indian |
| | Address | —Professor, Union Christian College, Alwaye |
| 6. | Name and Address of individuals who own the magazine and partners or shareholders holding more than one per cent of the total Capital | T. B. Thomas, T. C. Joseph, K. C. Joseph Union Christian College, Alwaye |

I, C. T. Benjamin, M. A., hereby declare that the particulars given above are true to the best of my knowledge and belief.

*1st March, 1959.* R. N. 3230/57 *(Sd.)* C. T. BENJAMIN.

Printed at the C. M. S. Press, Kottayam—Edited by K. Jacob, M. A., and Published by C. T. Benjamin, M. A.